# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഓഗസ്റ്റ് 5 | ദീപം 54 | നാളം 18 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


## പെഗാസസ് വിവാദം

# പൗരന്റെ സ്വകാര്യതയിൽ ഭരണകൂടം നുഴഞ്ഞുകയറുമ്പോൾ




പ്രഫ. റോണി കെ. ബേബി




സൈനിക സുരക്ഷാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ചാര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുകൊണ്ട് രാജ്യത്തെ സുപ്രധാന വ്യക്തികളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ഏജൻസികൾ ചോർത്തിയെന്ന വെളിപ്പെടുത്തലുകൾ അക്ഷരാർത്ഥത്തിൽ ദേശീയരാഷ്ട്രീയത്തെ പിടിച്ചുകുലുക്കിയിരിക്കുകയാണ്. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികളുടെ നേതാക്കൾ, സ്മൃതി ഇറാനി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാർ, രാജ്യത്തെ മുതിർന്ന പത്രപ്രവർത്തകർ, തിരഞ്ഞെടുപ്പുകമ്മീഷനംഗം, സുപ്രീംകോടതി ജഡ്ജി തുടങ്ങിയ സുപ്രധാന വ്യക്തികൾ ഫോൺ ചോർത്തലിന് ഇരകളായിട്ടുണ്ട് എന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. സമാനമായ ഫോൺചോർത്തൽ ആരോപണങ്ങൾ ഉയർന്ന ഫ്രാൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങൾ അന്വേഷണം പ്രഖ്യാപിച്ചെങ്കിലും ഇന്ത്യയിൽ

**ചാരവൃത്തിറിപ്പോർട്ടുകൾകേന്ദ്രസർക്കാരും ബിജെപിയും ശക്തമായി നിഷേധിച്ചെങ്കിലും അതിനുപയോഗിച്ച ഇസ്രായേൽ കമ്പനിയുടെ 'പെഗാസസ്' സ്പൈവെയർ ഉപയോഗിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് ഇതുവരെ വ്യക്തമായ ഉത്തരം നല്കാൻ ബന്ധപ്പെട്ടവർക്കു കഴിയാത്തത് വിമർശനങ്ങളുടെ മൂർച്ചയും വിവാദത്തിന്റെ വ്യാപ്തിയും കൂട്ടുന്നുണ്ട്.**

കേന്ദ്രസർക്കാർ ഇപ്പോഴും അനങ്ങാപ്പാറനയം തുടരുകയാണ്. വിഷയത്തിൽ നീതിന്യായപീഠത്തിന്റെ ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ട് മുതിർന്ന മാധ്യമപ്രവർത്തകൻ എൻ. റാം സുപ്രീംകോടതിയെ സമീപിച്ചതോടെ നിയമയുദ്ധത്തിനും കളമൊരുങ്ങുകയാണ്. കളങ്കിതമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ ജനാധിപത്യത്തിനു കൂടുതൽ അപമാനമായിക്കൊണ്ട് പെഗാസസ് വിവാദം വളരുകയാണ്.

രണ്ടു കേന്ദ്രമന്ത്രിമാർ, മൂന്നു പ്രതിപക്ഷനേതാക്കൾ, സർക്കാർ ഉദ്യോഗസ്ഥർ, 40 മാധ്യമപ്രവർത്തകരുൾപ്പെടെ ഇന്ത്യയിലെ 300 പ്രധാന വ്യക്തികൾ ഇസ്രയേലി ചാരസോഫ്റ്റ്‌വെയറായ പെഗാസസിന്റെ നിരീക്ഷണത്തിലാണെന്ന വാർത്ത പുറത്തുവന്നപ്പോൾ വലിയ ആശ്ചര്യവും അമ്പരപ്പുമാണ് രാജ്യമെമ്പാടുമുണ്ടായത്. ഇന്ത്യയിൽ പ്രതിരോധം, ആഭ്യന്തരമന്ത്രാലയം, തിരഞ്ഞെടുപ്പുകമ്മീഷൻ, കശ്മീർ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന, ദി വയർ, ഹിന്ദുസ്ഥാൻ ടൈംസ്, ദി ഹിന്ദു, ഇന്ത്യ ടുഡേ, ഇന്ത്യൻ എക്സ്പ്രസ്, നെറ്റ്‌വർക്ക് 18 എന്നീ സ്ഥാപനങ്ങളിലെ മാധ്യമപ്രവർത്തകരുടെ ഫോൺ വിവരങ്ങളാണ് ചോർത്തിയിരിക്കുന്നതെന്നാണ് ആദ്യം പുറത്തുവന്ന റിപ്പോർട്ടിൽ പറഞ്ഞത്. ദ് വയർ സ്ഥാപക എഡിറ്റർമാരായ സിദ്ധാർത്ഥ് വരദരാജൻ, എം. കെ. വേണു, മറ്റു മുഖ്യധാര മാധ്യമപ്രവർത്തകരായ ശിശിർ ഗുപ്ത, പ്രശാന്ത് ഝാ, രാഹുൽ സിങ്, സന്ദീപ് ഉണ്ണിത്താൻ, മനോജ് ഗുപ്ത, ജെ. ഗോപീകൃഷ്ണൻ, രോഹിണി സിങ്, വിജയ് സിങ് തുടങ്ങിയവരുടെ പേരുകളാണ് റിപ്പോർട്ടിലുള്ളത്.

എന്നാൽ, ഇസ്രയേൽ കമ്പനിയുടെ ചാരപ്പണി അന്വേഷിക്കുന്നതിൽ അന്തർദേശീയ മാധ്യമങ്ങൾക്കൊപ്പം ഇന്ത്യയിൽനിന്നു പങ്കാളിയായ വാർത്താ പോർട്ടൽ 'ദ് വയർ' രണ്ടാം ഘട്ടം നടത്തിയ വെളിപ്പെടുത്തലിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, തിരഞ്ഞെടുപ്പ് തന്ത്രജ്ഞൻ പ്രശാന്ത് കിഷോർ, മുൻ കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷണർ അശോക് ലവാസ, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ അനന്തരവനും തൃണമൂൽ നേതാവുമായ അഭിഷേക് ബാനർജി, നിലവിൽ മോദിമന്ത്രിസഭയിൽ മന്ത്രിമാരായ അശ്വനി വൈഷ്ണവ്, പ്രഹ്ളാദ് പട്ടേൽ എന്നിവരുടെ പേരുകളും ഉൾപ്പെട്ടതായി വാർത്തകൾ പുറത്തുവന്നതോടെ ആശ്ചര്യവും അമ്പരപ്പും കടുത്ത പ്രതിഷേധങ്ങളിലേക്കു തിരിഞ്ഞു. കേന്ദ്രസർക്കാരിന്റെ എതിർപക്ഷത്തു നിൽക്കുന്നവരെക്കൂടാതെ സർക്കാരിന്റെ ഭാഗമായി നിൽക്കുന്നവരുൾപ്പെടെയുള്ളവരുടെ ഫോണുകളിൽ ചാരവൃത്തി നടത്താൻ ഇന്ത്യയിലെ സർക്കാർ ഏജൻസി ഇസ്രയേൽ കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവെന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ് രണ്ടാം ഘട്ടമായി 'ദ് വയർ' പുറത്തുവിട്ടിരിക്കുന്നത്. പ്രതിപക്ഷത്തും ഭരണപക്ഷത്തും ഉദ്യോഗസ്ഥതലത്തിലും വ്യക്തിതലത്തിലും സർക്കാരിനു ചില പ്രത്യേക താത്പര്യങ്ങളുള്ളവരാണ് ചോർത്തപ്പെട്ടവരുടെ പട്ടികയിലുള്ളത്. മോദിസർക്കാരിന്റെ മാത്രമല്ല, ഇന്ത്യയുടെ ജനാധിപത്യത്തിന്റെ വിശ്വാസ്യതയെക്കൂടി ബാധിക്കുന്ന രീതിയിൽ വിവാദം വളരുകയാണ്.

ഇന്ത്യയിൽനിന്ന് ദ് വയർ, വിദേശമാധ്യമങ്ങളായ വാഷിങ്ടൺ പോസ്റ്റ്, ദ് ഗാർഡിയൻ എന്നിവയടക്കം 16 മാധ്യമങ്ങളുടെ കൂട്ടായ്മയാണ് പെഗാസസ് സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള ഫോൺ ചോർത്തലിന്റെ വിവരങ്ങൾ പുറത്തുവിട്ടത്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെ നിരവധി പ്രമുഖരുടെ ഫോൺവിവരങ്ങളാണ് ചോർന്നിരിക്കുന്നത്. 2019 ലെ തിരഞ്ഞെടുപ്പുസമയത്താണ് ഫോൺ ചോർത്തിയതെന്നാണു കണ്ടെത്തിയിരിക്കുന്നത്. രാഹുൽ ഗാന്ധിക്കു പുറമേ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അഞ്ചു സുഹൃത്തുക്കളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

"രാജ്യത്ത് നിയമം അനുസരിക്കുന്ന ഒരു പൗരൻ, അത് ആരായാലും അവരുടെ ഫോൺ ചോർത്തുക എന്നു പറയുന്നത് നിയമവിരുദ്ധമാണ്. റിപ്പോർട്ടുകൾ സത്യമാണെങ്കിൽ ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും രാജ്യത്തിന്റെ ജനാധിപത്യ അടിത്തറയ്ക്കെതിരായ ആക്രമണവുമാണിത്. വിഷയത്തിൽ സമഗ്രമായ അന്വേഷണം വേണം. കുറ്റവാളികൾക്ക് തക്കതായ ശിക്ഷ നൽകണം." സംഭവത്തോട് രാഹുൽ ഗാന്ധിയുടെ പ്രതികരണം ഇതായിരുന്നു.

മോദിസർക്കാരിനെതിരേ ശക്തമായി ആഞ്ഞടിച്ചുകൊണ്ടാണ് കോൺഗ്രസ് ഉൾപ്പടെയുള്ള പ്രതിപക്ഷപ്പാർട്ടികൾ പ്രതികരിച്ചത്.

കേന്ദ്ര ആഭ്യന്തരമന്ത്രിയെ പുറത്താക്കണമെന്നും വിഷയത്തിൽ മോദിയുടെ പങ്ക് അന്വേഷിക്കണമെന്നും ആവശ്യമുയരുന്നു. ദേശീയ സുരക്ഷയിൽ വീഴ്ച വരുത്തിയ കേന്ദ്രസർക്കാരിന്റെ നടപടി രാജ്യദ്രോഹമാണെന്നുവരെ വിമർശനം ഉയർന്നുകഴിഞ്ഞു. പെഗാസസിനെ ഉപയോഗിച്ച് ചാരറാക്കറ്റിനെ നിയോഗിച്ചതും നടപ്പാക്കിയതും കേന്ദ്രസർക്കാരാണെന്നാണ് പ്രതിപക്ഷാരോപണം.


▶ 5

# പുത്തൻകുരിശിലെ കൊടിമരം


**വിളക്കുമരം**



ഡോ. സിറിയക് തോമസ്

മലങ്കര യാക്കോബായ സുറിയാനിസഭയുടെ ആത്മീയ മഹാചാര്യനായ ആബൂൻ മോറാൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിക്ക് തൊണ്ണൂറ്റിമൂന്നാം ജന്മദിനത്തിന്റെ ദൈവകൃപയുടെ നാളുകൾ. പരിമിതഗ്രാമീണസാഹചര്യങ്ങളിൽ ജനിച്ചുവളർന്ന്, കണ്ണുനീരിന്റെയും കഷ്ടപ്പാടിന്റെയും കടൽ നീന്തിക്കടന്നും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും കൊടുമുടികൾ നടന്നുകയറിയുമാണ് തോമസുകുട്ടി എന്ന ബാലൻ തോമസ് ശെമ്മാശനും പിന്നീട് തോമസ് അച്ചനും കാലത്തിന്റെ തികവിൽ തോമസ് റമ്പാനും തോമസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയും ഒടുവിൽ ബസേലിയോസ് തോമസ് പ്രഥമൻ ശ്രേഷ്ഠ കാതോലിക്കാ ബാവായുമായി രൂപാന്തരം പ്രാപിച്ചത്. ബാവാതിരുമേനി ആരുടെയും സൗജന്യത്തിൽ സഭയുടെ മേലധ്യക്ഷപദവിയിൽ എത്തിച്ചേർന്നയാളല്ല; മറിച്ച്, എതിർപ്പുകൾക്കും പ്രതിസന്ധികൾക്കും മധ്യേ ഒഴുക്കിനെതിരേ നീന്തിയും, തന്റെ വിശ്വാസിസമൂഹത്തെ നദിയിലെ ഒഴുക്കിലും മരുഭൂമിയിലെ ചൂടിലും പൊടിയിലും വീണുപോകാതെ സംരക്ഷിച്ചും, സ്വന്തം നിർഭയത്വവും നേതൃപാടവവും സംഘാടകസാമർഥ്യവും തെളിയിച്ചും സഭയുടെ നായകസ്ഥാനത്തെത്തിയ ജനകീയനായ ഒരു യഥാർത്ഥ ആത്മീയനാണ്.

ബാവാതിരുമേനി ഇളകാത്ത ഭക്തനും ഉറച്ച വിശ്വാസിയുമാണ്. തിരുമേനിയുടെ കലണ്ടറിൽ എല്ലാ വർഷവും ഉപവാസദിനങ്ങളാണു കൂടുതൽ. ആരെയും ആകർഷിക്കുന്ന ചിരിയും ആരെയും നിരായുധരാക്കുന്ന വിനയവുമാണ് ബാവായുടെ ആയുധങ്ങൾ. നാലാം ക്ലാസുവരെ മാത്രമേ സ്കൂളിൽ പോയിട്ടുള്ളൂവെന്നും പിന്നീടെല്ലാം തന്റെ ഗുരുവിന്റെ പാദത്തിങ്കലിരുന്നും സെമിനാരിയിൽ ചേർന്നും പഠിച്ചിട്ടുള്ളവ മാത്രമാണെന്നും പറയാൻ തിരുമേനി ഒരിക്കലും ഒട്ടും മടിച്ചിട്ടുമില്ല. താൻ ദൈവശാസ്ത്രവിജ്ഞാനത്തിന്റെ ഭണ്ഡാഗാരമാണെന്ന് ബാവാ ഒരിക്കലും അവകാശപ്പെട്ടുമില്ല. എന്നാൽ, താൻ വിശ്വസിക്കുന്ന യേശുതമ്പുരാനെ



തന്റെ അനുദിനാനുഭവങ്ങളിലൂടെ അറിഞ്ഞിട്ടുണ്ടെന്നു പറയാനുള്ള ബോധ്യവും ആർജവവും എന്നും തിരുമേനി കാണിച്ചിട്ടുമുണ്ട്.

ബാവാതിരുമേനിയുടെ ഭക്തിയിൽ പ്രകടനമില്ല. അതു വിശ്വാസത്തിന്റെ ബലത്തിൽ തിരുമേനി ദൈവമുമ്പാകെ ഉയർത്തുന്ന തന്റെ നിലവിളിയാണെന്നു ബാവായെ അറിയാവുന്നവർക്കൊക്കെ അറിയാം. തിരുമേനി കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ കേൾക്കുന്നവർക്ക് അതൊരു അനന്യമായ അനുഭവം തന്നെയാണ്.

ഹൃദയസ്പർശിയാണ് ബാവായുടെ പ്രാർത്ഥനകൾ. തിരുമേനിയുടെ ആരാധനാശുശ്രൂഷകളും വിശുദ്ധ കുർബാനയുമെല്ലാം നമ്മുടെ ഹൃദയങ്ങളെ ആത്മീയതയുടെ അതീവ വ്യത്യസ്തമായ ഒരു തലത്തിലേക്കു കൊണ്ടുപോകുമെന്നതാണ് യാഥാർത്ഥ്യം.

ബാവായുടെ പ്രസംഗങ്ങളും ശ്രോതാക്കളുടെ ഹൃദയങ്ങളെ തൊടുന്നവയാണ്. അതിൽ പാണ്ഡിത്യപ്രകടനങ്ങൾക്കോ സാഹിത്യസൗന്ദര്യത്തിനോ ഒന്നും സ്ഥാനമില്ല. ഹൃദയം ഹൃദയത്തോടു സംവദിക്കുന്നതാണ് ശ്രേഷ്ഠബാവായുടെ പ്രസംഗരീതി. അതു ഹൃദ്യവുമാണ്. ജീവിതത്തിലും തിരുമേനിക്ക് ആരോടും പകയോ പരിഭവമോ പരാതിയോ എതിർപ്പോ ഒന്നുമില്ല. എന്നാൽ, നിലപാടുകളിലെ ഭിന്നതയുടെ അടിസ്ഥാനത്തിലുള്ള എതിർവാദങ്ങൾ ഏതു വേദിയിലും ആരുടെ സാന്നിധ്യത്തിലും തുറന്നുപറയാൻ മടിച്ചിട്ടുമില്ല.

സന്ദർഭവും സാഹചര്യവുംപോലെ പരസ്യവേദികളിൽ വച്ച് എന്നെ സാറേ എന്നും അല്ലാത്തപ്പോൾ മോനേ എന്നുമാണു വിളിക്കുക. രണ്ടു വിളികളിലും സ്നേഹത്തിന്റെ അടുപ്പവും ആഴവും ഒന്നുതന്നെയാണ്. എത്രയോ തവണ ബാവാ പാലായിലെ വീട്ടിൽ വരാനും പ്രാർത്ഥിച്ച് അനുഗ്രഹിക്കാനും സന്മനസ്സ് കാണിച്ചിരിക്കുന്നുവെന്നത് ഞാൻ നന്ദിയോടെ ഓർമിക്കുന്നു.

ബാവാ തിരുമേനിയുടെ തൊണ്ണൂറ്റിമൂന്നാമത് ജന്മദിനത്തിൽ പുത്തൻകുരിശു പാത്രിയർക്കാ സെന്റർ പള്ളിയിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്തയുടെ മുഖ്യകാർമികത്വത്തിൽ നടന്ന കൃതജ്ഞതാകുർബാനയിൽ പങ്കെടുക്കാനും ഗ്രിഗോറിയോസ് തിരുമേനിയുടെ നിർദേശപ്രകാരം പള്ളിയിൽ വച്ചു ബാവായെക്കുറിച്ചു പ്രസംഗിക്കാനും പിന്നീട് ബാവയെ നേരിൽക്കണ്ട് അനുഗ്രഹം നേടാനും ജന്മദിനാശംസകളറിയിക്കാനും ഒപ്പം പൊന്നാട അണിയിച്ച് ഉപഹാരം സമർപ്പിക്കാനുമുള്ള അവസരമുണ്ടായതിൽ സന്തോഷവും അഭിമാനവുമുണ്ട്. ദൈവം തമ്പുരാൻ അവിടുത്തെ ഉള്ളംകൈയിൽ വച്ചിരിക്കുന്ന ആളെന്ന നിലയിൽ ബാവാ തിരുമേനിയെ വരുംനാളുകളിലും ആയുസ്സും ആരോഗ്യവും നൽകി സമൃദ്ധമായി അനുഗ്രഹിക്കട്ടേ എന്നു ഹൃദയപൂർവം പ്രാർത്ഥിക്കുന്നു.

# കുടുംബക്ഷേമരംഗത്ത് നൂതനപദ്ധതികളുമായി പാലാ രൂപത

ഫ്രാൻസീസ് മാർപാപ്പാ 2021 മാർച്ച് 19 മുതൽ 2022 മാർച്ച് 19 വരെ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബവർഷത്തിന്റെ പശ്ചാത്തലത്തിൽ പാലാ രൂപത, വിപ്ലവകരമായ നിരവധി ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. ദൈവത്തിന്റെ ദാനമായ കുഞ്ഞുങ്ങൾ കുടുംബത്തിന്റെ സൗഭാഗ്യവും അനുഗ്രഹവും സമ്പത്തുമാണെന്ന ക്രൈസ്തവ തത്ത്വത്തിന്റെ വെളിച്ചത്തിലും, അതേസമയം കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക് ഒരാശ്വാസമെന്ന നിലയിലുമാണ് പുതിയ ക്ഷേമപദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്.

രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പുറപ്പെടുവിച്ച സർക്കുലറനുസരിച്ച് രണ്ടായിരത്തിനുശേഷം വിവാഹിതരായ രൂപതാംഗങ്ങളായ ദമ്പതികളിൽ അഞ്ചോ അതിൽക്കൂടുതലോ കുട്ടികളുള്ളവർക്ക് ഓരോ മാസവും 1500 രൂപ സാമ്പത്തികസഹായം നല്കും. 2021 ഓഗസ്റ്റുമുതൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റുവഴി ഇതു ലഭ്യമാണ്. അതുപോലെതന്നെ ഇത്തരം ദമ്പതികളിൽ ഒരാൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് രൂപതവക ചേർപ്പുങ്കലുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ ജോലികളിൽ മുൻഗണന നല്കുന്നതുമാണ്. കൂടാതെ, നാലാമത്തേതും തുടർന്നുമുള്ള പ്രസവത്തിനായി അഡ്മിറ്റ് ആകുന്നതുമുതൽ ഡിസ്ചാർജ് ചെയ്യുന്നതുവരെയുള്ള എല്ലാ ചെലവുകളും ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലും മുട്ടുചിറ ഹോളിഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിലും സൗജന്യമായിരിക്കും.

ചേർപ്പുങ്കലുള്ള മാർ സ്ലീവാ നേഴ്സിങ് കോളജിൽ കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ നിയമങ്ങൾക്കനുസൃതമായി പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ രൂപതയിലെ കുടുംബങ്ങളിൽനിന്നു നാലാമതുമുതലുള്ള കുട്ടികളുടെ പഠനച്ചെലവുകളും സൗജന്യമായിരിക്കും. ഇതിനൊപ്പം, ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിലും ഹോട്ടൽ മാനേജുമെന്റ് കോളജിലും അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ, ഒരു കുടുംബത്തിലെ നാലാമത്തെയാൾ മുതലുള്ളവർക്കു ട്യൂഷൻഫീ സൗജന്യമായി നല്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

ഇതിനെല്ലാമുപരി 2000-2001 കാലഘട്ടത്തിൽ രൂപതയിലെ കുടുംബങ്ങളിൽ നാലാമതോ അതിനുശേഷമോ ജനിക്കുന്ന കുട്ടികളിൽ സാമ്പത്തിക വിഷമതയനുഭവിക്കുന്നവർക്ക് നിർദിഷ്ടയോഗ്യതകളും ഗവൺമെന്റിന്റെ അതതു സമയങ്ങളിലെ നിയമനമാനദണ്ഡങ്ങളുമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമനപരിഗണന നല്കുന്നതാണ്.

കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, ജോലി ഇവയെല്ലാം വളരെ ക്ലേശകരമായ ദൗത്യങ്ങളായിത്തീർന്നിരിക്കുന്ന ആധുനികകാലഘട്ടത്തിൽ പാലാ രൂപത പ്രഖ്യാപിച്ചിരിക്കുന്ന ഈ ക്ഷേമപദ്ധതികൾ രൂപതാംഗങ്ങൾക്കിടയിൽ വലിയ ഉണർവ് സൃഷ്ടിക്കുമെന്നാണ് സാമൂഹികനിരീക്ഷകരുടെ വിലയിരുത്തൽ.

# സ്നേഹദീപമേ മിഴി തുറക്കൂ



ടി.പി. ശാസ്തമംഗലം

ഏതാണ്ട് അരനൂറ്റാണ്ടിനുമുമ്പാണ് 'സ്നേഹദീപമേ മിഴിതുറക്കൂ' എന്ന ചിത്രം കേരളക്കരയിൽ പ്രദർശനത്തിനു വന്നത്. അതിന്റെ ചിത്രീകരണം ആരംഭിക്കുന്നതിനു മുന്നോടിയായി അണിയറപ്രവർത്തനങ്ങൾ നടക്കുന്ന കാലം. ആ ചിത്രത്തിന്റെ സംവിധായകനും ഗാനരചയിതാവുമായ പി. ഭാസ്കരൻ അതിലെ ഒരു പാട്ടൊഴികെ ബാക്കിയെല്ലാം എഴുതിക്കഴിഞ്ഞിരിക്കുന്നു. പുകഴേന്തിയായിരുന്നു സംഗീതസംവിധായകൻ. പാട്ടുകളുടെ ശബ്ദലേഖനത്തിനുള്ള തീയതി നിശ്ചയിക്കുകയും അതിനനുസരിച്ച് റെക്കോർഡിങ് സ്റ്റുഡിയോ വരെ ബുക്കു ചെയ്യുകയുമുണ്ടായി.

ശേഷിച്ച ഏകഗാനം എഴുതേണ്ട ദിവസമായപ്പോൾ പി. ഭാസ്കരന്റെ മകൾക്ക് കലശലായ പനി. അന്ന് അദ്ദേഹവും കുടുംബവും മദിരാശിയിലാണ് (ഇന്നത്തെ ചെന്നൈ) താമസം. പനി കുറയാത്തതിനാൽ രാവിലെതന്നെ അവിടെ ഏതോ മുന്തിയ ആശുപത്രിയിൽ മകളെ കൊണ്ടുപോയി. രക്തപരിശോധനയുൾപ്പെടെ നടത്തിയിട്ട് ഡോക്ടർ ഒരു മാരകരോഗത്തിന്റെ പേരു പറഞ്ഞ് മകൾക്ക് അതാണെന്നു വിധിയെഴുതി. കവിയാണെങ്കിലും സംവിധായകനാണെങ്കിലും പി. ഭാസ്കരൻ അടിസ്ഥാനപരമായി ആ മകൾക്ക് ജന്മം നല്കിയ പിതാവാണല്ലോ. മകളുടെ അസുഖവിവരമറിഞ്ഞ് സ്വാഭാവികമായും അദ്ദേഹം ആകെ തളർന്നുപോയി. അന്നത്തെ രാത്രിയിലായിരുന്നു പാട്ടെഴുതേണ്ടിയിരുന്നത്. മനസ്സ് അസ്വസ്ഥമായിരിക്കുമ്പോൾ എങ്ങനെയാണു തൂലിക ചലിപ്പിക്കുക?

പിറ്റേന്നു രാവിലെതന്നെ ആ പാട്ട് സംഗീതസംവിധായകനായ പുകഴേന്തിയെ ഏല്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അദ്ദേഹം അതു ചിട്ടപ്പെടുത്തി അതിനടുത്ത ദിവസം ബാക്കി ഗാനങ്ങൾക്കൊപ്പം റെക്കോർഡ് ചെയ്യാനാവുകയുള്ളൂ. ഒരക്ഷരം എഴുതാനാവാതെ കൂടുതൽ സങ്കീർണമായി പി. ഭാസ്കരന്റെ മനസ്സ്. ഒടുവിൽ അദ്ദേഹംതന്നെ അതിന് ഒരു പോംവഴി കണ്ടെത്തി. തന്റെ ശിഷ്യനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിയെക്കൊണ്ട് ആ ഒരു ഗാനം എഴുതിക്കുക. അന്നു മദിരാശിയിൽ താമസിച്ചിരുന്ന തമ്പിയോട് വിവരം ഗുരു ഫോണിൽ പറഞ്ഞു. ഗാനത്തിന്റെ കഥാസന്ദർഭവും വിവരിച്ചുകൊടുത്തു. അന്നുരാത്രി ഉറക്കമിളച്ചിരുന്ന് ശിഷ്യൻ ഗുരുവിന്റെ ആവശ്യം നിറവേറ്റി. ശ്രീകുമാരൻതമ്പിയുടെ ഗാനം ഇങ്ങനെ ചില വരികളോടെ തുടങ്ങുന്നതായിരുന്നു:

"അനന്തനക്ഷത്രക്ഷീരപഥങ്ങളിൽ
അലിഞ്ഞുചേരും ചൈതന്യമേ."

ഒരുപോള കണ്ണടയ്ക്കാതെ പി.ഭാസ്കരൻ രാത്രി ഒരുവിധം കഴിച്ചുകൂട്ടി. രാവിലെയായപ്പോൾ അദ്ദേഹം മകളെയും കൂട്ടി സ്വല്പം ദൂരെയുള്ള മറ്റൊരു ആശുപത്രിയിലേക്കു പോയി. അവിടെ പരിചയമുള്ള ഡോക്ടറെക്കൊണ്ട് മകളെ പരിശോധിപ്പിച്ചു. വീണ്ടും രക്തപരിശോധന കഴിഞ്ഞ് ഫലം വന്നപ്പോൾ രോഗിണിയോട് ഡോക്ടറുടെ ചോദ്യം: "തുടർച്ചയായി വേദനസംഹാരി വല്ലതും കഴിക്കാറുണ്ടോ?"

'തലവേദന വരുമ്പോഴെല്ലാം പെട്ടെന്നു മാറാൻ കഴിക്കാറുണ്ട്' എന്ന് പി. ഭാസ്കരന്റെ മകളുടെ മറുപടി. (ഇവിടെ ഗുളികയുടെ പേര് മനഃപൂർവം ഒഴിവാക്കിയിരിക്കുന്നു – ലേഖകൻ). പിന്നീട് ഡോക്ടർ സംസാരിച്ചതെല്ലാം രോഗിണിയുടെ പിതാവായ പി. ഭാസ്കരനോടാണ്: "പെയ്ൻ കില്ലർ കഴിച്ചപ്പോൾ ബ്ലഡിൽ ചില മാറ്റങ്ങൾ വന്നു. അങ്ങനെ ചിലപ്പോൾ സംഭവിക്കാറുണ്ട്. കൗണ്ടു കണ്ടു തെറ്റിദ്ധരിച്ചിട്ടാവാം മറ്റേ ഡോക്ടർ... (രോഗത്തിന്റെ പേര്) ആണെന്നു പറഞ്ഞത്. ഭയപ്പെടാനൊന്നുമില്ല. ഞാൻ മരുന്നു തരാം. രണ്ടു ദിവസത്തിനകം എല്ലാം മാറിക്കൊള്ളും." പി. ഭാസ്കരനു ശ്വാസം നേരേ വീണത് അപ്പോഴാണ്. എന്തെന്നില്ലാത്ത ആഹ്ലാദം. സംഭവിക്കുമായിരുന്ന വലിയ വിപത്തിൽനിന്നു രക്ഷപ്പെട്ടതിന്റെ ആശ്വാസം! അദ്ദേഹം മകളെയുംകൂട്ടി വീട്ടിലേക്കു മടങ്ങി.

'സ്നേഹദീപമേ മിഴിതുറക്കൂ' എന്ന ചിത്രത്തിനുവേണ്ടി എഴുതേണ്ടിയിരുന്നത് ഒരു ഭക്തിഗാനമാണെന്നത് തികച്ചും യാദൃച്ഛികമാണെങ്കിലും അതു നന്നായി എന്നു പി. ഭാസ്കരനു തോന്നി. അതിനു കാരണമുണ്ട്. ദൈവത്തോട് അങ്ങേയറ്റം കൃതജ്ഞതാനിർഭരമായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. ഉള്ളുരുകി പ്രാർത്ഥിച്ചതിന്റെ ഫലം ഉടനെതന്നെ സാധ്യമാക്കിയതിന്റെ നന്ദിസൂചകമെന്നോണം അദ്ദേഹം എഴുതി:

"ലോകം മുഴുവൻ സുഖം പകരാനായ്
സ്നേഹദീപമേ മിഴിതുറക്കൂ
കദനനിവാരണ കനിവിൻ ഉറവേ
കാട്ടിൻ നടുവിൽ വഴി തെളിക്കൂ."

നോക്കൂ, കവി അപ്പോഴും തന്റെ മാത്രമല്ല സർവലോകരുടെയും സുഖത്തെപ്പറ്റിയാണു ചിന്തിച്ചതും ദൈവത്തോടു പ്രാർത്ഥിച്ചതും. ഈശ്വരനെ സ്നേഹദീപമായി കണ്ടതും ആ ദീപം മിഴിതുറക്കുന്നതോടെ ഈ വിശ്വമാകെ സുഖം പരക്കുമെന്നു പ്രത്യാശിച്ചതും എത്ര അർത്ഥവത്താണെന്നു പറയേണ്ടതുണ്ടോ? ദർശനം, സാമീപ്യം, സ്മരണ തുടങ്ങിയവകൊണ്ട് ആനന്ദാനുഭൂതി ഉളവാക്കുന്നതെന്തോ അതിനോടുള്ള താത്പര്യമാണ് സ്നേഹം. അതിന് എണ്ണയെന്നും അർത്ഥമുണ്ട്. അപ്പോൾ സ്നേഹംകൊണ്ടു കത്തുന്ന ദീപം ഈശ്വരനല്ലാതെ മറ്റാരാണ്?

കദനത്തിന് ദൗർഭാഗ്യം, ദുഃഖം എന്നൊക്കെയാണ് അർത്ഥം. അതു നിവാരണം ചെയ്യാൻ കനിവിന്റെ ഉറവയായ ദൈവത്തിനു മാത്രമേ സാധിക്കൂ. കാടിനു നടുവിൽ (ഇവിടെ കാട് എന്നു പ്രതീകാത്മകമായി പ്രയോഗിച്ചിരിക്കുകയാണ് കവി. ജീവിതത്തിന്റെ ദുരിതത്തെ, പ്രതിബന്ധത്തെയൊക്കെ അതു സൂചിപ്പിക്കുന്നു.) വഴി തെളിക്കാനും മറ്റൊരാശ്രയം ഇല്ലതന്നെ. ഈശ്വരന്റെ മാഹാത്മ്യം കാര്യകാരണസഹിതം വെളിപ്പെടുത്തുന്ന ഗാനമാണിത്.

"പരീക്ഷണത്തിൻ വാൾമുനയേറ്റി
പടനിലത്തിൽ ഞങ്ങൾ വീഴുമ്പോൾ
ഹൃദയക്ഷതിയാൽ രക്തംചിന്തി
മിഴിനീർപ്പുഴയിൽ താഴുമ്പോൾ
താങ്ങായ് തണലായ് ദിവ്യൗഷധിയായ്
താതാ.. നാഥാ.. കരം പിടിക്കൂ."

മാനവജന്മംതന്നെ പലതരം പരീക്ഷണങ്ങൾക്കു വിധേയമാണ്. പോരെങ്കിൽ ജനനമരണാവൃത്തിക്കിടയിൽ മനുഷ്യവർഗം യുദ്ധക്കൊതിപൂണ്ടിട്ടോ മറ്റോ പല പരീക്ഷണങ്ങൾക്കും തയ്യാറാകുന്നുമുണ്ട്. പരീക്ഷണത്തിന്റെ വാൾമുന ആരെയും എപ്പോഴും നശിപ്പിക്കാം. കൊറോണ വൈറസിന്റെ തുടക്കംപോലും പരീക്ഷണശാലയിലാണെന്ന സംശയം ബലപ്പെട്ടിരിക്കുമ്പോൾ കവിയുടെ ദീർഘദർശനത്തെ നാം സമ്മതിച്ചുകൊടുത്തേ മതിയാവൂ. പരീക്ഷണത്തിൽ പരാജയപ്പെട്ടു പടനിലത്തിൽ (യുദ്ധഭൂമിയിൽ) വീഴുമ്പോഴും ഹൃദയത്തിനു മുറിവേറ്റ് രക്തം ചിന്തി മിഴിനീർപ്പുഴയിൽ താഴുമ്പോഴും താങ്ങുവാനും തണലേകുവാനും ദിവ്യൗഷധം (ദിവ്യമായ ശക്തികളുള്ള മരുന്ന്) നല്കുവാനും ഒരാളേയുള്ളൂ. അതു മറ്റാരുമല്ല ലോകൈകനാഥനായ സാക്ഷാൽ യേശുദേവനാണ്. ആ താതനോടും (താതന് പിതാവ് എന്നതിനു പുറമെ പൂജനീയൻ, ഗുരു എന്നൊക്കെ അർത്ഥമുണ്ട്. നാഥനോടും (രക്ഷിതാവ് എന്നർത്ഥം) അശരണരുടെ കരം പിടിക്കാൻ അഭ്യർത്ഥിക്കുകയാണു കവി. ഈശോയുടെ സ്പർശം (സാമീപ്യം പോലും) എല്ലാത്തിനും പരിഹാരമാകും എന്നതിലാണ് ഇത്തരമൊരു അപേക്ഷയ്ക്ക് അദ്ദേഹം മുതിർന്നത് എന്നു വ്യക്തം.

"പുല്ലിൽ, പൂവിൽ, പുഴുവിൽ, കിളിയിൽ
വന്യജീവിയിൽ, വനചരനിൽ
ജീവബിന്ദുവിന്നമൃതം തൂകിയ
ലോകപാലകാ ജഗദീശാ
ആനന്ദത്തിൻ അരുണകിരണമായ്
അന്ധകാരമിതിൽ അവതരിക്കൂ" എന്നീ വരികളോടെയാണ് യേശുദാസും എസ്. ജാനകിയും വെവ്വേറെ പാടിയ ഈ ഗാനം പൂർണമാവുന്നത്. കുറച്ചുകൂടി ഗഹനമായ ആശയമുൾക്കൊള്ളുന്നതാണ് ഈ ചരണം. പുല്ലിലും പൂവിലും പുഴുവിലും കിളിയിലും വന്യജീവിയിലും (കാട്ടിൽ വസിക്കുന്ന ജീവി), വനചരനിലും(കാട്ടാളൻ) ജീവന്റെ തുടിപ്പു നല്കിയ ലോകപാലകനായ ജഗദീശനോട് സന്തോഷത്തിന്റെ സൂര്യകിരണമായി അന്ധകാരം നീക്കാൻ അവതരിക്കണം എന്നാണു കവി പ്രാർത്ഥിക്കുന്നത്. അന്ധകാരം എന്ന പദംകൊണ്ട് ഗാനരചയിതാവ് അർത്ഥമാക്കുന്നത് മാനവരാശിയുടെ അജ്ഞതയെയാവാം. ഗാനത്തിന്റെ തുടക്കത്തിൽ പറഞ്ഞ സ്നേഹദീപത്തിനു മാത്രമേ കൊടിയ തമസ്സിനെ ഇല്ലായ്മ ചെയ്യാനാവൂ. എത്ര പെട്ടെന്നാണ് ഇത്രമാത്രം ഉദാത്തമായ ഒരു ഗാനം അദ്ദേഹം എഴുതിയതെന്നു നോക്കുക.

വിഷാദം ആഹ്ലാദത്തിനു വഴിമാറിയ സാഹചര്യത്തിൽ ഗാനം താൻതന്നെ എഴുതിക്കൊള്ളാം എന്ന് പി. ഭാസ്കരൻ വീട്ടിലെത്തിയയുടനെ ശ്രീകുമാരൻ തമ്പിയെ ടെലിഫോണിലൂടെ അറിയിച്ചു. പക്ഷേ, അപ്പോഴേക്കും തമ്പി ഗാനമെഴുതിക്കഴിഞ്ഞിരുന്നു. മദിരാശിയിലെ ആകാശവാണി നിലയം എം.ബി. ശ്രീനിവാസന്റെ സംഗീതത്തിൽ പിന്നീട് ലളിതഗാനം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി അത് പ്രക്ഷേപണം ചെയ്യുകയുണ്ടായി. കൂടാതെ എം.ബി. എസ്. ക്വയർ പല ഭാഷകളിലെ ഗാനങ്ങൾ ആലപിക്കുന്ന കൂട്ടത്തിൽ മലയാളത്തിൽ നിന്ന് അതായിരുന്നു പ്രധാനപ്പെട്ടതായി തിരഞ്ഞെടുത്തിരുന്നത്.

മകളുടെ രോഗനിർണയം തെറ്റായി ഡോക്ടർ പറഞ്ഞതിന്റെ വ്യാകുലതയാകാം ഒരുപക്ഷേ, ഈ ഗാനത്തെ ഇത്രത്തോളം ഭക്തിനിർഭരവും കാവ്യാത്മകവുമാക്കി മാറ്റാൻ പി. ഭാസ്കരനെ പരോക്ഷമായി സഹായിച്ചത്. സ്വാനുഭവത്തിൽനിന്നു നീറ്റിയെടുക്കുന്ന ഏതു സൃഷ്ടിക്കും കലാമൂല്യമുണ്ടായിരിക്കുമെന്ന് ഈ ഗാനവും തെളിയിച്ചിരിക്കുന്നു. ■





പി. ഭാസ്കരൻ



പുകഴേന്തി



യേശുദാസ്



എസ്. ജാനകി

# കിച്ചൺ സ്മാർട്ടായാൽ



മേഴ്സിക്കുട്ടി എബ്രഹാം

**ഈ** അടുത്തകാലത്ത് പത്രത്തിൽവന്ന വാർത്തയാണ്, നമ്മുടെ സ്ത്രീകളുടെ ജോലിഭാരം ലഘൂകരിക്കാനായി അടുക്കളകൾ നവീകരിക്കുന്ന പദ്ധതി. കെ.എസ്.എഫ്.ഇയിൽനിന്നു ലോണെടുത്ത് അടുക്കളയുപകരണങ്ങൾ വാങ്ങാം. തവണകളായി തിരിച്ചടച്ചാൽ മതി. ലഘുവായ




പലിശ. സ്ത്രീകളെല്ലാം, ഞാൻ ഉൾപ്പെടെ, സന്തോഷിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് ഇപ്പോഴുള്ള കിച്ചണുകളെപ്പറ്റി ചിന്തിച്ചത്. മിക്കവാറും എല്ലാ വീടുകളിലും ഫ്രിഡ്ജ്, ഗ്രേയ്റ്റർ, മിക്സി, എഗ് ബീറ്റർ, ഓവൻ തുടങ്ങിയവയുണ്ട്. എല്ലാമൊന്നുമില്ലെങ്കിലും മിക്സിയില്ലാത്ത വീടുകൾ കാണില്ല.

നല്ലതെല്ലാം പഴയതായിരുന്നുവെന്നു പറയുന്നതിൽ അർത്ഥമില്ല. പണ്ടുകാലങ്ങളിൽ കിച്ചണുകൾ സ്മാർട്ടല്ലായിരുന്നു. പകരം, നമ്മുടെ അമ്മമാരും വല്യമ്മമാരുമൊക്കെ സ്മാർട്ടായിരുന്നു. ഇപ്പോഴും പത്രത്തിലെ ചരമക്കോളങ്ങളിൽ തൊണ്ണൂറിനു മുകളിലുള്ളവരെ കാണാറുണ്ട്. അവരുടെ ആരോഗ്യത്തിനു കാരണമെന്തെന്നു ചിന്തിക്കുമ്പോൾ; അവരുടെ ജീവിതരീതികളായിരുന്നുവെന്നു മനസ്സിലാക്കാം. ഏതാണ്ട് അറുപതു കൊല്ലം പിന്നിലേക്കു പോയാൽ സർക്കാർ ഉദ്യോഗസ്ഥരോ മറ്റു ജോലിക്കായി പോകുന്ന സ്ത്രീകളോ വളരെ ചുരുക്കമായിരുന്നു. വെളുപ്പിനു നാലുമണി കഴിയുമ്പോൾ മിക്ക വീട്ടുകാരും ഉണരും. എല്ലാ വീടുകളിലുമുണ്ട് കോഴിയും പശുക്കളും ആടുകളും. രാവിലെ കോഴിപ്പൂവന്മാരുടെ ഇടതടവില്ലാത്ത കൂവലാണ്. സമയം കഴിഞ്ഞാൽ കറവയുള്ള പശുക്കൾ അമറാൻ തുടങ്ങും. അമ്മയും മൂത്തസഹോദരങ്ങളും എഴുന്നേറ്റ് എല്ലാവരെയും വിളിച്ചുണർത്തും. പിന്നീട് പ്രാർത്ഥനയാണ്. ഞങ്ങൾ ഉണരുമ്പോൾ അപ്പുറത്തെ രാമൻനായരുടെ മക്കളുടെ കീർത്തനം കേൾക്കാം. അവിടത്തെ തങ്കമ്മയും കുട്ടനുമെല്ലാം ഞങ്ങളുടെ കൂട്ടുകാരാണ്. അതിനപ്പുറത്തുനിന്ന് ഫാത്തിമ ഉമ്മയുടെ മക്കളുടെ അറബിപ്രാർത്ഥന. പ്രാർത്ഥന കഴിഞ്ഞാൽ അടുക്കളയിലേക്കാണ്. കഞ്ഞിയും കറിയും കപ്പയും മീനും പിള്ളേർക്ക് കൊഴുക്കൊട്ടയുമെല്ലാം ഉണ്ടാക്കണം. അതിനിടയിൽ അപ്പനും ആൺമക്കളും പശുവിനെ കറന്നു കൊണ്ടുവരും. എട്ടുമണിയാകുമ്പോഴേക്കും വീട്ടിലെ മൂത്തവൾ മുറ്റമടിക്കണം. തുണിയലക്കണം, പെൺമക്കൾ വെള്ളം കിണറ്റിൽനിന്നു കോരി പാത്രങ്ങളിൽ നിറയ്ക്കണം. ആൺമക്കൾ അപ്പന്റെകൂടെ പറമ്പിൽ പണിയണം. പിന്നീട് കുളിച്ചുവന്ന് സ്കൂളിലേക്കു നടപ്പാണ്. രണ്ടുമൂന്നു കിലോമീറ്റർ നടക്കണം. ആൺകുട്ടികൾ മുന്നിൽ നടക്കും. പെൺകുട്ടികൾ പിന്നാലെ. നാലുമണിക്ക് തിരിച്ചും നടക്കണം. വീട്ടിൽ വന്നാൽ പുല്ലു പറിക്കണം. പറമ്പിൽ പണിയണം. പകൽസമയത്ത് അമ്മയും വല്യമ്മയും അപ്പനുമെല്ലാം പറമ്പിലും വീട്ടിലുമായി നന്നായി ജോലി ചെയ്യും. അന്തിയായാൽ എല്ലാ വീടുകളിൽനിന്നും പ്രാർത്ഥനയുടെ ശബ്ദം. ആർക്കും ഇന്നത്തെപ്പോലെ മാരകമായ രോഗങ്ങളോ പ്രഷറോ ഷുഗറോ ഉണ്ടായിരുന്നതായി അറിവില്ല.

സ്മാർട്ട് കിച്ചണുകൾ വന്നാൽ നമ്മുടെ സ്ത്രീകൾ എന്തുചെയ്യുമെന്നുകൂടി ആലോചിക്കണം. ഇപ്പോൾത്തന്നെ ഗ്യാസ് അടുപ്പും മിക്സിയും ഫ്രിഡ്ജുമൊക്കെയുണ്ട്. ഇനി വേണ്ടത് ഒരു ഡിഷ്വാഷ് മാത്രമായിരിക്കും. അതുംകൂടി വാങ്ങിയാൽ എങ്ങനെ സമയം വിനിയോഗിക്കും? മൊബൈൽ ഫോണും ടി.വി. യും എല്ലായിടത്തുമുണ്ട്. ടി.വി.യുള്ളതുകൊണ്ട് ആർക്കും വായനയില്ല. വാട്ട്സ് ആപ്പും ഫേയ്സ്ബുക്കും മറ്റ് ആപ്പുകളുമായി മുന്നോട്ടുപോയാൽ ആയുസ്സിന്റെ ദൈർഘ്യം കുറയാനും സാധ്യതയുണ്ട്.

സ്മാർട്ട് കിച്ചൺ നടപ്പാക്കുന്നതോടുകൂടി എന്തെങ്കിലും ജോലിസാധ്യതകൾ ഉണ്ടാകണം. വീട്ടിലിരിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. ഇവർക്കായി വീട്ടിലിരുന്നു ചെയ്യാവുന്ന ജോലികൾ പഠിപ്പിക്കുകയോ അതിനുള്ള അസംസ്കൃതവസ്തുക്കൾ എത്തിച്ചു നൽകുകയോ വേണം. അല്ലെങ്കിൽ സ്ത്രീകളുടെ ആയുസ്സ് കുറയാനും അവരുടെ വിലപ്പെട്ട സമയം പാഴായിപ്പോകാനും സാധ്യതയുണ്ട്. സൗകര്യങ്ങൾ കൂടുന്തോറും പരിസരശുചീകരണം കുറയുന്നതായി കാണുന്നു. എല്ലാവരും വീടിനുള്ളിൽത്തന്നെയിരുന്നാൽ മതിയെന്നൊരു ചിന്ത. കൊവിഡുകാലത്ത് ഇതൊരു നല്ല ചിന്തയാണ്. കിച്ചൺ സ്മാർട്ടായാലും വീടും പരിസരവും ശുചിയായും വൃത്തിയായും ചെടികൾ വളർത്തിയുമൊക്കെ സംരക്ഷിക്കണം.

■




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# അതുല്യമീ ജീവിതപോരാട്ടം



ജോയിഷ് ജോസ്

**അ**ന്താരാഷ്ട്ര വീൽചെയർ അത്‌ലറ്റായ മാലതി കെ. ഹൊള്ളയുടെ പ്രചോദനാത്മകമായ അനുഭവകഥയാണ് 'അതുല്യം'.

മാലതി കെ. ഹൊള്ള, ലോകപ്രശസ്തയായ പാരാലിമ്പ്യൻ. അന്താരാഷ്ട്ര വീൽചെയർ കായികതാരം. അത്രമാത്രമേ പുറംലോകത്തിനറിയൂ. അതിനപ്പുറമുള്ള ജീവിതത്തിൽ അവരുടെ യാതനകളുടെ, പോരാട്ടങ്ങളുടെ കഥയുണ്ട്. ഇന്ത്യയിലെ മറ്റു താരങ്ങൾക്കുള്ള പ്രശസ്തി മാലതി ഹൊള്ളയ്ക്കില്ല. എങ്കിലും മാലതി കൃഷ്ണമൂർത്തി നേട്ടങ്ങൾക്കൊക്കെ രത്നത്തിളക്കമുള്ള ഒരു അപൂർവതാരമാണ്. അമ്പത്തിരണ്ടാം വയസ്സിലും ഇന്ത്യയിലെ ഏറ്റവും വേഗം കൂടിയ വീൽചെയർ അത്‌ലറ്റാണ് മാലതി. തകർക്കപ്പെട്ടിട്ടില്ലാത്ത റെക്കോർഡുകളുടെ ഉടമ. ഏകലവ്യ, അർജുന, പദ്മശ്രീ എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ.

ദേശീയവും അന്തർദേശീയവുമായ മുന്നൂറിലേറെ മെഡലുകൾ. അതിൽ ഭൂരിഭാഗവും കടംവാങ്ങിയ വീൽചെയറിൽ ഇരുന്നുകൊണ്ട്. ജീവിതത്തോടുള്ള അവരുടെ അഭിനിവേശം നമുക്കൊന്നും ചിന്തിക്കാനോ എത്തിപ്പിടിക്കാനോ സാധിക്കാത്തത്ര ഉയരത്തിലാണ്.

മുഴങ്ങുന്ന പൊട്ടിച്ചിരിയിൽ ഒളിച്ചുവയ്ക്കപ്പെടുന്ന വേദനകൾ ആരും അറിയാറില്ല. കാലുകളിലേക്കുള്ള ചോരയോട്ടം നിലയ്ക്കാതിരിക്കാനായി വലതുകാൽ കുടയുമ്പോൾ ഇനിയും കൂടിച്ചേരാത്ത എല്ലിലെ മുറിവു നൽകുന്ന വേദന. വേദനയില്ലാതെ എന്തു മാലതി? ചെറിയൊരു ഹോട്ടൽ നടത്തിപ്പുകാരന്റെ മകളായി 1958 ൽ ജനിച്ച മാലതിയുടെ ജീവിതത്തിൽ ചെറിയൊരു പനിയുടെ രൂപത്തിൽ വന്ന ദുരന്തങ്ങൾ ആരംഭിക്കുമ്പോൾ വയസ്സ് ഒന്നോ ഒന്നരയോ മാത്രം! പലതരം ചികിത്സകൾ! ഇതിനിടയിൽ പോളിയോ ബാധിച്ച് കാലുകളുടെ ചലനശേഷി ഏതാണ്ട് പൂർണമായി നഷ്ടപ്പെട്ടു. പഠനവും ചികിത്സയുമൊക്കെ മദ്രാസിൽ. ഒരു പരമ്പരയായി ശരീരത്തിൽ വെട്ടിക്കീറലുകളും തുന്നിച്ചേർക്കലുകളും. ഇതിനിടയിലാണ് സ്പോർട്സ് ഒരു ലഹരിയായി പടർന്നുകയറിയത്. ഒരു ഉൾവിളിപോലെ ജീവിതത്തിൽ വന്ന സ്പോർട്സ് പിന്നീട് എല്ലാമെല്ലാമായി. വേദനയ്ക്കുള്ള മരുന്നും ജീവിതം കോർത്തെടുക്കു




ന്നതിനുള്ള മുത്തുമായി. മറ്റുള്ളവർക്കൊക്കെ മാതൃകയും പ്രചോദനവുമായി ആ ജീവിതം വളർന്നു വലുതായെങ്കിൽ സ്പോർട്സ് അതിനൊരു കാരണമായിട്ടുണ്ട്.

പോരാട്ടമാണ് മാലതിയെ മുന്നോട്ടു നയിച്ചത്. വൈകല്യങ്ങളോട്, വേദനകളോട്, സാമൂഹിക അസമത്വങ്ങളോട് അങ്ങനെ എക്കാലവും യുദ്ധം തന്നെയായിരുന്നു. വികലാംഗർക്ക് അർഹതപ്പെട്ട പുരസ്കാരങ്ങൾക്കായി ഭരണകൂടത്തോടു പോലും അവർ യുദ്ധം ചെയ്തു. 32 സർജറിവരെ കഴിഞ്ഞു. ദക്ഷിണകൊറിയയിലും ബാഴ്സിലോണയിലും ഏതൻസിലും ബെയ്ജിങ്ങിലും (പാരാലിമ്പിക്സ്) ഇന്ത്യയെ പ്രതിനിധീകരിച്ചു. ഇതിനിടയിൽ ജീവിതത്തിൽ അനുഭവിച്ച ക്ലേശങ്ങളും നേട്ടങ്ങളും 'അതുല്യ'ത്തിലൂടെ മാലതി പങ്കുവയ്ക്കുന്നുണ്ട്. അച്ഛൻ കൃഷ്ണമൂർത്തി. അമ്മ പദ്മാവതി, സഹോദരങ്ങൾ മഞ്ജുനാഥ്, ജഗന്നാഥ്, ലീല. ജീവിതത്തിൽ കൂടുതൽ കടപ്പെട്ടത് അച്ഛനോടാണ്. സുഹൃത്ത്, വഴികാട്ടി അങ്ങനെ നിരവധി റോളുകൾ...

പഠനത്തിലെ വിഷമതകളെക്കുറിച്ചും പിന്നിട്ട വഴികളെക്കുറിച്ചും വളരെ ഭംഗിയായി പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അധ്യാപകരെക്കുറിച്ചുള്ള ഓർമകളിൽ ഗുരുത്വം നിറഞ്ഞ വാക്കുകൾ നമുക്ക് ദർശിക്കാം. പിന്നീടുണ്ടായ സുഹൃദ്ബന്ധങ്ങൾ ഒട്ടേറെ ശക്തമായിരുന്നു. 'അതുല്യ'ത്തിലെ ഓരോ പേജിലൂടെയും കടന്നുപോകുമ്പോൾ മറക്കാൻ കഴിയാത്ത ഓരോ അനുഭവങ്ങളിലൂടെ യാത്ര ചെയ്യുന്നപോലെ നമുക്കു തോന്നാം.

ബാല്യകാലത്ത് അതിരുകളില്ലാതെ ഓടണം എന്ന ചിന്തയേ മാലതിക്കുണ്ടായിരുന്നുള്ളൂ. കൊടുങ്കാറ്റിന്റെ വേഗത്തിൽ ഓടണം. ബാല്യം കഴിഞ്ഞപ്പോളാണ് സത്യങ്ങളെ കുറേശ്ശെ ഗ്രഹിക്കാൻ തുടങ്ങിയത്. നടക്കാൻ കാലു വേണമത്രേ, പറക്കാൻ ചിറകുകളും. നിരാശയുണ്ടായില്ല. ഉള്ളിന്റെയുള്ളിൽ എവിടെയോ ഒരു സ്വപ്നം വീണ്ടും...

'ഓടും... എന്നെങ്കിലും ഒരിക്കൽ ഞാൻ ഓടും... മനസ്സിന്റെ വേഗങ്ങൾക്കൊപ്പമല്ലായിരിക്കാം, എങ്കിലും ഓടുകതന്നെ ചെയ്യും ഒരുനാൾ...' ഇതായിരുന്നു മാലതിയുടെ ബാല്യകാലത്തെ വാക്കുകൾ. പോളിയോബാധിതരായ കുഞ്ഞുങ്ങൾക്കുവേണ്ടി മാലതി തുടങ്ങിയ മാതൃഫൗണ്ടേഷൻ എന്ന സ്ഥാപനത്തിലുള്ള ഓരോ കുഞ്ഞും ഇതേ വാക്യങ്ങൾ തങ്ങളുടെ ആത്മാവിനോടു പറയുന്നു.

ജീവിതത്തിലെ പ്രതിസന്ധികളും പരിമിതികളും അതിജീവിക്കാൻ സഹായിക്കുന്ന ശക്തമായ ഒറ്റമൂലിയാണ് പ്രോത്സാഹനം. തന്റെ പിതാവും ഗുരുജനങ്ങളും സുഹൃത്തുക്കളും പകർന്നുനൽകിയ പ്രോത്സാഹനമാണ് മാലതി എന്ന അപൂർവ വ്യക്തിത്വം. അതേ പ്രോത്സാഹനങ്ങളും ആത്മവിശ്വാസവും അണുചോരാതെ തന്റെ കുട്ടികൾക്കും മാലതി ചൊരിയുന്നു. പ്രത്യാശയുടെയും പ്രോത്സാഹനത്തിന്റെയും വാക്കുകളും സമീപനങ്ങളുമാണ് മാലതി കെ ഹൊള്ളയുടെ കഥ.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**ദൈവത്തിന്റെ ഭവനത്തിൽ തഴച്ചുവളരുന്ന ഒലിവുമരംപോലെയാണു ഞാൻ; ദൈവത്തിന്റെ കാരുണ്യത്തിൽ ഞാൻ എന്നേക്കും ആശ്രയിക്കുന്നു.**
സങ്കീർത്തനങ്ങൾ 52:8

**എഡിറ്റോറിയൽ**

# ഭൂമി വിട്ടുകൊടുക്കാം നാടിന്റെ വികസനത്തിനായി

സഞ്ചാരയോഗ്യമായ പാതകൾ എല്ലാക്കാലത്തും മനുഷ്യപുരോഗതിയുടെ മാനദണ്ഡങ്ങളായിട്ടുണ്ട്. മനുഷ്യകുലം ആർജിച്ചെടുത്ത വിസ്മയകരമായ നേട്ടങ്ങളുടെ പിന്നിൽ, അതു നഗരത്തിലായാലും ഗ്രാമത്തിലായാലും, റോഡുകൾക്കും യാത്രകൾക്കും ഒട്ടും ചെറുതല്ലാത്ത സ്ഥാനമുണ്ട്. ഇന്നു കേരളം വികസനരംഗത്തു പിറകിലായിപ്പോയിട്ടുണ്ടെങ്കിൽ അതു യാത്രാസൗകരത്തിന്റെ അപര്യാപ്തതമൂലമാണെന്നും അറിയാത്തവരില്ല. ഈ പശ്ചാത്തലത്തിലാണ് ഭാരതമാല പദ്ധതിയുടെ ഭാഗമായി ഒരറ്റം മുതൽ മറ്റേയറ്റംവരെ നീളുന്ന ആറുവരി ദേശീയപാത - എൻ.എച്ച്. 66, യാഥാർത്ഥ്യമാക്കുന്നതിനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പരിശ്രമങ്ങൾ ചൂടുപിടിച്ച ചർച്ചയാകുന്നത്.

'ദേശീയപാതാവികസനത്തിന് സ്ഥലമേറ്റെടുക്കുന്നത് ആരാധനാലയങ്ങളെ ബാധിച്ചാൽ ദൈവം പൊറുത്തുകൊള്ളും' എന്നു കേരള ഹൈക്കോടതി കഴിഞ്ഞ ദിവസം വിധിന്യായത്തിൽ വ്യക്തമാക്കിയത്, മനുഷ്യന്റെ വികാരവിചാരങ്ങളെ സ്പർശിക്കുന്നതും സ്വാഭാവികപ്രതികരണത്തിനു പ്രേരിപ്പിക്കുന്നതുമാണ്. ജസ്റ്റീസ് പി.വി. കുഞ്ഞിക്കൃഷ്ണന്റെ പരാമർശം വിധിവാക്യമാണെങ്കിലും മനുഷ്യന്റെ ചിന്താമണ്ഡലങ്ങളെ തൊട്ടുണർത്തുന്ന ഒരുന്നതപ്രബോധനവുംകൂടിയാണ്. സർവവ്യാപിയായ ഈശ്വരൻ 'മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലുമിരിക്കുന്നുവെന്നും, അവൻ കരുണാമയനായും കാവൽവിളക്കായും കരളിലിരിക്കുന്നുവെന്നു'മുള്ള ശ്രീകുമാരൻതമ്പിയുടെ സിനിമാഗാനമുൾപ്പെടെ ഉദ്ധരിച്ചുകൊണ്ട് കോടതി നടത്തിയ നിരീക്ഷണം, സാധാരണവിശ്വാസികളിൽ വികാരാവേശവും ഭയാശങ്കയും ഉളവാക്കാമെങ്കിലും അതു വിചാരപ്രധാനവും ഉദാത്തവുമാണ്.

ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, സിമിത്തേരികൾ, ഖബർസ്ഥാനുകൾ തുടങ്ങിയ പരിപാവനമായ സ്ഥലങ്ങൾ മാനവപുരോഗതിയെ മുൻനിർത്തി ഗതാഗതാവശ്യങ്ങൾക്കായി വിട്ടുകൊടുക്കേണ്ടിവന്നാൽ ബന്ധപ്പെട്ടവർ സഹകരിക്കണമെന്നുതന്നെയാണ് കോടതിനിരീക്ഷണം. ദേശീയപാതാവികസനത്തിന്റെ ഭാഗമായി ക്ഷേത്രമിരിക്കുന്ന സ്ഥലം വിട്ടുകൊടുത്ത കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ക്ഷേത്രഭാരവാഹികളുടെ നിലപാട് മാതൃകാപരമാണ്.

ഗതാഗതാവശ്യങ്ങൾക്കായി കുരിശടികളും കപ്പേളകളും ചെറിയ ആരാധനാലയങ്ങളും മാറ്റിസ്ഥാപിക്കേണ്ടിവന്നാൽ എല്ലാ ക്രൈസ്തവവിഭാഗങ്ങളും അതിനു തയ്യാറാകണമെന്ന, കെ.സി.ബി.സി. പ്രസിഡന്റും സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ പ്രസ്താവന ഇത്തരുണത്തിൽ കൂടുതൽ സ്വീകാര്യവും പ്രചോദനാത്മകവുമാണ്. ആരാധനാലയങ്ങൾ മനുഷ്യന്റെ ആത്മീയപുരോഗതിക്കൊപ്പം ഭൗതികപുരോഗതിയും ലക്ഷ്യമാക്കുന്നുണ്ട്. ഏതുമതവും മതാചാര്യന്മാരും മതഗ്രന്ഥങ്ങളും അനുശാസിക്കുന്നതും മനുഷ്യനന്മയും പൊതുക്ഷേമവുമാണ്. ദൈവമഹത്ത്വത്തിനും മനുഷ്യനന്മയ്ക്കുമുതകാത്ത പ്രവർത്തനങ്ങൾക്കോ സിദ്ധാന്തങ്ങൾക്കോ നയങ്ങൾക്കോ ദൈവത്തിന്റെയും മനുഷ്യന്റെയും മുമ്പിൽ സ്ഥാനമില്ലെന്നോർക്കണം.

മാനവപുരോഗതിക്കുവേണ്ടി ഭൂമി വിട്ടുകൊടുത്ത ചരിത്രപാഠങ്ങളാണ് ക്രൈസ്തവസഭകൾക്ക്, പ്രത്യേകിച്ച് കത്തോലിക്കാസഭയ്ക്കുള്ളത്. ഇന്ത്യയുടെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രമായ തുമ്പയ്ക്ക് ആസ്ഥാനമായത് (1963 നവംബർ 21) അവിടുത്തെ മേരി മഗ്ദലന ദൈവാലയമാണ്. അതിനു ധീരമായ നേതൃത്വം വഹിച്ച ബിഷപ് പീറ്റർ ബർണാർഡ് പെരേരയെ, ക്രൈസ്തവസഭകളുമായി ബന്ധപ്പെട്ട ചടങ്ങുകൾക്കെത്തുമ്പോൾ ഡോ. അബ്ദുൾ കലാം അത്യാദരവോടെ അനുസ്മരിച്ചിരുന്നുവെന്നും നമുക്കറിയാം.

അതേസമയം, റോഡുവികസനത്തിന്റെ പേരുംപറഞ്ഞ് പരിപാവനമായ ആരാധനാലയങ്ങൾ യാതൊരു വീണ്ടുവിചാരവും വിവേകവുമില്ലാതെ അധികാരത്തിന്റെ ഗർവിൽ പൊടുന്നനവെ പൊളിച്ചുനീക്കാൻ ശ്രമം നടത്തുമ്പോൾ വിശ്വാസികളുടെ ഹൃദയത്തിലുണ്ടാകുന്ന ആഴമുള്ള മുറിവുകളുണങ്ങാൻ കാലമേറെയെടുക്കും എന്നതും ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നതു നന്നായിരിക്കും. പാരമ്പര്യവും പ്രൗഢിയുമുള്ള ആരാധനാലയങ്ങളെ പരിപാവനമായി സംരക്ഷിക്കേണ്ടതും നമ്മുടെ ചരിത്രപരമായ ദൗത്യവും സാംസ്കാരികമായ ഔന്നത്യവുമാണ്. ആലപ്പുഴ ചേപ്പാട് ആയിരംവർഷം പഴക്കമുള്ള ഒരു ദൈവാലയം പാതവികസനത്തിനായി പൊളിക്കണമെന്ന സ്ഥിതിവന്നപ്പോൾ, സർക്കാരും ഇന്ത്യൻ ആർക്കിയോളജിക്കൽ വകുപ്പും ഇടപെട്ട് അലൈയ്ൻമെന്റിൽ മാറ്റം വരുത്തിയതുപോലുള്ള നിലപാടുകളും ചിലപ്പോൾ അനിവാര്യമായേക്കാം.

ദേശീയപാതാവികസനം മനുഷ്യപുരോഗതിക്ക് ആവശ്യമാണെങ്കിലും, ആരുടെയും മതവിചാരവികാരങ്ങളെ വ്രണപ്പെടുത്താതെ, അവധാനതയോടെ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സർക്കാരിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വിശ്വാസികളുൾപ്പെടെയുള്ള പൊതുജനങ്ങൾക്കും കഴിയട്ടെ. ■

# പൗരന്റെ സ്വകാര്യതയിൽ ഭരണകൂടം നുഴഞ്ഞുകയറുമ്പോൾ

*(1-ാം പേജ് തുടർച്ച)*

ചാരവൃത്തിറിപ്പോർട്ടുകൾ കേന്ദ്രസർക്കാരും ബി.ജെ.പിയും ശക്തമായി നിഷേധിച്ചുവെങ്കിലും അതിനുപയോഗിച്ച ഇസ്രയേൽ കമ്പനിയുടെ 'പെഗാസസ്' സ്പൈവെയർ ഉപയോഗിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് ഇതുവരെ വ്യക്തമായ ഉത്തരം നൽകാൻ ബന്ധപ്പെട്ടവർക്കു കഴിയാത്തത് വിമർശനങ്ങളുടെ മൂർച്ചയും വിവാദത്തിന്റെ വ്യാപ്തിയും കൂട്ടുന്നുണ്ട്.

**പെഗാസസ് സോഫ്റ്റ്വെയർ**

2010 ൽ രൂപീകൃതമായ ഇസ്രയേൽ കമ്പനിയായ എൻ.എസ്.ഒയാണ് പെഗാസസിന്റെ ഉപജ്ഞാതാക്കൾ. സ്മാർട്ട്ഫോണുകളിലെ രഹസ്യം ചോർത്താൻ സഹായകമായ ചാരസോഫ്റ്റ്വെയറാണ് പെഗാസസ്. എസ്.എം.എസുകൾ, ഫോൺ കോളുകൾ, വാട്സാപ്പ് സംഭാഷണങ്ങൾ തുടങ്ങിയവ കൂടാതെ ഫോൺ ക്യാമറവഴിയും വിവരങ്ങൾ ചോർത്താൻ പെഗാസസിനു കഴിയും. ചുരുക്കിപ്പറഞ്ഞാൽ, സ്മാർട്ട്ഫോൺ കൈവശം വയ്ക്കുന്ന വ്യക്തിയുടെ മുഴുവൻ പ്രവൃത്തികളും ഒളിഞ്ഞിരുന്ന് റിപ്പോർട്ടു ചെയ്യാൻ പെഗാസസിനു കഴിയുമെന്നു ചുരുക്കം.

2019 ലാണ് ചാരസോഫ്റ്റ്വെയറായ പെഗാസസ് ആദ്യമായി ആഗോളതലത്തിൽ ചർച്ചയാവുന്നത്. 20 രാജ്യങ്ങളിൽനിന്നുള്ള 1400 പേരുടെ വിവരങ്ങളാണ് അന്നു ചോർന്നത്. ഇന്ത്യക്കാരുടെ ഫോണുകളും ചോർത്തപ്പെട്ടുവെന്ന വാർത്തകൾ വന്നതോടെ കേന്ദ്രസർക്കാർ വാട്സാപ്പിനോടു വിശദീകരണം തേടി. തുടർന്ന് 2019 നവംബറിൽ മറുപടി നൽകിയ വാട്സാപ്പ്, വിവരങ്ങൾ ചോർന്നതിൽ കേന്ദ്രസർക്കാരിനോടു ഖേദം പ്രകടിപ്പിച്ചിരുന്നു. സുരക്ഷാകാര്യങ്ങളിൽ കടുത്ത നടപടി സ്വീകരിക്കുമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്നും വാട്സാപ്പ് അന്നു വിശദീകരണം നൽകി. പ്രതിരോധവുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതികളിലുൾപ്പെടെ അന്ന് ഇതു ചർച്ചയായെങ്കിലും അധികം വിവരങ്ങൾ പുറത്തുവന്നിരുന്നില്ല. വാട്സാപ്പിന്റെ സുരക്ഷാവീഴ്ച എന്നതിനപ്പുറം പെഗാസസിന്റെ ചാരസോഫ്റ്റ്വെയറിലേക്ക് അധികം മാധ്യമശ്രദ്ധ അന്നു പതിഞ്ഞിരുന്നില്ല.

എന്നാൽ, ഈ സംഭവത്തിനുശേഷം വാഷിങ്ടൺ പോസ്റ്റ് ഉൾപ്പെടെ ലോകമെമ്പാടുമുള്ള പതിനാറു വ്യത്യസ്ത മാധ്യമസ്ഥാപനങ്ങളും സംഘടനകളും നടത്തിയ സമഗ്രാന്വേഷണവും കണ്ടെത്തലുകളുമാണ് പെഗാസസ് സോഫ്റ്റ് വെയർ ഇന്ത്യയിൽ ചാരവൃത്തിക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയത്. ഫ്രാൻസിലെ മാധ്യമസ്ഥാപനമായ ഫോർബിഡൻ സ്റ്റോറീസും ആംനസ്റ്റി ഇന്റർനാഷണലും ടൊറന്റോ യൂണിവേഴ്സിറ്റിയിലെ ലബോറട്ടറിയുടെ സാങ്കേതിക ഉപദേശത്തോടെ രൂപപ്പെടുത്തിയ ഡിജിറ്റൽ ഫൊറൻസിക് പരിശോധനവഴിയാണ് പെഗാസസിന്റെ ഇടപെടലുകൾ ശാസ്ത്രീയമായി സ്ഥിരീകരിച്ചു പരസ്യപ്പെടുത്തിയത്. ഇന്ത്യയിൽ പെഗാസസ് ഡേറ്റാബേസിലുള്ള ആയിരം ഫോൺ നമ്പറുകളിൽ 300 എണ്ണത്തിലും ചോർത്തൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

ലഹരി-മനുഷ്യക്കടത്ത് മാഫിയകൾ, അന്താരാഷ്ട്രഭീകരവാദസംഘടനകൾ, കൊടുംകുറ്റവാളികൾ തുടങ്ങിയവരെയൊക്കെ പിന്തുടരുന്നതിനും പിടികൂടുന്നതിനും പെഗാസസ് വിജയകരമായി ഉപയോഗിക്കാൻ കഴിയുമെങ്കിലും, മനുഷ്യാവകാശപ്രവർത്തകരെയും മാധ്യമപ്രവർത്തകരെയും ഉത്തരവാദപ്പെട്ട പ്രതിപക്ഷ നേതാക്കളെയും എന്തിനേറെ, സർക്കാരിന്റെ ഭാഗമായവരെപ്പോലും വേട്ടയാടുന്നത് അധാർമികമാണ്.

പൗരാവകാശങ്ങൾക്ക് ഏറെ പുകൾപെറ്റ ജനാധിപത്യരാജ്യമായ ഇന്ത്യയുടെ യശസ്സിനു കളങ്കം ചാർത്തുന്ന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഏകാധിപത്യരാജ്യങ്ങളെ നാണിപ്പിക്കുംവിധം പൗരന്റെ സ്വകാര്യതകളിലേക്കു ഭരണകൂടം നുഴഞ്ഞുകയറുന്നുവെന്നത് ഒട്ടും ആശാസ്യമല്ല. സ്വകാര്യതയ്ക്കുള്ള അവകാശത്തെ മൗലികാവകാശങ്ങളുടെ ഭാഗമായിപ്പോലും വ്യാഖ്യാനിച്ചിട്ടുള്ള ഒട്ടനവധി കോടതിവിധികൾ ഉണ്ടായിട്ടുള്ള രാജ്യമാണ് ഇന്ത്യ. രണ്ടായിരാമാണ്ടിൽ പാർലമെന്റ് പാസ്സാക്കിയ ഇന്ത്യൻ ഐ.ടി. ആക്ട് സെക്ഷൻ 69 പ്രകാരം രാജ്യത്തിന്റെ സുരക്ഷയും പരമാധികാരവും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫോണുകൾ ഉൾപ്പെടെയുള്ളവവഴി സ്വകാര്യവിവരങ്ങൾ ചോർത്താനും ശേഖരിക്കാനും വിവിധ കേന്ദ്രസർക്കാർ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിലും രാജ്യത്തെക്കാൾ ഉപരിയായി ഭരിക്കുന്നവർ ഭയപ്പെടുന്നവരെയും ഭരണകൂടത്തിനു താത്പര്യമില്ലാത്തവരെയും വേട്ടയാടാനും രഹസ്യങ്ങൾ ചോർത്താനും അനുവദിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. പൗരാവകാശങ്ങൾക്കും സ്വകാര്യതയ്ക്കുള്ള അവകാശങ്ങൾക്കും നേരേ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള പുതിയ സൈബർ ഭീഷണികൾ ഇന്ത്യയുടെ ജനാധിപത്യം ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും ദുഷ്കരമായ വഴികളുടെ നേർചിത്രങ്ങളാണ്. ■

കഥ

# മേരിയുടെ ഗാഗുൽത്താ





നിഷ ആന്റണി

എന്റെ ജിൻസാ.. കൊറോണയായോണ്ടല്ലേ..... പൊറത്തിറങ്ങുന്നോരേം നോക്കി പോലീസ് വഴീല് നിക്കണണ്ട്. ഇല്ലേൽ ഞാൻ കൊണ്ടോയ് കൊടുത്തേനെ... മേരി കെഞ്ചി.

ഓ... ചേച്ചിക്ക് ആവശ്യം വരുമ്പോ നമ്മളെയൊക്കെ വിളിക്കാലേ... അല്ലാത്തപ്പോ ഒരു മൈൻഡൂല്ല...

നാവിൽ കുരുത്തു വന്ന പുളിച്ചത് പുലമ്പാതെ മേരി ജിൻസനെ നോക്കി.

കാശിനാവിശോണ്ടായിട്ടാടാ.... ജോണിച്ചനെ ആശുത്രീ കാണിക്കാനാ...

ചളിവർത്താനം പറയാൻ തുടങ്ങിയ ജിൻസൺ പെട്ടെന്നത് നിർത്തി, മേരി, സഞ്ചിയിലാക്കി നൽകിയ കോഴികളേംകൊണ്ട് സൈക്കിൾ ചവിട്ടി.

നീയപ്പം അതിനേം വിറ്റോടീ മേര്യേയ്... അതിരിനപ്പുറത്തുനിന്ന് തോട്ടി കെട്ടി മുരിങ്ങക്കാ ഒടിച്ചോണ്ടിരുന്ന താണ്ടമ്മച്ചി ചോദിച്ചു.

അല്ലാണ്ടിപ്പോ പൈസ എങ്ങനെ ഉണ്ടാക്കാനാ താണ്ടമ്മച്ചീ.. കഴിഞ്ഞ പ്രാവശ്യം പത്തുദെവസത്തേക്ക് ആയിരം രൂപയാ കൊടുത്തേ... ഈ പ്രാവശ്യം അച്ചനോടൊന്നു പറഞ്ഞ് ഫീസ് കുറയ്ക്കണം.

അവനൊക്കെ പോയവഴി പോട്ടെന്നു വയ്ക്കണം മേരീ. ഇങ്ങനൊരു കെട്ട്യോൻ. കോഴീനേം കട്ടുതിന്ന് കള്ളും വാറ്റി നടക്കുന്നു.

അങ്ങനെ കളയാനൊക്കുവോ താണ്ടമ്മച്ചീ. സ്നേഹോണ്ടായിട്ടൊന്നുമല്ല. എന്നെപ്പോലെ പെണ്ണുങ്ങളുള്ള വീടിന് ഈട്ടികൊണ്ടുള്ള വാതില് മാത്രം പോരാ. നടവാതിക്കല് ആണൊരുത്തൻ വേണം... ഇല്ലേൽ കണ്ടോൻമാര് വഴി തെറ്റി വന്നു കേറും താണ്ടമ്മച്ചീ.

മേരീടെ പരാതി കേട്ടിട്ടാവണം ഉണങ്ങിക്കിടന്നിരുന്ന മുറ്റത്തേക്ക് പെട്ടെന്ന് മഴ പൊട്ടിപ്പൊട്ടി വീണു. മഴയുടെ കുത്തേറ്റ് മണ്ണിനോടൊപ്പം മേരിയും നെടുവീർപ്പിട്ടു.

ഇരമ്പിവന്ന പേമാരിയിൽ കയ്യാലയ്ക്കടുത്തു വച്ച കോഴിക്കൂട്ടിലേക്കു നോക്കി മേരി എന്തൊക്കെയോ പിറുപിറുത്തു. മഴ കൊണ്ട് പാതിയും നനഞ്ഞ നൈറ്റി അടിപ്പാവാടയുടെ കെട്ടിലേക്ക് തിരുകിക്കയറ്റി മേരി മുന്നോട്ടേക്കിറങ്ങി നടന്നു.

എറങ്ങടീ മോളീ താഴേക്ക്....

പാവൽവള്ളിക്കു മുകളിലായി ചാഞ്ഞുകിടന്നിരുന്ന ഞാവൽ മരത്തിന്റെ ചില്ലയിലിരുന്ന് തന്നന്നം, താനന്നം കളിക്കുന്ന പുള്ളിക്കോഴിയെ നോക്കി മേരി തൊണ്ടകാറിച്ചു.

മഴ നനയാണ്ട് ഇങ്ങോട്ടിറങ്ങടീ...

മേരി ഏന്തിവലിഞ്ഞുനിന്ന് ഞാവൽച്ചില്ലയുടെ തുമ്പിളക്കിയപ്പോൾ ചുവന്നുരുണ്ട മോളിപ്പെടച്ചി ഒന്നിളകി താഴേക്കു ചാടി. മോളിയെ അടക്കം, പത്തു കോഴികളെ കൂട്ടിനുള്ളിലേക്കു കയറ്റിവിടുന്ന നേരത്താണ് ജോണിക്കുട്ടി വന്നു കയറുന്നത്.

ഗുണനരൂപേണ കാലുകൾ വച്ച് നടന്നുവരുന്ന കെട്ട്യോനെ കണ്ടപ്പോൾ മേരിക്ക് എങ്ങാണ്ടുന്നൊക്കെയോ ഒരു പൊളപ്പ് കയറി വന്നു.

നിന്റെ തള്ള കൂട്ടിക്കയറിയോടീ മേര്യേ?

അമ്മയുടെ ഓർമയ്ക്കുവേണ്ടി ഇട്ടതാണ് കോഴികളിലൊരെണ്ണത്തിന് മോളിക്കുട്ടിയെന്ന പേര്.

അതിനെ കളിയാക്കിയാണ് ചോദ്യം. ചോദ്യത്തോടൊപ്പം പൊറത്തേക്കു തെറിച്ച കാറ്റിൽ ഒരു വാട വന്ന് മേരിയെ വെറുപ്പിച്ചു.

ഈസ്റ്ററിന്റന്ന് തൊടങ്ങ്യ ആഘോഷാ....

ഒടേതമ്പ്രാൻ കല്ലറേന്ന് എണീറ്റ് സ്വർഗ്ഗത്തീപ്പോയിട്ട് മാസങ്ങള് കഴിഞ്ഞു മനുഷ്യാ. ഇനീങ്കിലും നിർത്തരുതോ.

ഓരോ ആഘോഷങ്ങളും യുദ്ധങ്ങളായിട്ടാണ് മേരിക്കു തോന്നീത്. ആഘോഷങ്ങളുടെ അവസാനം ജീവിതം ഇല്ലാണ്ടാകുന്നു.

ജോണിക്കുട്ടിയെ നോക്കി ഏതാണ്ടൊക്കെ പിറുപിറുത്ത് നിന്നപ്പോ പാവലിലകളിൽ നിന്ന് ഒരെറുമ്പുവന്ന് മേരിയുടെപിൻകഴുത്തിൽ കടിച്ചു. കഴുത്തു തിരുമ്മുന്നതിനിടയിൽ നീണ്ട മുടിക്കെട്ടഴിഞ്ഞ് മഴനീരിനാൽ നനയാൻ തുടങ്ങി.

വേദനയുടെ ആധിക്യംകൊണ്ടാണോ, ഉള്ളിലുറഞ്ഞു കൂടിയ ദേഷ്യം കൊണ്ടാണോ മേരി വീണ്ടും തനിക്കറിയാവുന്ന ഭാഷയിൽ കുറെ പദങ്ങളെ അലക്കി വെളുപ്പിക്കാതെ പുറത്തേക്കെറിഞ്ഞു:

എന്നെക്കൊണ്ട് പറേപ്പിക്കരുത്... മൊട്ടയിടാൻ പാകത്തിലുള്ള നാല് കന്നിപ്പെടച്ചികളെ വിറ്റുകിട്ടിയ പൈസകൊണ്ടാ കഴിഞ്ഞ മാസം, ഗാഗുൽത്തായിൽ കൊണ്ടോയി കുടി നിർത്ത്യേ... എന്നിട്ടൊരു മാസം തെകച്ചില്ല.. അതിനും മുന്നേ തൊടങ്ങീല്ലേ നിങ്ങള്?

പ്രാണവായു കിട്ടാൻ മനുഷ്യൻ നെട്ടോട്ടമോടുന്ന കാലത്താ കള്ളുവാറ്റാൻ കാലമാടൻ നടക്കുന്നത്. നന്നാവൂല്ല മനുഷ്യാ...

മേരി തിണ്ണയിൽ കിടന്നിരുന്ന ചവിട്ടിയിൽ കാലുതിരുമ്മിത്തേച്ച് അകത്തേക്കു കയറി.

ഇളംമഞ്ഞനിറം വീണുകിടന്നിരുന്ന ഭിത്തിയിൽ പലപ്പോഴും നോക്കാൻ മടിച്ചുകിടന്നിരുന്ന അമ്മയുടെ വെളുത്തു കറുത്ത ഫോട്ടോ പൊടിപിടിച്ച് നിറം മങ്ങിക്കിടക്കുന്നു. മേരിക്ക് അതിലേക്കു നോക്കി ആർത്തലച്ചു കരയാൻ തോന്നി.

എന്തിനാണമ്മേ എന്നെ?

അവൾ പൂർത്തിയാക്കിയില്ല. ബാക്കി പറയാനുണ്ടായിരുന്ന വാക്കുകൾ ചത്തുമലച്ച് മേരിയുടെ ഉദരത്തിൽ ചുരുണ്ടുകൂടിക്കിടന്നു.

വർഷങ്ങൾക്കുമുമ്പ് കോട്ടയത്തുനിന്നു പുല്ലുരാമ്പാറയിലേക്കു പറിച്ചുനട്ടപ്പോ അമ്മയായിരുന്നു വീടിന്റെ വാതിലും മേൽക്കൂരയും. അപ്പൻ മരിച്ചുപോയപ്പോഴുള്ള വേദന അമ്മ കൊന്തചൊല്ലുമ്പോ മാത്രം കരഞ്ഞും പറഞ്ഞും തീർത്തു.

പിന്നെ കോഴീനേം താറാവിനേം വളർത്തീം വിറ്റുമാണ് ജീവിതം വലിച്ചുനീട്ടിയത്. അങ്ങനെ, മണ്ണിനേം മാനത്തേം നോക്കീം ചിരിച്ചും വർത്തമാനം പറഞ്ഞു ജീവിച്ചോണ്ടിരുന്നപ്പോഴാണ് പ്രളയം പറയാത്ത വിരുന്നുകാരനായി പടികടന്നു വന്നത്. അതോടെ വീടും താറാവുമൊക്കെ വെള്ളത്തിനടിയിൽപ്പെട്ടു.

മുന്നോട്ട് എങ്ങനെയാ എന്റെ മാതാവേന്ന് നെലോളിച്ച് പതം പറേന്ന സമയത്താണ് ഇടവകക്കാരു ചേർന്ന് ഒരു ചെറിയ വീട് പണിതു തന്നത്.

സങ്കടം കരകയറിയ കാലത്ത് അമ്മ ആദ്യം ചെയ്തത് തന്റെ യൗവനത്തെ തീറെഴുതിക്കൊടുക്കലായിരുന്നു.

തടിമില്ലില് പണിക്കു വന്ന ജോണിക്കുട്ടിയായിരുന്നു വരൻ.

ചെറുക്കന് നല്ല ആരോഗ്യോണ്ട് പെണ്ണേ... ഒരു പെണ്ണിനെ പോറ്റാൻ ആദ്യം വേണ്ടതതാ... മാത്രമല്ല, തന്തേം തള്ളേമൊക്കെ മരിച്ചോണ്ട് ചെറുക്കൻ നമ്മടെ കൂടെത്തന്നെ കൂടിക്കോളും...

പുതുതായി വിരിയിച്ച കോഴിക്കുഞ്ഞുങ്ങളെ കുട്ടയ്ക്കുള്ളിലേക്കു കയറ്റി മൂടുന്നതിനിടേൽ മോളമ്മ പറഞ്ഞു.

മേരിയും കാണായ്കയല്ല ജോണിക്കുട്ടിയെ...

ഒരൊറ്റക്കാതൽ തേക്ക് ഭൂമിയേന്ന് പൊന്തിച്ച് ആകാശത്തിനു നേർക്കു നിർത്തുന്ന ജോണിക്കുട്ടി തന്നെയും എടുത്തുയർത്തി കരിമ്പൻമലേടെ നെറുക കാണിക്കുമെന്ന് മേരി കരുതി. ഒന്നുരണ്ട് മാസക്കാലം അമ്മായിയമ്മേം മരുമകനും കെട്ട്യോളും സ്നേഹത്തോടെ തിന്നും കുടിച്ചും കഴിഞ്ഞു. ദിവസങ്ങൾ സന്തോഷത്തോടെ കഴിഞ്ഞു പോണേന്റിടയ്ക്ക് ജോണിക്കുട്ടി ഒന്നങ്ങ് കാലു മാറി.

എന്റെ ജോണ്യേ...

നീയ്യി പടപ്പ് പടച്ചിട്ടൊന്നും കാര്യോല്ല. ഈ പൊന്തിക്കാൻ മേലാത്ത തടി പിടിച്ച് നെന്റാരോഗ്യം പോകൂന്നല്ലാണ്ട് എന്താൺടാ ബാക്കീള്ളത്? മേര്യാണെ നല്ല എളപ്പോം... നെന്റെ കൈ അനക്കാൻ മേലാണ്ടാവൂട്ടോ... ഇമ്മിണി കാശൊണ്ടാക്കണേല് എന്റെ കൂടെ വാ... ഈ കരിമ്പൻ മലേടെ ഉച്ചീല് നല്ല പണീണ്ട്.

എന്തു പണ്യാന്റെ പ്രാഞ്ചീ...?

എന്താണേലും വൈകുന്നേരം രണ്ട് പച്ച എന്റെ പോക്കറ്റീ വീഴണം. അമ്മായിയമ്മേടെ ചെലവില് ജീവിക്കാൻ മേല.

രണ്ടിനു പകരം രണ്ടിരട്ടി പച്ച തടയും. സംഗതി രഹസ്യാ... വാറ്റാണ്... പക്ഷേ, പേടിക്കാനൊന്നൂല്ല. ഈ കരിമ്പൻമല മുഴുവൻ മൊതലാളീന്റെ കൈവെള്ളേലാ... സാധനം വാറ്റി റിസോട്ടിലെത്തിക്കണം... മലേന്ന് താഴോട്ട് വണ്ടിയൊന്നുമില്ല. നടന്നുതന്നെ പോണം. നെന്റെ തടിമിടുക്ക് കണ്ടിട്ടാടാ മൊതലാളി ഇക്കാര്യം പറയാൻ എന്നെ ഏല്പിച്ചത്.

അതായിരുന്നു സകല ഒടുക്കത്തിന്റെയും തുടക്കം. അതോടുകൂടി മോളമ്മയുടെ കുടുംബത്തിലിരിട്ടു വീണു. മേരി കണ്ണീരൊഴുക്കാനും തുടങ്ങി.

പിഞ്ഞിപ്പറിഞ്ഞു പോകുന്ന ദിവസങ്ങളുടെ അസ്വസ്ഥത കൂടിയിട്ടാണോ എന്നറിയില്ല. കരിമ്പൻ മലേന്നിറങ്ങിയ തണുത്ത കാറ്റില് മോളമ്മേടെ പ്രാണനങ്ങ് മരവിച്ചു.

തന്റെ അമ്മച്ചി മരിച്ച് നാല്പത്തിയൊന്നു തികയുംമുമ്പ് കരിമ്പൻ മല കയറിയ ജോണിക്കുട്ടിയെ നോക്കി മേരി നെഞ്ചത്തടിച്ചു.

നിയ്യിങ്ങനെ കെടന്ന് നെലോളിച്ചാലോ മേര്യേ... നിന്റപ്പൻ പോയപ്പാ മോളമ്മ നെന്നേംകൊണ്ട് ജീവിച്ചില്ലേ... അതുപോലെ നിയ്യങ്ങ്ട് ജീവിക്കടീ... താണ്ടമ്മച്ചി പറഞ്ഞു.

ജോണിക്കുട്ടി കരിമ്പൻമല കയറാൻ പോകുന്ന ദിവസങ്ങളിലൊക്കെ പെരയ്ക്കു ചുറ്റും ചില പരുന്തനക്കങ്ങൾ ഉള്ളതായി മേരിക്കു തോന്നി. വീടിന്റെ പിന്നാമ്പുറത്തൂന്ന് മേര്യേയ്... എന്ന പതുങ്ങിയ വിളികൾ പാമ്പിനെപ്പോലെ മാളംവിട്ട് പുറത്തേക്കിഴയാൻ തുടങ്ങിയപ്പോൾ മേരി കൂട്ടിന് താണ്ടമ്മച്ചിയെ വിളിച്ചു.

എന്റെ വേതന ഞാൻ ആരോടും പറയും താണ്ടമ്മച്ചീ...

പെണ്ണ് സകല രഹസ്യത്തിന്റേം സൗന്ദര്യമാ മേരീ. വേതന ഉള്ളിലൊതുക്കി ചിരിച്ചോണ്ട് നടക്കണം. വെറുപ്പിക്കാൻ നിക്കണ്ട ഇവറ്റകളെ... വാക്കത്തി എടുത്തു വെട്ട്യാ നിയ്യ് നാളെ ഒറ്റപ്പെടും. പ്രാവിന്റെ നിഷ്കളങ്കതേം സർപ്പത്തിന്റെ ബുദ്ധീം വേണംന്ന് തമ്പുരാൻ കർത്താവ് പറഞ്ഞിട്ടില്ലേ... അതൊക്കെ വായിക്കാൻ മാത്രല്ലാ... ജീവിതത്തില് ഓരോരോ അനുഭവങ്ങൾ വരുമ്പം പകർത്താനുവാ.

പിറ്റേന്നു പകൽ പത്തു മുട്ടയും കൊണ്ടാണ് താണ്ടമ്മച്ചി എത്തീത്.

ഇതങ്ങ് വിരീക്ക് മേരീ...

നീ നെന്റമ്മച്ചിയെപ്പോലെ കോഴിക്കൃഷി തൊടങ്ങ്...

മുട്ട വിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങൾ കിയ്യോം കിയ്യോം പാടി മുറ്റത്തൂടെ നടന്നപ്പോൾ മേരി വേദന മറന്നു.

അടച്ചിരുപ്പു കാലമായതോണ്ട് വീട്ടിലിരിക്കുന്ന മുന്ത്യോൻമാരൊക്കെ കോഴിയെ വാങ്ങി വളർത്താൻ തൊടങ്ങി.

ഇതിനിടയിൽ ആശ പൂക്കുമ്പം മാത്രം ജോണിക്കുട്ടി മലയിറങ്ങി വന്ന് മേരിക്കുട്ടിയെ കണ്ടു. വരുമ്പോഴൊക്കെ ഇനി ഒരിക്കലും വാറ്റൂല്ല എന്നുപറഞ്ഞ് കശുവണ്ടിച്ചുനയുടെ മണമുള്ള കൈ കൊണ്ട് അയാൾ മേരിക്കുട്ടിയെ ലാളിച്ചു.

കെട്ട്യോനാണേലും പാതിരാക്കുള്ള ഈ വരവ് അത്ര ശരീല്ല മേരി.

താണ്ടമ്മ ഇരുട്ടിന്റെ ശരികേട് ആവർത്തിച്ചു. പിന്നീടുള്ള ജോണിക്കുട്ടീടെ പാതിരാസന്ദർശനത്തിനൊന്നും മേരി കതകു തുറന്നില്ല.

കാട്ടില് വാറ്റു കഴിഞ്ഞ് തനിച്ചിരുന്നപ്പോഴൊക്കെ ജോണിക്കുട്ടി മേരിയെ ഓർത്തു. ഇങ്ങനെ പോയാൽ തന്റെ പൊറുതി എന്നും കരിമ്പൻമലേലാക്കേണ്ടിവരുമോ എന്നു പേടിച്ച ജോണിക്കുട്ടി മുരിങ്ങേലച്ചനെ ചെന്ന് കണ്ടു.

എനിക്ക് പെരയ്ക്കു കേറണമച്ചോ...

അങ്ങനെ അച്ചനാണ് ഒരു പരിഹാരം മുന്നോട്ട് വച്ചത്.

നീ ഒന്ന് പോയി നന്നാവെന്റെ ജോണ്യേ...

അങ്ങനെ നോമ്പ് തൊടങ്ങണേനുമുമ്പ് വാറ്റു ജോണി ഗാഗുൽത്തായിൽ ചെന്ന് ധ്യാനംകൂടി കുടി നിർത്തി നല്ലവനായി.

ജോണിക്കുട്ടി കുഞ്ഞാടായപ്പോ വീട്ടീൽ സമാധാനമുണ്ടായി.

മേരി അലക്കിത്തേച്ച് കുളിച്ച് ഒന്നൂടി സുന്ദരിയായി. നോമ്പുകാലമായതു കാരണം മേരിയും ജോണിക്കുട്ടിയും ഒന്നിച്ചിരുന്ന് സന്ധ്യാപ്രാർത്ഥന ഉറക്കെ ച്ചൊല്ലി.

കൊറോണ പടർന്നുപിടിച്ച് പുറത്തിറങ്ങാൻ വയ്യാത്ത കാലമായതോണ്ട് ഉണ്ടായിരുന്ന അരയേക്കറിൽ ജോണിക്കുട്ടി ചേനയും, ചേമ്പും നട്ടു.

കാലാവസ്ഥ വല്യ കുഴപ്പമില്ലാതെ അടച്ചിരിക്കലും, തുറക്കലുമായി പോകുന്നതിനിടേലാണ് കർത്താവ് ഉയിർത്തെഴുന്നേറ്റത്.

ഈസ്റ്ററിന്റന്ന് രാവിലെ പള്ളീല് ഇരുപതു പേരു മാത്രമടങ്ങുന്ന കുർബാനയ്ക്കു പോയി തിരിച്ചു വന്ന് അപ്പോം ചുട്ട് ജോണിക്കുട്ടിയെ കഴിക്കാൻ വിളിച്ചപ്പോഴാണ് രണ്ടു കോഴികളോടൊപ്പം പുള്ളി മുങ്ങിയ കാര്യം മേരി അറിയുന്നത്. നീറിപ്പുകഞ്ഞ മേരി വെള്ളം പോലും കുടിക്കാതന്ന് ഇറേത്തിരുന്ന് ദുഃഖവെള്ളി അനുഭവിച്ചു.

മാവ് കലക്കിയ പാത്രം അടുക്കളേലിരുന്ന് പുളിച്ചുപൊന്തി ഒഴുകി.

അടവച്ച മൊട്ടയെല്ലാം വിരിയാറില്ലല്ലോ മേര്യേയ്... ചിലത് ചീമുട്ടയാവാറില്ലേ...

ഉയിർപ്പിന്റെ മുത്തുക്കുടയിൽ താണ്ടമ്മച്ചി മേരിയെ ചേർത്തു പിടിച്ചു.

ചേച്ചീയ്...

സൈക്കിളിന്റെ ബെല്ല് കേട്ടു മേരി പുറത്തേക്കിറങ്ങി. മഴ തീർന്ന് ഇലകൾ മാത്രം നനഞ്ഞു തൂവുന്നു.

കോഴി ഒന്നിന് അഞ്ഞൂറു വീതം മേരിയുടെ ഗാഗുൽത്താ രണ്ടായിരം തന്നിട്ടുണ്ട്...

തിരികെ വന്ന ജിൻസൻ രൂപ മേരിക്കു നേരേ നീട്ടി.

കൈക്കുള്ളിലേക്കു ചുരുണ്ടു കൂടിയ നോട്ടുകളിൽ ഉത്ഥാനത്തിന്റെ ഗാഗുൽത്താ സ്വപ്നം കണ്ടുകൊണ്ട് മേരി വീണ്ടും ഇറേത്തു കിടക്കുന്ന ജോണിക്കുട്ടിയുടെ അടുത്തേക്കു നടന്നു. ■

# അനുതാപികൾക്കായി വാതിൽതുറന്നവൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

## ഓഗസ്റ്റ് നാല് ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ

**ഓ**ഗസ്റ്റ് നാലിനാണ് എല്ലാ വൈദികരുടെയും പ്രത്യേകമായി ഇടവകവൈദികരുടെ മധ്യസ്ഥനായ ജോൺ മരിയ വിയാനിയുടെ തിരുനാൾ. 1859 ഓഗസ്റ്റ് നാലാം തീയതിയാണ് 'ആർസിലെ വികാരി' എന്നറിയപ്പെടുന്ന അദ്ദേഹം തന്റെ 73-ാം വയസിൽ ഇഹലോകവാസം വെടിഞ്ഞത്. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപാപ്പാ 1925 ൽ വിയാനിപ്പുണ്യവാനെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വിശുദ്ധ ജോൺ മരിയ വിയാനിയുടെ ചരമശതാബ്ദിയായ 1959 ൽ ഇരുപത്തിമൂന്നാം ജോൺ മാർപാപ്പാ വിശുദ്ധനെക്കുറിച്ച് ഒരു ചാക്രികലേഖനം പ്രസിദ്ധീകരിച്ചു. 1986 ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ആർസ് സന്ദർശിച്ച് സന്ദേശം നല്കി. വിയാനിപ്പുണ്യവാന്റെ സ്വർഗപ്രാപ്തിയുടെ 150-ാം വർഷത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പായുടെ ആഹ്വാനമനുസരിച്ച് 2009 ജൂൺ മാസത്തിലെ തിരുഹൃദയത്തിരുനാൾ മുതൽ 2010 ലെ തിരുഹൃദയത്തിരുനാൾ വരെയുള്ള കാലം സഭ വൈദികവർഷമായി ആചരിച്ചു. തദവസരത്തിൽ പരിശുദ്ധപിതാവ് വൈദികരുടെ ഖേദകരമായ വീഴ്ചകളെ സൂചിപ്പിക്കുകയും ആർസിലെ വികാരിയെ മാതൃകയാക്കി ഒരു നവീകരണത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു.

തിരുപ്പട്ടമേറ്റ് മൂന്നു വർഷം അസിസ്റ്റന്റ് വികാരിയായിരുന്നതിനുശേഷം 1818 ലാണ് ജോൺ മരിയ വിയാനി ആർസിലെത്തുന്നത്. ആർസ് ഇരുന്നൂറ്റിമുപ്പത് ആളുകൾ മാത്രമുള്ള ഉൾനാടൻ ദരിദ്രഗ്രാമം. പാണ്ഡിത്യമോ പ്രഭാഷണപാടവമോ ഒന്നുമില്ലാത്ത പാവം വികാരി. പക്ഷേ, ഫ്രഞ്ചുവിപ്ലവും ഭരണമാറ്റങ്ങളുമെല്ലാം കഴിഞ്ഞ് വൈദികവിദ്വേഷത്തിന്റെയും നിർമതത്വത്തിന്റെയും ഉച്ചിയിലെത്തിയിരുന്ന ഫ്രാൻസിൽ ഈ പാവം വികാരിയെക്കൊണ്ട് ദൈവത്തിന് ഒരു വലിയ പദ്ധതിയുണ്ടായിരുന്നു.

ആർസിലേക്കു പത്തേന്തി കൊടുത്ത് യാത്രയാക്കുമ്പോൾ രൂപതാധ്യക്ഷൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്: "ആ ഇടവകയിൽ ദൈവസ്നേഹം ഒട്ടും തന്നെയില്ല. താങ്കൾവേണം അതവർക്കു നല്കാൻ."

അന്നും ഇന്നും ഒരിടവക നേരിടുന്ന പ്രധാനം പ്രശ്നം നിസ്സംഗതയും വിരസതയുമാണ്. ഫ്രഞ്ചുകാരനായ ജോർജ് ബർണനോസ് 1936 ൽ പ്രസിദ്ധീകരിച്ച 'ഡയറി ഓഫ് എ കൺട്രി പ്രീസ്റ്റ്' എന്ന നോവലിൽ ഈ അവസ്ഥ വിവരിക്കുന്നുണ്ട്. നോവലിലെ കഥാപാത്രമായ വികാരിയച്ചന്റെ ആത്മഗതമായി അദ്ദേഹമെഴുതി: "എന്റെ ഇടവകയെ വിരസത കാർന്നുതിന്നുകയാണ്. വിരസത - അതാണ് പറ്റിയ പദം. മറ്റു പല ഇടവകകളെയും എന്നപോലെ, നമ്മൾ കണ്ടുനില്ക്കേ വിരസത ആർത്തിയോടെ ഇടവകയെ വിഴുങ്ങുകയാണ്. നമ്മൾ നിസ്സഹായരാണ്. എന്നെങ്കിലും ഈ കാൻസർ നമ്മെയും ബാധിച്ചേക്കാം. അതുംപേറി ദീർഘനാൾ ജീവിച്ചെന്നും വരാം."

എന്നാൽ, ആർസിലെ വികാരി ചുറുചുറുക്കോടെ ധൈര്യമായി രംഗത്തിറങ്ങി. പൗരോഹിത്യം ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹമാണെന്നാണ് വിശുദ്ധൻ പറഞ്ഞിരുന്നത്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1589-ാം നമ്പറിൽ നാം വായിക്കുന്നു: "വിശുദ്ധനായ ആർസിലെ വികാരി പറയുന്നു, പുരോഹിതൻ ഭൂമിയിൽ രക്ഷാകരപ്രവർത്തനം തുടരുന്നു... ലോകത്തിൽ വൈദികനാരെന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കിയാൽ നാം മരിക്കും. ഭയംകൊണ്ടല്ല, സ്നേഹംകൊണ്ട്. യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം." ലളിതമായ വാക്കുകളിൽ അദ്ദേഹമതു പ്രകടിപ്പിച്ചിരുന്നു. ഒരു മാലാഖയെയും വൈദികനെയും ഒന്നിച്ചുകണ്ടാൽ താൻ വൈദികനെയായിരിക്കും അഭിവാദനം ചെയ്യുകയെന്നും ഒരിരുപതുകൊല്ലം ഒരിടവകയിൽ വൈദികനില്ലാതിരുന്നാൽ അവർ മൃഗങ്ങളെ ആരാധിക്കുമെന്നുമാണ് മരിയ വിയാനി പറഞ്ഞിരുന്നത്.

ഇടവകയുടെ മാനസാന്തരത്തിനായി മരിയ വിയാനി നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിച്ചു. നിരവധി പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്തു.

അക്കാലത്ത് അങ്ങനെയൊരു പതിവില്ലായിരുന്നെങ്കിലും അദ്ദേഹം ഇടവകയിലെ ഓരോ വീടും സന്ദർശിക്കാൻ തുടങ്ങി. മിക്കപ്പോഴും ഉച്ചസമയത്താണ് വികാരിയച്ചൻ വീടുകളിലെത്തിയിരുന്നത്. വയലിലെ പണി നിർത്തി എല്ലാവരും ഉച്ചഭക്ഷണത്തിനിരിക്കുന്ന നേരം. അദ്ദേഹം ഇരിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യില്ല. എവിടെയെങ്കിലും ചാരിനിന്നുകൊണ്ട് ഇടവകയിൽ വരേണ്ട മാറ്റങ്ങളെക്കുറിച്ച് സ്നേഹപൂർവം സംസാരിക്കും. മുതിർന്ന തലമുറ അനുഭാവം പ്രകടിപ്പിച്ചിരുന്നെങ്കിലും യുവജനങ്ങൾ പലരും ശത്രുക്കളായി മാറി. അപവാദങ്ങളും പരാതികളും പ്രചരിച്ചുതുടങ്ങി. രോഷപ്രകടനങ്ങളും ചീത്തവിളിയുമെല്ലാം സഹിക്കേണ്ടിവന്നു. ആർസിൽ എന്തെല്ലാം സഹിക്കേണ്ടിവരുമെന്ന് മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിൽ താൻ തൽക്ഷണം മരിച്ചുവീണേനെ എന്നാണ് അദ്ദേഹം പറഞ്ഞത്.

സാവധാനം മാറ്റങ്ങൾ വന്നുതുടങ്ങി. ശനിയാഴ്ച രാത്രിമുഴുവൻ നീണ്ടുനിന്നിരുന്ന ഡാൻസ് പരിപാടികൾ നിലച്ചു. ആളുകൾ പള്ളിയിൽ വന്നുതുടങ്ങി. വികാരാധീനനായി ദൈവസ്നേഹത്തെക്കുറിച്ചും മനസ്തപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം പ്രസംഗിച്ചപ്പോൾ ആളുകൾ പള്ളിയിലിരുന്നു കണ്ണുനീർ വാർത്തു. കുമ്പസാരത്തോടു യാതൊരാഭിമുഖ്യവുമില്ലാതിരുന്ന കാലത്ത് അനുതാപത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ആർസിലെ വികാരിയുടെ പക്കൽ കുമ്പസാരിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു. ജോൺ മരിയ വിയാനി ആർസിൽ വികാരിയായിരുന്ന നാല്പത്തിയൊന്നു വർഷത്തിൽ ഇരുപതുവർഷം പിന്നിട്ടപ്പോഴാണ് ആർസിലെ കുമ്പസാരക്കൂട്ടിലേക്ക് അനുതാപികളുടെ ഒഴുക്ക് ആരംഭിക്കുന്നത്. ദിവസേന പതിനാറു മണിക്കൂർ കുമ്പസാരിപ്പിച്ചാലും ആളുകൾ തീരുകയില്ലായിരുന്നു. ദിവസങ്ങൾ കാത്തുകഴിച്ചാണ് പലരും കുമ്പസാരിച്ചതും അദ്ദേഹത്തോട് അനുഗ്രഹം തേടിയതും. തീർത്ഥാടകരുടെ മനസ്സു വായിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

വിശുദ്ധൻ 1848 നോടടുത്ത് എഴുതിയ ദൈവസ്നേഹപ്രകരണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് ഉപസംഹരിക്കുന്നു:

"ഓ! എന്റെ ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. എന്റെ ഏക ആഗ്രഹം അവസാന ശ്വാസംവരെ അങ്ങയെ സ്നേഹിക്കുക എന്നതാണ്. അനന്തമായ സ്നേഹത്തിന് അർഹനായ ദൈവമേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങയെ സ്നേഹിക്കാതെ ഒരുനിമിഷം കൂടുതൽ ജീവിക്കുന്നതിനെക്കാൾ അങ്ങയെ സ്നേഹിച്ചുകൊണ്ട് മരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. കർത്താവേ, ഞാനങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ നിത്യമായി സ്നേഹിക്കാനുള്ള കൃപ മാത്രമേ ഞാൻ യാചിക്കുന്നുള്ളൂ.


ഓ! എന്റെ ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു, അങ്ങയെ പൂർണമായി സ്നേഹിക്കാനുള്ള സൗഭാഗ്യം ലഭിക്കാനായി മാത്രമാണ് ഞാൻ സ്വർഗഭാഗ്യം അഭിലഷിക്കുന്നത്. അനന്തനന്മയായ എന്റെ ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നു. ഞാൻ നരകത്തെ ഭയപ്പെടുന്നത്, അവിടെ അങ്ങയെ സ്നേഹിക്കുക എന്ന മധുരസാന്ത്വനം ഒരിക്കലും ലഭ്യമാകില്ലാത്തതുകൊണ്ടാണ്.

എന്റെ ദൈവമേ, ഞാനങ്ങയെ സ്നേഹിക്കുന്നുവെന്ന് എല്ലാ നിമിഷവും പറയാൻ എന്റെ നാവ് അശക്തമായാൽ, ഞാൻ ശ്വസിക്കുന്നിടത്തോളം കാലം എന്റെ ഹൃദയം ഈ പ്രകരണം ആവർത്തിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. എന്റെ ദൈവമേ, അങ്ങയെ സ്നേഹിച്ചുകൊണ്ട് സഹിക്കാനും, വേദന സഹിച്ചുകൊണ്ട് അങ്ങയെ സ്നേഹിക്കാനുമുള്ള കൃപ നല്കണമേ. എന്റെ ദിവ്യരക്ഷകാ, ഞാനങ്ങയെ സ്നേഹിക്കുന്നു. എനിക്കുവേണ്ടി അങ്ങ് ക്രൂശിക്കപ്പെട്ടതുകൊണ്ട് ഞാനങ്ങയെ സ്നേഹിക്കുന്നു; അങ്ങേക്കായി ക്രൂശിക്കപ്പെട്ടവനായി എന്നെ ഈ ലോകത്തിൽ കാത്തുകൊള്ളുന്നതുകൊണ്ട് ഞാനങ്ങയെ സ്നേഹിക്കുന്നു. ....

എന്റെ ദൈവമേ, അങ്ങയെ സ്നേഹിച്ചുകൊണ്ടും സ്നേഹിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടുകൊണ്ടും മരണമടയാനുള്ള കൃപാവരം നല്കണമേ. എന്റെ ദൈവമേ, എന്റെ അന്ത്യത്തോട് അടുക്കുന്നതിനനുസൃതമായി അങ്ങയോടുള്ള എന്റെ സ്നേഹം വർദ്ധിക്കാനും പൂർണമാകാനും എന്നെ അനുഗ്രഹിക്കണമേ.

'സ്നേഹനിധിയായ നമ്മുടെ ദൈവം ശല്യപ്പെടുത്തപ്പെടുവാൻ ഇഷ്ടപ്പെടുന്നുവെന്ന്" പ്രാർത്ഥനയെപ്പറ്റിപ്പറഞ്ഞ വിശുദ്ധ ജോൺ വിയാനിയുടെ മധ്യസ്ഥതയിൽ വൈദികർക്കായി ദൈവത്തോട് എന്നും പ്രാർത്ഥിക്കാം.

■



11
**പ്രകൃതിക്കൊരു പുനർവായന**

# കുളിരു പകരുന്ന മാമരങ്ങൾ





**മാത്യു എം. കുര്യാക്കോസ്**

കത്തുന്ന സൂര്യന്റെ പൊള്ളുന്ന ചൂടിനുമേൽ കുടയായി നിവരുന്ന മരത്തെക്കുറിച്ചാണ് കവയിത്രി സുഗതകുമാരി ഉള്ളിൽത്തട്ടി എഴുതിയത്,

ഒരു മരം നടൂ...
ഒരു തണൽ തരാം എന്ന്.

ഉച്ചവെയിലിൽ തപിച്ച് ദീർഘനേരം വഴിയരുകിൽ വണ്ടി കാത്തു നിൽക്കുന്ന വഴിയാത്രക്കാരനോടു ചോദിക്കണം മരത്തണലിന്റെ വിലയെത്രയെന്ന്? ...ത്തിന്റെ രണ്ടു ശതമാനം മാത്രമേ മരം അതിന്റെ ഉപാപചയപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുള്ളൂ എന്നതാണ്. അപ്പോൾ ബാക്കിവരുന്ന ജലത്തിനെന്തു സംഭവിക്കുന്നു? ഇതാണ് മരത്തിന്റെ കൗതുകകരമായ കളി!... വലിച്ചെടുത്ത ജലത്തിന്റെ ഭൂരിഭാഗവും അതായത്, 98 ശതമാനവും മരം അതിന്റെ ഇലകളിലെ നേർത്ത സുഷിരങ്ങളിലൂടെ... ആസ്യരന്ധ്രങ്ങളിലൂടെ, വെള്ളത്തുള്ളിയായല്ല ബാഷ്പമായി ചുറ്റും തുപ്പിച്ചിതറിക്കുന്നു. ഇങ്ങനെ ഓരോ ഇലയും അന്തരീക്ഷത്തിലേക്കു തുപ്പുന്ന ബാഷ്പകണങ്ങൾ താഴെ നമുക്ക് കുളിരനുഭവം സമ്മാനിക്കുമ്പോൾ മരം തണൽ മാത്രമല്ല, കുളിരുമാണ് എന്നു പറയാനാകും. നിത്യഹരിതവനങ്ങൾക്കുള്ളിൽ പുറത്തു നട്ടുച്ചവെയിലിലും കാട് ഒരു 'എ.സി' അനുഭവം നൽകുന്നതിന്റെ രഹസ്യം മറ്റൊന്നുമല്ല.

ഇനിയും അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ഈ ബാഷ്പകണക്കെ ജലത്തെ ആഗിരണം ചെയ്ത് അഗാധങ്ങളിൽ സൂക്ഷിക്കുന്നു. ഭൂമിക്കടിയിലെ ജലത്തിന്റെ അക്ഷയഘനികൾ. എന്നാൽ, ഇന്നു മരങ്ങളില്ലാതെ നഗ്നയായി നില്ക്കുന്ന ഭൂമിയെ മഴ സ്പർശിക്കുന്നത് സുനാമി കണക്കെയാണ്. പെയ്യുന്ന മഴയുടെ തീവ്രതയ്ക്കു മാറ്റം വന്നു തുടങ്ങി. പൂർവമുത്തശ്ശിമാരുടെ വിറയാർന്ന ശബ്ദം കേൾക്കുന്നുണ്ടോ പിന്നിൽ...? മക്കളേ, കാടു തീണ്ടല്ലേ... വെള്ളംകുടി മുട്ടും.

പെയ്യുന്ന മഴയെ പുൽമേടുകൾ നെഞ്ചിലേറ്റി സൂക്ഷിക്കുമ്പോൾ അവിടവിടയായി കുഞ്ഞുകുഞ്ഞു വെള്ളിനൂലുകൾ ഉദ്ഭവിക്കുകയായി... പർവ്വതനിരയുടെ പനിനീരായി തുടങ്ങി താഴ്‌വാരങ്ങളിൽ അരുവിയും പുഴയുമായി മാറുന്ന മനോഹര കാഴ്ച! വയലാറിന്റെ സ്വപ്നങ്ങളിലെ 'കുളിരുംകൊണ്ട് കുണുങ്ങിനടക്കുന്ന മലയാളിപ്പെണ്ണായ്' ഓരോ പുഴയും മാറുന്നു.

എന്നാൽ, മരം ഒരു തണൽ മാത്രമല്ല, കുളിരുംകൂടിയാണ്. ആകാശത്തിലേക്ക് ഇലകൾ ചാർത്തി വിരിഞ്ഞുനില്ക്കുന്ന ഓരോ മരത്തിന്റെയും വേരുകൾ മണ്ണിനാഴങ്ങളിലേക്കിറങ്ങി പരതുന്നുണ്ട്... ജലത്തിനായ്... അങ്ങഗാധത്തിൽ നിന്നു വളരെ വിഷമിച്ച് ഈ ജലത്തെ ഉയർത്തിയുയർത്തിക്കൊണ്ടുവന്ന് മുകളിൽ ഓരോ ഇലയ്ക്കും സമ്മാനിക്കുന്നുണ്ട്, ആഹാരനിർമാണപ്രക്രിയയ്ക്കായി. പക്ഷേ, അദ്ഭുതമെന്നു പറയുന്നത് വലിച്ചെടുക്കുന്ന ജലണങ്ങൾ മുകളിലേക്കുയർന്ന് ഘനീഭവിക്കുമ്പോൾ... മഴയായ് പെയ്ത് താഴെയെത്തുന്നു! അപ്പോൾ ഓരോ മരവും മഴയായി മാറുന്നു! മണ്ണിൽ വിത്തെറിഞ്ഞ് ആകാശത്തിന്റെ നിറം മാറുന്നത് നെഞ്ചിടിപ്പോടെ നോക്കിനില്ക്കുന്ന കർഷകനോടു ചോദിക്കണം മഴയ്ക്കെത്ര വിലയെന്ന്?

പെയ്യുന്ന മഴ ഇലച്ചാർത്തുകളിലൂടെ, പോടുകളിലൂടെ ഊർന്ന്... സൗമ്യമായി ഭൂമിയെ തൊടുമ്പോൾ, മണ്ണിനുമേലേയുള്ള 'ഫ്യൂമസ്' ഒരു സ്പോഞ്ച് കുടിക്കാനും കുളിക്കാനും നനയ്ക്കാനും കളിക്കാനുമൊക്കെയായി പുഴയെ ആശ്രയിക്കുന്ന മനുഷ്യനുൾപ്പെടെയുള്ള അനേകം ജീവിവർഗങ്ങൾക്കു പറയാനാകും പുഴയുടെ വിലയെത്രയെന്ന്?

ഈ പുഴയും മഴയും കുളിരും തണലും നഷ്ടമാകാതിരിക്കാനുള്ള ഒരു ജാഗ്രത പുതുതലമുറ ഏറ്റെടുക്കണം. നഷ്ടപ്പെടാൻ പലതും നമുക്കുണ്ട് എന്ന തിരിച്ചറിവിലേക്ക് ഉണരണം കൂട്ടുകാരേ...

പഴയൊരു സംഭവമാണ്. സ്വാതന്ത്ര്യലബ്ധിക്കും മുമ്പു നടന്നത്. പോർച്ചുഗീസുകാർ നമ്മുടെ സുഗന്ധദ്രവ്യങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ വേദനിച്ച സ്വദേശാഭിമാനികളോട് അന്നു കോഴിക്കോട് സാമൂതിരി പറഞ്ഞുവത്രേ, ഏലവും ഗ്രാമ്പുവും കൊണ്ടുപോട്ടെ. നമ്മുടെ ഞാറ്റുവേല അവർക്കു കൊണ്ടുപോകാൻ പറ്റില്ലല്ലോ എന്ന്. നമ്മുടെ സ്വകാര്യാഹങ്കാരമായ ഞാറ്റുവേലയും (മൺസൂൺ) നമുക്കു സ്വന്തമല്ലാതാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ നേർക്കാഴ്ചകളിൽ ജീവിതശൈലിക്കൊരു തിരിച്ചെഴുത്താവശ്യമല്ലേ?

■

**നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്**

## വിചിത്രലോകം



അവൻ സാഹസികൻ. അവളും സാഹസിക. അതുകൊണ്ടാവാം അവർ പരസ്പരം ഇഷ്ടപ്പെട്ടത്. അവർ വ്യത്യസ്തമതക്കാരാണ്. സാമ്പത്തികനിലയിലും അജഗജാന്തരമുണ്ട്. അതുകൊണ്ട് അവരുടെ ബന്ധത്തിന് അച്ഛനമ്മമാർ പച്ചക്കൊടി കാട്ടില്ലെന്ന് അവർ കരുതി. പക്ഷേ, എന്തുകൊണ്ടോ അച്ഛനമ്മമാർ സമ്മതം മൂളി.

എങ്കിലും, അവർ വിവാഹിതരായില്ല. എന്തുകൊണ്ടെന്നാൽ, സാഹസികമല്ലാത്ത ഒരു സംഭവത്തിലും അവർക്കു താത്പര്യമില്ലായിരുന്നു.

വിരോധാഭാസമല്ല, വിചിത്രമീ ലോകം.

# ദയാലുമുത്തശ്ശിയും പഞ്ചവർണത്തത്തയും



**സിപ്പി പള്ളിപ്പുറം**

ഒരിടത്ത് ഒരു ദയാലുമുത്തശ്ശി ഉണ്ടായിരുന്നു. പക്ഷികളെയും മൃഗങ്ങളെയുമെല്ലാം ജീവനുതുല്യം സ്നേഹിക്കുന്ന ഒരു മുത്തശ്ശിയായിരുന്നു അത്.

ഒരിക്കൽ ദയാലുമുത്തശ്ശി വടിയും കുത്തിപ്പിടിച്ച് വടവാതൂരമ്പലത്തിൽ തൊഴാൻ പോവുകയായിരുന്നു. അപ്പോഴാണ് കാലൊടിഞ്ഞ ഒരു പഞ്ചവർണത്തത്ത 'കീ കീ' എന്നു കരഞ്ഞുകൊണ്ട് മുത്തശ്ശിയുടെ മുന്നിൽ വന്നു വീണത്.

അതുകണ്ട് ഒരുകൂട്ടം വികൃതിപ്പയ്യന്മാർ ഓടിക്കൂടി തത്തമ്മയെ പിടിക്കാൻ നോക്കി. അപ്പോൾ തത്തമ്മ പറഞ്ഞു:



"ദയാലുവായൊരു മുത്തശ്ശീ
കനിവേറുന്നൊരു മുത്തശ്ശീ
കുട്ടികൾ വന്നു പിടിക്കാതെ
കാത്തീടേണം നീയെന്നെ!"

ദയാലുമുത്തശ്ശി വേഗം തന്റെ ഊന്നുവടി ഉയർത്തിക്കാണിച്ച് വികൃതിപ്പയ്യന്മാരെയെല്ലാം അവിടെനിന്ന് ആട്ടിയോടിച്ചു. അതിനുശേഷം തത്തയെ എടുത്ത് തന്റെ കുടിലിലേക്കു കൊണ്ടുപോയി. പച്ചമരുന്നു വച്ചുകെട്ടിയും പാലും പഴവും വാങ്ങിക്കൊടുത്തും ദയാലുമുത്തശ്ശി ഏതാനും ദിവസം അതിനെ അവിടെ വളർത്തി.

ഒരാഴ്ച കഴിഞ്ഞപ്പോൾ പഞ്ചവർണത്തത്തയുടെ മുറിവെല്ലാം ഉണങ്ങി. അപ്പോൾ മുത്തശ്ശി പറഞ്ഞു: "തത്തക്കുട്ടീ ചക്കരക്കുട്ടീ, മുറിവെല്ലാം ഉണങ്ങിയല്ലോ. ഇനി നീ നിന്റെ വീട്ടിലേക്കു പൊയ്ക്കോളൂ." മുത്തശ്ശി അതിനെ സ്വതന്ത്രയാക്കി വിട്ടു. 'അമ്മൂമ്മയ്ക്കു നല്ലതു വരട്ടെ' എന്നാശംസിച്ചുകൊണ്ട് തത്തമ്മ പറന്നുപോയി.

നാളുകൾ പലതു കഴിഞ്ഞു. കഞ്ഞിപോലും കുടിക്കാനില്ലാതെ ദയാലുമുത്തശ്ശി വീട്ടുമുറ്റത്ത് കൂനിക്കൂടി ഇരിക്കുകയായിരുന്നു. അപ്പോൾ മാനത്തുനിന്ന് ഒരു പഞ്ചവർണ്ണത്തത്ത മുത്തശ്ശിയുടെ അരികിൽ പറന്നെത്തി. അതിന്റെ ചുണ്ടിൽ മിനുമിനുത്ത ഒരു പൊന്മുട്ട ഉണ്ടായിരുന്നു. പൊൻമുട്ട മുത്തശ്ശിയുടെ കാൽക്കൽ വച്ചിട്ട് തത്ത പറഞ്ഞു:

"ദയാലുവമ്മേ നീയെന്നെ
രക്ഷിച്ചതു ഞാനോർക്കുന്നു.
ഇതാ, നിനക്കൊരു പൊന്മുട്ട,
വേഗം ചന്തയിൽ വിറ്റോളൂ!"

തത്ത പറന്നു മറഞ്ഞപ്പോൾ ദയാലുവമ്മൂമ്മ പൊന്മുട്ട കൊണ്ടുപോയി ചന്തയിൽ വിറ്റു. അവർക്കു കൈനിറയെ പണം കിട്ടി.

ദയാലുവമ്മയ്ക്ക് പൊന്മുട്ട കിട്ടിയ കാര്യം അയൽപക്കത്തു താമസിക്കുന്ന ദുരാസുവപ്പൂപ്പൻ അറിഞ്ഞു. അയാൾ ആളൊരു ദുരാഗ്രഹിയായിരുന്നു.

ദുരാസുവപ്പൂപ്പൻ എവിടെനിന്നോ ഒരു തത്തമ്മയെ പിടിച്ച് കാലൊടിച്ച് വീട്ടിൽ കൊണ്ടുവന്ന് വളർത്താൻ തുടങ്ങി.

കുറേ ദിവസം ശുശ്രൂഷിച്ച് കാലുകൾ നേരെയാവുംമുമ്പേ അയാളതിനെ തല്ലിയോടിക്കുകയും ചെയ്തു. എന്നിട്ട് തത്തയുടെ വരവും കാത്ത് വീട്ടുമുറ്റത്ത് കാവലിരുന്നു.

കുറേ ദിവസം കഴിഞ്ഞപ്പോൾ ചുണ്ടിലൊരു മുട്ടയും കൊത്തിപ്പിടിച്ച് തത്തമ്മ അവിടെ വന്നെത്തി. അയാൾ ആർത്തിയോടെ ഓടിച്ചെന്ന് മുട്ട കൈക്കലാക്കി. പക്ഷേ, അത് വെറുമൊരു കരിമുട്ടയായിരുന്നു. പെട്ടെന്ന് മുട്ടപൊട്ടി അതിനകത്തുനിന്ന് ഒരു കരിമൂർഖൻ പാമ്പ് പുറത്തേക്കു ചാടി.

ദുരാസുവപ്പൂപ്പൻ പേടിച്ച് നാടും വീടുംവിട്ട് എവിടെയോ പോയൊളിച്ചു. ദുരാഗ്രഹവും അത്യാർത്തിയും കൊണ്ടാണ് തനിക്ക് ഈ ഗതി വന്നതെന്ന് അപ്പൂപ്പനു മനസ്സിലായി.

■




# സംഗീതത്തിന്റെ പൂഞ്ചിറകിലേറി കോട്ടയത്തിന്റെ കൊച്ചുപാട്ടുകാരി



നിനു പി. രാജു

അനിതരസാധാരണമായ ഗാനാലാപനത്തിലൂടെ ശ്രോതാക്കളുടെ മനം കവർന്ന ഗായികയാണ് ശ്രേയ അന്ന ജോസഫ് എന്ന കൊച്ചുമിടുക്കി. അദ്ഭുത പ്രതിഭയായി നന്നേ ചെറുപ്പത്തിലേ അറിയപ്പെട്ട ശ്രേയ നാലാമത്തെ വയസ്സിൽ ശാസ്ത്രീയസംഗീതം അഭ്യസിക്കാൻ തുടങ്ങി. നാലാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ആദ്യത്തെ പ്രൊഫഷണൽ ആൽബത്തിനായി തുടങ്ങിയ ഗാനാലാപനം സ്കൂൾതലം പിന്നിടുമ്പോഴേക്കും മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി, സുറിയാനിഭാഷകളിലായി ഇരുന്നൂറ്റമ്പതിലധികം ഭക്തിഗാന ആൽബങ്ങളിലും ചലച്ചിത്രപിന്നണിഗാനാലാപനത്തിലും എത്തിനിൽക്കുകയാണ്.

കലാപാരമ്പര്യമുള്ള കുടുംബത്തിലാണ് ശ്രേയയുടെ ജനനം. ശ്രേയയുടെ പിതാവിന്റെ വല്യപ്പച്ചൻ പി.സി. ഐപ്പ് പല്ലാട്ട്, സുറിയാനി ഭാഷാപണ്ഡിതനും ഗായകനും ഗാനരചയിതാവുമായിരുന്നു. ആ ഗാനസപര്യയുടെ പാരമ്പര്യത്തിൽ പിറന്ന ശ്രേയ നൈസർഗികവാസന നന്നേ ചെറുപ്പത്തിൽത്തന്നെ പ്രകടിപ്പിച്ചിരുന്നു. സംഗീത റിയാലിറ്റി വേദികളിലൂടെ ഗായകരായെത്തുന്ന പല കുട്ടികളും, മത്സരസീസൺ കഴിയുമ്പോൾ മറവിയുടെ ഇരുളിലേക്കു പോകുകയാണു പതിവ്. എന്നാൽ, സ്കൂളിലും പള്ളിയിലുമടക്കം അവസരങ്ങളുടെയും വേദികളുടെയും വലുപ്പം നോക്കാതെ, ഗാനങ്ങൾ ആലപിച്ചുകൊണ്ട് ശ്രേയ മുന്നേറുകയായിരുന്നു.

ജോയ് അയർക്കുന്നമാണ് ശ്രേയയുടെ ആദ്യഗുരു. പിന്നീട് പദ്മകുമാർ കോട്ടയത്തിന്റെ കീഴിൽ തുടർപഠനം. ഇപ്പോൾ കോട്ടയം സുരേഷ് ബാബുവിൽനിന്ന് ഹിന്ദുസ്ഥാനി സംഗീതം അഭ്യസിക്കുന്നു. മലയാളത്തിന്റെ വാനമ്പാടി കെ. എസ് ചിത്ര, ജനപ്രിയ ഗായകനായ മധു ബാലകൃഷ്ണൻ, തുടങ്ങി കേരളത്തിലെ പ്രമുഖരായ സംഗീതജ്ഞരുമായി വേദി പങ്കിടാനുള്ള സൗഭാഗ്യം ശ്രേയയ്ക്കു ലഭിച്ചു. കൂടാതെ, ന്യൂസ് 18 കേരളാ ചാനലിന്റെ പ്രശസ്ത പ്രോഗ്രാമായ 'ഗുഡ് മോർണിംഗ് കേരളാ'യ്ക്കുവേണ്ടി ടൈറ്റിൽ ഗാനം ആലപിച്ചതും ശ്രേയ തന്നെയായിരുന്നു. സിംഫോണിക്സ്, കൽക്കണ്ടം ലിറ്റിൽ പെറ്റൽസ് എന്നിങ്ങനെ മലയാളത്തിലെ പ്രശസ്തമായ രണ്ടു ബാൻഡുകളിലെ പ്രധാന ഗായികയാണ് ശ്രേയ ഇന്ന്. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് 2019 ൽ നടത്തിയ ഹാർവസ്റ്റ് മ്യൂസിക് ഫെസ്റ്റിൽ പ്രശസ്ത പിന്നണിഗായകരായ ശ്രേയ ജയദീപ്, ഇഷാൻ ദേവ്, സുമി അരവിന്ദ് എന്നിവരോടൊപ്പം ശ്രേയയും പങ്കെടുത്തു.

തമ്പോറിൻ മണിനാദം, അമ്മ എന്റെ അമ്മ (മലയാളം, തമിഴ്, ഹിന്ദി) നല്ല മാതാവേ മറിയേ (വണക്കമാസഗാനം) എണ്ണിയെണ്ണി സ്തുതിക്കുവാൻ, നല്ല ദേവനേ.., തേനിലും മധുരം (പാരമ്പര്യ ക്രിസ്തീയഭക്തിഗാനങ്ങൾ), കൊവിഡ് കാലത്തിറങ്ങിയ 'വിനാശത്തിന്റെ കൊടുങ്കാറ്റിനെ', ഇന്ത്യൻ പട്ടാളക്കാർക്ക് ആദരമർപ്പിച്ചുകൊണ്ടുള്ള 'ഏ വദൻ വദൻ' എന്നു തുടങ്ങുന്ന ഹിന്ദിഗാനം അങ്ങനെ പോകുന്നു ശ്രേയയുടെ ശബ്ദമാധുര്യംകൊണ്ടു ശ്രദ്ധിക്കപ്പെട്ട ഗാനങ്ങൾ. ദശലക്ഷക്കണക്കിനു കാഴ്ചക്കാരുള്ള നിരവധി കവർ സോങ്ങുകളും ശ്രേയയുടേതായി യൂട്യൂബടക്കമുള്ള സോഷ്യൽ മീഡിയയിൽ നിലവിലുണ്ട്. ഏറ്റവും ജനപ്രിയ ഗാനം ഹിന്ദിയിലാണ്. ''ധന്യവാദ് കെ സാത്ത്'' ''നന്ദിയോടെ ഞാൻ സ്തുതി പാടിടും'' എന്ന പാട്ടിന്റെ ഹിന്ദി വേർഷനാണ്.

### ചലച്ചിത്ര പിന്നണിഗാനരംഗത്തേക്ക്


മലയാളത്തിലെ പ്രശസ്ത സംഗീതസംവിധായകൻ എം. ജയചന്ദ്രന്റെ സംഗീതത്തിൽ 'പുള്ളിക്കാരൻ സ്റ്റാറാ' എന്ന സിനിമയിലെ ഗാനങ്ങൾക്ക് കോറസ് പാടിത്തുടങ്ങിയ ശ്രേയ, ഉടൻ റിലീസാകാൻ പോകുന്ന പുതിയ രണ്ടു മലയാളസിനിമകൾക്കായി ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. അരുൺരാജ് പൂത്തണൽ സംവിധാനം ചെയ്ത 'റിക്രിയേറ്റർ' എന്ന സിനിമയ്ക്കായി ബാബു നാരായണൻ രചനയും സംഗീതവും നിർവഹിച്ച 'കൺമണിയേ' എന്ന യുഗ്മഗാനം അൻവർ സാദത്തിനോടൊപ്പം ആലപിച്ചിരിക്കുന്നത് ശ്രേയയാണ്. കൂടാതെ, രാകേഷ് പി. ആർ. സംവിധാനം ചെയ്യുന്ന 'ത്രീ പ്ലെയേഴ്സ്' എന്ന സിനിമയ്ക്കായി അൽ റൂമിയ എഴുതി ഷാൻ കൊല്ലം ഈണമിട്ട 'നീ തന്ന ഓർമകൾ പ്രിയതരം' എന്ന സോളോയും ശ്രേയയുടേതാണ്. 'കൺമണിയേ' എന്ന ഗാനം ഇപ്പോൾ ഹിറ്റ്ചാർട്ടിൽ ഇടം നേടിയിട്ടുണ്ട്. ഈ ഫാസ്റ്റ് നമ്പർ ഗാനം ശ്രേയയുടെ കരിയറിൽ വഴിത്തിരിവായിരിക്കുകയാണ്.

കോട്ടയം ജില്ലയിലെ മീനടത്ത് പല്ലാട്ട് വീട്ടിൽ സ്വകാര്യകമ്പനിയിൽ മാനേജരായ ജോസഫ് മാത്യുവിന്റെയും അധ്യാപികയായ റെനിയുടെയും മൂത്തമകളായ ശ്രേയ, ളാക്കാട്ടൂർ എം. ജി. എം എൻ. എസ്. എസ് സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിനിയാണ്. അനിയത്തി ശ്രവ്യയും മികച്ച പാട്ടുകാരിയാണ്. ഇരുവരും കവർ വേർഷനുകളിൽ ഒന്നിച്ചു പാടിയിട്ടുണ്ട്. 2018 ലെ കലാകൈരളിയുടെ മികച്ച ഗായികയ്ക്കുള്ള പുരസ്കാരമുൾപ്പടെ നിരവധി അവാർഡുകൾ ശ്രേയയ്ക്കു ലഭിച്ചിട്ടുണ്ട്.

ഈ ചെറിയ പ്രായത്തിൽത്തന്നെ സംഗീതരംഗത്തെ പ്രമുഖർക്കൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് ഭാഗ്യവും ദൈവാനുഗ്രഹവുമായി കരുതുന്ന ശ്രേയ തന്റെ അർപ്പണബോധവും കഠിനാധ്വാനവും പ്രിയപ്പെട്ടവർ നൽകിയ പ്രോത്സാഹനവുമൊക്കെയാണ് തന്റെ വിജയത്തിനു പിന്നിലെന്ന് ഉറച്ചു വിശ്വസിക്കുന്നു. സംഗീതത്തിൽ മാത്രമല്ല പഠനത്തിലും ശ്രേയ ഉന്നതനിലവാരം പുലർത്തുന്നു. പഴയകാല ക്രിസ്തീയഗാനങ്ങളുടെ ഒരു കളക്ഷൻ സ്വന്തം ശബ്ദത്തിൽ ഒരുക്കണമെന്നതും ശ്രേയയുടെ സ്വപ്നമാണ്.

കഥ

# ഉണക്കമരങ്ങൾ





കാവ്യ അയ്യപ്പൻ
M.A. Malayalam
U.C. College, Aluva

മുണ്ടിൻതലപ്പുകൊണ്ട് എത്ര തുടച്ചിട്ടും ആ കണ്ണാടിക്കു തെളിച്ചം വന്നില്ല. കണ്ണുകളെക്കാൾ മങ്ങലേറ്റിരിക്കുന്നത് കണ്ണാടിക്കാണ് എന്ന തോന്നലോടെ സർവശക്തിയുമെടുത്ത് കണ്ണാടിക്കു തെളിച്ചം വരുത്താൻ ശ്രമിക്കുകയാണ് വൃദ്ധ.

പേരക്കുട്ടിയുടെ കുസൃതി ആസ്വദിച്ചിരുന്ന അവർക്ക് പെട്ടെന്ന് ഒരു തളർച്ച തോന്നി. നാലുവയസ്സുകാരന്റെ ചോദ്യം അവരെ തളർത്തി: "ഗ്രാന്റ്മായുടെ പേരെന്താ...?" എളുപ്പത്തിൽ അവർക്കതിനു മറുപടി നൽകാൻ കഴിഞ്ഞില്ല. പക്ഷേ, ആ നിമിഷം ഒരു വലിയ ചുഴിയിൽപ്പെട്ട് അവർ പിടഞ്ഞു. പേരക്കുട്ടിയിൽനിന്ന് ഒഴിഞ്ഞുമാറി മുറിയിലെ കട്ടിലിൽ വന്നുകിടന്നു. സാധാരണ ഉച്ചസമയത്ത് അത്തരം കിടപ്പ് ശീലമില്ലാത്തതാണ്. ഉറങ്ങാനായി അവർ കിടക്കാറില്ല. ഉറക്കം അവരെ പിടിച്ചു കിടത്തുകയാണു പതിവ്. എന്നെന്നേക്കുമായി ഉറങ്ങിപ്പോകുമോ എന്ന ഭയം ഒരു കനൽപോലെ വൃദ്ധയുടെ ഉള്ളിൽ എരിഞ്ഞുതുടങ്ങിയിരുന്നു. രണ്ടോ മൂന്നോ മാസംമുമ്പ് ആശുപത്രിയിൽ പോയപ്പോഴാണ് നാളുകൾക്കുശേഷം ഒരാൾ തന്റെ പേരു പറഞ്ഞുകേട്ടത്. ആശുപത്രിവരാന്തയിൽ മകൾക്കൊപ്പം ഇരുന്ന അവരെ ഡോക്ടറുടെ മുറിയിൽനിന്നു വന്ന പെൺകുട്ടി നീട്ടിവിളിച്ചു: 'കേസരീ....' ആ വിളിക്ക് കാതോർക്കാൻ അവരാദ്യം മറന്നു! വർഷങ്ങളായി അവർ അവരെത്തന്നെ മറന്നുപോയിരുന്നു. പത്തൊമ്പതാം വയസ്സിൽ ഭാര്യയായി. പിന്നീട് അമ്മ, മുത്തശ്ശി, മുതുമുത്തശ്ശി എന്നിങ്ങനെ സ്ഥാനക്കയറ്റങ്ങൾ കിട്ടിക്കൊണ്ടിരുന്നു. അതിനിടയിൽ കേസരി ആരാണെന്ന് ആരും അന്വേഷിച്ചിരുന്നില്ല എന്നതാണ് സത്യം.

സ്കൂളിൽ ചേരാൻ പോയപ്പോൾ ഹെഡ്മാസ്റ്ററാണ് അവളോട് ആദ്യമായി പേരു ചോദിച്ചത്.

"ന്താ കുട്ടീടെ പേര്?" ഒന്നും മിണ്ടാതെ മാഷിന്റെ മുഖത്തേക്കു നോക്കി മിഴിച്ചുനിന്നു.

"നിന്നെ ന്താ വിളിക്കണ്ടേന്നു പറയീ പെണ്ണേ..." കൂടെ വന്ന അമ്മ പറഞ്ഞു.

"ന്താ പേര്...?"

"ന്റെ സാറ്മാരെ നല്ലോരു പേര് എഴുതിക്കോ."

മാഷിന്റെ ഇഷ്ടപ്രകാരം എഴുതിച്ചേർത്ത പേരായിരുന്നു കേസരി. എഴുതിച്ചേർക്കൽ മാത്രമായിരുന്നില്ല അത്. ജീവിതത്തിലാദ്യമായി ഒരു വ്യക്തിത്വം ഉണ്ടാവുകയായിരുന്നു. തലമുടി നരച്ചു തുടങ്ങിയപ്പോൾമുതൽ പേരുവിളിക്കുന്നവർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാൻ അവർക്കു കഴിഞ്ഞിരുന്നില്ല. മകന്റെയോ മകളുടെയോ വീടുകളിൽ മാറിമാറി ഒറ്റ മുറിയും കുഴമ്പും കഷായവും മാത്രമായി അവരുടെ ലോകം. സംസാരശേഷിയുള്ള ഊമയായി അവർ പരിവർത്തനം ചെയ്യപ്പെട്ടു.

മമ്മയെന്നും ഗ്രാന്റ്മ എന്നും വിളിക്കുന്ന മക്കൾക്കും മരുമക്കൾക്കും പേരക്കുട്ടികൾക്കും അവരുടെ പേരെടുത്തു ചോദിക്കേണ്ട ആവശ്യവുമില്ല. പേരക്കുട്ടി അവളുടെ അമ്മയുടെ 'വന്ദന' എന്ന പേര് ചുരുക്കി 'വന്ദം' എന്നാണു വിളിക്കുന്നത്. അതു ശരിയാണെന്ന് അവർക്കും തോന്നാറുണ്ട്. പേരു വിളിക്കുന്ന ആള് നേരത്തേ പോയാൽ ആ പേര് ഓർമിപ്പിക്കാൻ ഒരാളുണ്ടാകുമ്പോൾ സ്വയം മറക്കാൻ ആർക്കും കഴിയില്ല.

"എന്തോ..." ഒരു പിടച്ചിലോടെ അവർ വിളികേട്ട് എഴുന്നേറ്റ് കഴുത്തു വെട്ടിച്ചു നോക്കി. അത് ഒരു തോന്നൽ ആയിരുന്നു എന്നു തിരിച്ചറിയാൻ അവർക്കു കഴിഞ്ഞു. പതിനെട്ടുവർഷംമുമ്പ് 'കേസര്യേ....' എന്ന വിളി അസ്തമിച്ചതും നെറുകയിലെ ചുവപ്പു മാഞ്ഞതും അവർക്ക് ഓർമയുണ്ടായിരുന്നു.

"ദാസേട്ടൻ" വൃദ്ധ പിറുപിറുത്തു. അവർ അവരെത്തന്നെ ഓർത്തെടുക്കാൻ ഒരുശ്രമം നടത്തുന്നതിനിടയിലാണ് ഒരു മിന്നായംപോലെ കണ്ണാടിയിൽ ഒരു പെൺകുട്ടിയെ കണ്ടത്. പുള്ളിപ്പാവാടയും നീലക്കുപ്പായവും ധരിച്ച് മുടിനീട്ടി മെടഞ്ഞ് വാലിട്ട് കണ്ണെഴുതി, കറുത്ത പൊട്ടുതൊട്ടു നിൽക്കുന്ന പതിനെട്ടുകാരി. ശുഷ്കിച്ച കൈകൾകൊണ്ട് വിറച്ചുവിറച്ച് അവർ കണ്ണാടിച്ചില്ല് തുടച്ചുനോക്കി. എത്ര തെളിച്ചം വരുത്താൻ ശ്രമിച്ചിട്ടും ജരാനരകൾ ബാധിച്ച ഒരു ശരീരത്തെയും നരച്ച പുരികത്തെയും കുഴിഞ്ഞ് ആഴമേറിക്കൊണ്ടിരിക്കന്ന കണ്ണുകളെയും മാത്രമേ അവർക്ക് കാണാൻ കഴിഞ്ഞിരുന്നുള്ളൂ.

ജനലിനപ്പുറത്ത് ഉണങ്ങിക്കരിഞ്ഞ ഒരു മരം ഇലകളില്ലാത്ത ശിഖരങ്ങളായി കാറ്റിൽ ഉലയാൻ കഴിയാതെ നിൽക്കുന്നുണ്ടായിരുന്നു. ഏതു നിമിഷവും വീണുപോകാൻ സാധ്യതയുള്ള ഒരു ഉണക്കമരം!

# മഴയോർമകൾ



റോസ്മി തോമസ്
BSc Maths
BVM College, Cherpunkal

മഴപെയ്തു തോർന്നൊരീയന്തിയിൽ മാനത്തു
മഴവില്ലു പുഞ്ചിരി തൂകിനിൽക്കേ,
അറിയാതെ ഞാനെന്റെ ഓർമതൻ പാതയി-
ലൊരുപാടു ദൂരം നടന്നുപോയി.
അന്തിമേഘങ്ങളിൽ പൊന്നുപൂശുന്നതും
കാറ്റിലോലക്കിളി പാട്ടുമൂളുന്നതും
കൊച്ചരിമുല്ലകൾ പൂത്തു ചിരിച്ചതും
ആറ്റിലെയോളങ്ങൾ ചാഞ്ചാടി നിൽപ്പതും...
ഓർത്തങ്ങു നിന്നതും പിന്നെയുമൊരുമഴ
നെറുകയിൽ ചന്ദനം ചാർത്തിവന്നു.
മഴയിൽ കുതിർന്നൊരു ഓർമതൻ ചിത്രമായ്
മഴവില്ല് പിന്നെയും വന്നുചാരേ.
മനമാകെ കുളിരേകി മഴ പുഞ്ചിരിച്ചപ്പോൾ
മലർവാക പൂത്തപോൽ നിന്നുപോയ് ഞാൻ.
ഇടമുറിയാത്ത ശരവർഷമായ് മഴ
ഇടിയും മനസ്സിന്റെ തുടിതാളമായ്
തുടരുന്നു മഴയിന്നു ശ്രുതി മീട്ടും രാഗമായ്
തുടികൊട്ടി നർത്തനമാടിടുന്നു.

# എന്റെ ഓണം

ഓണാഘോഷത്തിന് ഞാനും ചേട്ടനും സ്കൂളിൽ പോവാൻ പുത്തൻ ഉടുപ്പിട്ട് ഒരുങ്ങുകയാണ്. അമ്മയും പുതിയ സാരിയുമായി കോളജിലേക്ക്. എന്റെ ഒരുക്കമൊക്കെ കഴിഞ്ഞു. ഇന്നു ക്ലാസ്സ് ഇല്ലാത്തതുകൊണ്ട് റഫ്ബുക്ക് മാത്രംകൊണ്ടു പോയാൽ മതി. ഞാൻ കുറെ പൂക്കളുമായി സ്കൂളിലേക്കു പോയി. അവിടെ കുറച്ചു കുട്ടികൾ വന്നിട്ടുണ്ട്. ഞാൻ അവരുടെ കൂടെ പൂക്കളം ഇട്ടു. എനിക്ക് എന്റെ പൂക്കളമത്സരത്തിനു തയ്യാറാവണം. ഞാൻ എന്റെ കൂട്ടുകാരിയോടു പറഞ്ഞു: എന്റെ പൂക്കൾ തീർന്നു. അവർക്കു വിഷമമായി. അവർ പറഞ്ഞു: നിനക്കു ഞങ്ങൾ പൂക്കൾ കൊണ്ടു വരാം. മറ്റു കുട്ടികൾ പൂക്കളമിട്ടതിൽ ബാക്കി വന്ന പൂക്കൾ അവർ എനിക്കു കൊണ്ടു വന്നു തന്നു. പലതരം പൂക്കൾ. ഞാൻ അതു വാങ്ങി നല്ലൊരു പൂക്കളമിട്ടു. എനിക്കും അവർക്കും സന്തോഷമായി. ഞാൻ നോക്കുമ്പോൾ എല്ലാ പൂക്കളും വ്യത്യസ്തമാണ്. പൂക്കളമത്സരത്തിന് ഞങ്ങളുടെ ടീമിനാണ് ഫസ്റ്റ് കിട്ടിയത്. എനിക്ക് സന്തോഷമായി, അതിനു ശേഷം ഞങ്ങൾ കളിച്ചു കൊണ്ടിരുന്നപ്പോൾ, അമ്മ വിളിക്കുന്ന ഒച്ച കേൾക്കുന്നു. ഞാൻ ഞെട്ടി എഴുന്നേറ്റു. "നീ എത്ര നേരമായി കിടക്കുന്നു, എട്ടുമണി ആവാറായി."



പൊന്നു തൃശൂർ
St. Ann's CGHS, Thrissur

അപ്പോളാണ് എനിക്കു മനസ്സിലാവുന്നത് ഞാൻ സ്വപ്നം കണ്ടതാണെന്ന്.

"ഇന്ന് ഓണമാണ്. പോയി കുളിക്ക്." അമ്മ പറഞ്ഞു.

"ഈ വർഷത്തെ ഓണത്തിന് അമ്മാവന്റെ വീട്ടിലേക്കു പോകുന്നില്ല."

"അത്കുഴപ്പമില്ല.നമുക്കിവിടെഓണമാഘോഷിക്കാം. ഇന്നലെ വാങ്ങിയ പൂക്കളുംമുറ്റത്തുനിന്നുകുറച്ചുപൂക്കളും ഇറുത്തെടുത്ത് നമുക്കീമുറ്റത്ത് പൂക്കളം ഒരുക്കാമമ്മേ..."

കുളികഴിഞ്ഞു പുത്തനുടുപ്പിട്ട് ഞാനും ചേട്ടനുംകൂടി പൂക്കളമൊരുക്കി.

"ഹായ്, നല്ല പൂക്കളം" അമ്മ പറഞ്ഞു.

അമ്മയുണ്ടാക്കിയ ദോശയും ചമ്മന്തിയും കഴിച്ചു. ഞങ്ങൾ ഊഞ്ഞാലാടുകയും കളിക്കുകയും ചെയ്തു.

'ഊണ് കഴിക്കണ്ടേ.' അമ്മ ഉണ്ടാക്കുന്ന സാമ്പാറിന്റെ മണം വരുന്നുണ്ട്.

അമ്മ ചേട്ടനോടു വാഴയില വെട്ടിക്കൊണ്ടു വരാൻ പറഞ്ഞു. ചേട്ടൻ കുറച്ചു തൂശനില വെട്ടിക്കൊണ്ടുവന്നു.

അമ്മ വാഴയിലയിൽ ഊണു വിളമ്പി. ഇത്രയും സമയംകൊണ്ട് എത്ര കൂട്ടം കറികൾ! പായസം, പപ്പടം, ഉപ്പേരി, എന്തെല്ലാം വിഭവങ്ങൾ! ഞങ്ങൾ സദ്യ കഴിച്ച്, ഒന്ന് മയങ്ങി. എഴുന്നേറ്റപ്പോഴേക്കും നാലുമണിയായി. ഞാനും ചേട്ടനുംകൂടി മുറ്റത്തിറങ്ങി കുറച്ചുനേരം കളിച്ചു. അങ്ങനെ എന്റെ ഓണം കഴിഞ്ഞു.



വിദ്യ വിജയകുമാർ
BA Malayalam
CMS College, Kottayam

## LIFE OF PI

# സങ്കടക്കടലിലെ സായന്തനങ്ങൾ

കൊവിഡ് കാലത്ത് വായിച്ച പുസ്തകങ്ങളിലൊന്നാണ് യാൻ മാർട്ടിലിന്റെ ലൈഫ് ഓഫ് പൈ. പ്രതിസന്ധികളിൽ തളരാതെ പിടിച്ചുനിൽക്കാൻ, വീണ്ടും ജീവിതത്തിലേക്കു തിരിച്ചുവരാൻ, സഹജീവികളെ സ്നേഹിക്കാൻ, ഏതൊരു സങ്കടക്കടലിമനുമക്കരെ പ്രതീക്ഷയുടെ ഒരു സുവർണതീരമുണ്ടെന്നു മനസ്സിലാക്കാൻ ഈ ഗ്രന്ഥം നമ്മെ പ്രേരിപ്പിക്കും. ഇന്ത്യയിൽനിന്ന് കാനഡയിലേക്കു കുടിയേറിപ്പാർത്ത പൈ പട്ടേൽ തന്റെ ജീവിതകഥ ഒരു നോവലിസ്റ്റിനോടു പറയുന്നതായാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്.

പൈയുടെ കുട്ടിക്കാലത്ത് പോണ്ടിച്ചേരിയിൽ അവന്റെ കുടുംബത്തിനു സ്വന്തമായി ഒരു മൃഗശാലയുണ്ടായിരുന്നു. പൈയ്ക്ക് മൃഗങ്ങളെ, പ്രത്യേകിച്ചും റിച്ചാർഡ് പാർക്കർ എന്ന ബംഗാൾ കടുവയെ വളരെ ഇഷ്ടമായിരുന്നു. അവനു പതിനാറു വയസ്സുള്ളപ്പോൾ പൈയുടെ അച്ഛൻ മൃഗശാല പൂട്ടാനും കുടുംബസമേതം കാനഡയിലേക്കു താമസം മാറ്റാനും തീരുമാനിച്ചു. സിംസും എന്ന പേരിലുള്ള ഒരു ജപ്പാനീസ് കപ്പലിൽ വടക്കേ അമേരിക്കയിലേക്ക്, വിൽക്കാൻ തീരുമാനിച്ച മൃഗങ്ങളുമൊത്ത് പൈയും കുടുംബവും യാത്രതിരിച്ചു. യാത്രാമദ്ധ്യേ ഒരു രാത്രിയിലുണ്ടായ കൊടുങ്കാറ്റിൽപ്പെട്ട് കപ്പൽ മുങ്ങി. കപ്പലിന്റെ നാവികൻ പൈയെ ഒരു ലൈഫ് ബോട്ടിലേക്കു വലിച്ചെറിഞ്ഞു. പ്രക്ഷുബ്ധമായ കടലിൽ കപ്പലും ഒപ്പം തന്റെ കുടുംബവും കടലിലേക്കു മുങ്ങിത്താഴുന്നത് പൈ നിസ്സഹായനായി നോക്കിനിന്നു.

കൊടുങ്കാറ്റടങ്ങിയപ്പോൾ പൈ പട്ടേലും റിച്ചാർഡ് പാർക്കർ എന്ന കടുവയും ഒരു ഒറാങ്ഉട്ടാനും സീബ്രയും കഴുതപ്പുലിയും മാത്രം ബോട്ടിൽ അവശേഷിക്കുന്നു. ബോട്ടിൽ മറയുള്ള ഭാഗത്തു പതുങ്ങിയിരുന്ന കഴുതപ്പുലി പെട്ടെന്ന് പുറത്തുവന്ന് പരിക്കേറ്റ സീബ്രയെ കൊന്നുതിന്നു. പിന്നീട് കഴുതപ്പുലി ഒറാങ്ഉട്ടാനെയും കൊല്ലുന്നു. പെട്ടെന്ന് ബോട്ടിൽ പതുങ്ങിയിരുന്ന റിച്ചാർഡ് പാർക്കർ കഴുതപ്പുലിയെ ആക്രമിച്ചു കൊന്നു. അവസാനം ആ ബോട്ടിൽ പൈയും കടുവയും മാത്രം അവശേഷിച്ചു.

അല്പദിവസത്തേക്കു കഴിക്കാനുള്ള വെള്ളവും ഭക്ഷണവും ആ ബോട്ടിൽ സുരക്ഷിതമായി വച്ചിരുന്നത് പൈ കണ്ടെത്തി. സ്വന്തം രക്ഷയ്ക്കുവേണ്ടി കടുവയെ കടലിലുപേക്ഷിക്കാൻ പൈ ശ്രമിക്കുന്നു. വെള്ളത്തിൽ വീണ കടുവയുടെ മരണപ്പിടച്ചിൽ കണ്ട് അവൻ വീണ്ടും കടുവയെ രക്ഷിക്കുന്നു. കടുവയിൽനിന്നു രക്ഷ നേടുന്നതിനായി കയ്യിലുള്ള വസ്തുക്കളുപയോഗിച്ച് മീൻ പിടിച്ച് കടുവയ്ക്ക് അവൻ ഭക്ഷണം നൽകുന്നു.

കടലിലെ ഏകാന്തജീവിതം പൈയെയും കടുവയെയും ക്ഷീണിപ്പിച്ചു. അവർ കര തേടി അനന്തമായ കടലിൽ ഒഴുകിനടന്നു. അങ്ങനെ ഒരു ദിവസം അവർ ധാരാളം മീർകാറ്റുകൾ വസിക്കുന്ന ദ്വീപിലെത്തി അവിടെ കണ്ട കായ്കനികളും മറ്റും തിന്നുകയും ശുദ്ധജലം കുടിക്കുകയും ചെയ്തു. പൈയും റിച്ചാർഡ് പാർക്കറും ഭക്ഷണം കഴിക്കാനാരംഭിക്കുന്നതോടെ ജീവിതത്തിലേക്കു തിരിച്ചുവരുന്നു. പക്ഷേ, രാത്രിയാകുന്നതോടെ ആ ദ്വീപ് വിരുദ്ധസ്വഭാവമുള്ളതായിത്തീരുന്നു. പകൽസമയത്ത് ശുദ്ധജലം ലഭിച്ചിരുന്നയിടം രാത്രിയിൽ ആസിഡ് സ്വഭാവമുള്ളതായി മാറുന്നു. അവിടെനിന്നു ലഭിച്ച ഒരു പൂവിൽ പൈ ഒരു മനുഷ്യപ്പല്ല് കണ്ടെത്തുന്നതോടെ അവിടെയുള്ള സസ്യങ്ങൾ മാംസഭുക്കുകളാണെന്നു കരുതി അവിടെനിന്നു രക്ഷപ്പെടാൻ തീരുമാനിക്കുന്നു.

ബോട്ട് അവസാനം മെക്സിക്കോയുടെ തീരങ്ങളിൽ ചെന്നെത്തുന്നു. വളരെ ക്ഷീണിതനായ പൈ കടൽത്തീരത്ത് മണലിൽ കിടന്നു. കരയിലിറങ്ങിയ റിച്ചാർഡ് പാർക്കർ കരയുടെ അടുത്തുണ്ടായിരുന്ന കാടു കണ്ട് ഒരു നിമിഷം നിന്നു. അവൻ തന്നെ ഒന്നു തിരിഞ്ഞുനോക്കുമെന്ന് പൈ കരുതി. ആ ഒരു നിമിഷം ഏതൊരു വായനക്കാരന്റെയും നെഞ്ചുലയ്ക്കുന്നതാണ്. പക്ഷേ, കടുവ ഒന്നു തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ കാടിന്റെ അഗാധതകളിലേക്കു മറഞ്ഞു. മണലിൽ കിടക്കുന്ന പൈയെ ചിലർ രക്ഷപ്പെടുത്തി അടുത്ത ആശുപത്രിയിലെത്തിക്കുന്നു.

നടുക്കടലിൽ കടുവയോടൊത്തുള്ള 227 ദിവസത്തെ കഥ ഇതോടെ അവസാനിക്കുന്നു.

തികച്ചും പ്രതികൂലസാഹചര്യത്തിൽ, ഒരു ക്രൂരമൃഗമെന്നു വിശേഷിപ്പിക്കപ്പെടുന്ന കടുവയോടൊപ്പം കഴിഞ്ഞ പൈയുടെ കഥ അതിസാഹസികവും തികച്ചും പ്രചോദനാത്മകവുമാണ്.

യാൻ മാർട്ടിലിന് ബുക്കർ പ്രൈസ് നേടിക്കൊടുത്ത ഈ നോവൽ ഇതേ പേരിൽത്തന്നെ സുപ്രസിദ്ധ സംവിധായകൻ ആങ് ലീ സിനിമയാക്കിയിട്ടുണ്ട്

## കടങ്കവിതകൾ

പുത്തൻവേലിക്കര സുകുമാരൻ

### പുളിയില

വയലിൽ വിളഞ്ഞൊരു വസ്തു
ചട്ടിയിൽ വെന്തൊരു വസ്തു
ഇടിയേറ്റിടിയേറ്റൊടുവിൽ
പുളിയിലയായൊരു വസ്തു

അവിൽ



### വട്ടപ്പെട്ടി

ഞാനൊരു വട്ടപ്പെട്ടി
പൂട്ടില്ലാത്തൊരു പെട്ടി
ഊഴിയിലിഴയും പെട്ടി
ആഴിയിൽ നീന്തും പെട്ടി

ആമ



# അനന്യയുടെ വരക്കൂട്ടുകൾ




മനീഷ

അനന്യമായ കലാചാതുര്യവും അസാധാരണമായ ആശയപ്രകാശനവും കൊണ്ട് സഹൃദയലോകത്തിന്റെ സവിശേഷശ്രദ്ധാകേന്ദ്രമായി ഇതാ ഒരു കൊച്ചുമിടുക്കി – അനന്യ. പതിനൊന്നു വയസ്സിനിടയിൽ അനന്യ വരച്ചത് ആയിരത്തഞ്ഞൂറോളം ചിത്രങ്ങൾ. ഇതിനോടകം മൂന്നുതവണ ഇന്ത്യ ബുക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച് റിക്കോർഡിട്ടിരിക്കുകയാണ് അനന്യ.

ഒമ്പതാമത്തെ വയസ്സിൽ ഒമ്പതുമാസംകൊണ്ട് 900 രേഖാചിത്രങ്ങൾ വരച്ച് ഇന്ത്യ ബുക്ക് ഓഫ് റിക്കോർഡ്സിൽ ഇടം നേടിയ ഈ കൊച്ചുമിടുക്കി 77 ദിവസം കൊണ്ട് അഞ്ഞൂറു വർളി ചിത്രങ്ങൾ വരച്ച് ജീനിയസ് ബുക്ക് ഓഫ് റെക്കോർഡ്സിലും, വണ്ടർബുക്ക് ഓഫ് റെക്കോർഡ്സിലും തന്റെ പേര് എഴുതിച്ചേർത്തു. കുട്ടികൾക്കായി The Plastic Monster എന്ന പുസ്തകം എഴുതി പ്രസിദ്ധീകരിച്ചുകൊണ്ട് 2019 ൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ വീണ്ടും തന്റെ സ്ഥാനം കണ്ടെത്തി അനന്യ. Royal Success International Book of Records 2020 ൽ മെസ്മറൈസിങ് ടാലന്റ് അവാർഡ് നല്കി ഈ കൊച്ചുകലാകാരിയെ ആദരിച്ചു.


ഗുജറാത്ത് ഗവൺമെന്റ് നടത്തിയ ചിൽഡ്രൻസ് ഇന്നവേഷൻ ഫെസ്റ്റിവലിൽ തിരഞ്ഞെടുക്കപ്പെട്ട മുപ്പത് ഐഡിയകളിലൊന്ന് അനന്യയുടേതായിരുന്നു. കീ ബോർഡ് വായിക്കുന്നതിലും നൃത്തത്തിലും ക്ലേ മോഡലിങ്ങിലും നിപുണയായ അനന്യ മൂന്നാമത്തെ തവണ ഇന്ത്യ ബുക്ക് ഓഫ് റിക്കോർഡ്സിൽ ഇടം നേടിയത് ഏറ്റവുമധികം മിനിയേച്ചർ ക്ലേ ഫുഡ് ഐറ്റംസ് ഉണ്ടാക്കിയതിനാണ്.

ഗുജറാത്തിലെ ഗാന്ധിനഗർ മിറക്കിൾസ് സ്കൂളിലെ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ് അനന്യ. ഗുജറാത്തിൽ സ്ഥിരതാമസമാക്കിയ തൃശൂർ സ്വദേശി സതീഷ് പിഷാരോടിയുടെയും അധ്യാപികയും എഴുത്തുകാരിയുമായ ഗീതയുടെയും ഏകമകളാണ് അനന്യ. ചിത്രകലയും സംഗീതവും വായനയും ഇഷ്ടപ്പെടുന്ന അനന്യ കൊച്ചുസുഹൃത്തുക്കൾക്കായി ഓൺലൈൻ ക്ലാസ്സുകൾ നടത്താനുള്ള തയ്യാറെടുപ്പിലാണ്.







# പുരോഗമനത്തിലെ പുഴുക്കുത്തുകൾ



ആൽബിൻ ജിജോ
B Sc Maths,
St. Thomas College, Pala

പുരോഗമനചിന്തകൾ എത്രത്തോളം പുരോഗമനപരമാണ്? സ്വതന്ത്രചിന്ത എത്രത്തോളം സ്വതന്ത്രമാണ്?

സോഷ്യൽമീഡിയയിലും സാഹിത്യ സാംസ്കാരിക മേഖലകളിലും ഇപ്പോൾ കണ്ടുവരുന്ന ചിന്താധാരകൾ ധാർമികസദാചാരമൂല്യങ്ങളെ ചോദ്യം ചെയ്തുതുടങ്ങിയിരിക്കുന്നു. അതു 'സാറാസ്' വരെയോ അതിനപ്പുറമോ എത്തിനിൽക്കുന്നു.

കത്തോലിക്കാസഭയുടെ തത്ത്വശാസ്ത്ര സംഹിതകൾ ഏറ്റവും ശ്രേഷ്ഠവും ഉത്തമവുമാണ്. പ്രസ്തുത മൂല്യങ്ങളെ ചോദ്യം ചെയ്യാനും സഭയെ ഇകഴ്ത്തിക്കാട്ടാനും ഒരു വിഭാഗം കുത്സിതപ്രവർത്തനം നടത്തുന്നുണ്ട്. സഭ മനുഷ്യനെതിരാണെന്നും കച്ചവടതാത്പര്യമാണ് സഭയുടേതെന്നും അവർ പ്രചരിപ്പിക്കുന്നു. ലോകത്തിന്റെ എല്ലാ നിയമങ്ങളും സഭ അംഗീകരിക്കാത്തത്, സഭയുടെ തൂണുകൾ ധാർമികവും ആത്മീയവുമാണ് എന്നതുകൊണ്ടുതന്നെയാണ്.

പുരോഗമനചിന്തകൾക്കിടയിൽ കടന്നുവരുന്ന അധാർമികപ്രബോധനങ്ങൾ മാത്രമാണ് ഇവിടെ വിമർശനവിധേയമാവുന്നത്. ഒരു വസ്തുവിനോടോ വ്യക്തിയോടോ തന്നോടുതന്നെയോ ഉള്ള ക്രമരഹിതമായ സ്നേഹം, ദൈവസ്നേഹത്തിന്റെ താളാത്മകതയ്ക്കെതിരാണ്. ഈ ക്രമരാഹിത്യത്തെ സഭ പാപമെന്നു വിളിക്കുന്നു. ഉദരത്തിലുള്ള ശിശുവിനെ കൊല്ലാനുള്ള 'അവകാശം', ഇഷ്ടമുള്ള വ്യക്തിയുമായി ഒരുമിച്ചുജീവിക്കാനുള്ള 'അവകാശം', ഇഷ്ടമുള്ള തിരഞ്ഞെടുപ്പുകൾ നടത്താനുള്ള 'അവകാശം' ആദിയായ 'അവകാശങ്ങൾ' ഈ സ്വാർത്ഥതയുടെ ഉത്പന്നമാണ്. ഈ സ്വാർത്ഥത സ്നേഹത്തിനെതിരാണ്. കാരണം, സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല. കൊടുക്കുന്നതിലാണ് സ്നേഹത്തിന്റെ പ്രകാശനം. അതാണ് ക്രിസ്തു കാണിച്ചുതന്നതും.

വിവാഹം എന്നത് ഒരു അനാവശ്യാചാരമായി കരുതുന്ന പുരോഗമനവാദമുണ്ട്. കുടുംബം സംസ്കാരത്തിന്റെ ന്യൂനതയായും കുട്ടികൾ തിരഞ്ഞെടുപ്പായും ചിത്രീകരിക്കപ്പെടുമ്പോൾ, ജൈവികമായ ഒരു താളത്തെയാണ് നാം ചോദ്യം ചെയ്യുന്നത്.

ഒരു ആശയം സമൂഹത്തിനു ഗുണകരമാണോ എന്നു നിർണയിക്കേണ്ടത് അതിന്റെ ഫലങ്ങളിൽനിന്നാണ്. മേൽപ്രതിപാദിച്ച ചിന്തകളെല്ലാം ഒരു സാംസ്കാരികജീർണതയിലേക്കാണ് നമ്മെ നയിക്കുന്നത്. ഈ ജീർണതയെ മഹത്ത്വവത്കരിക്കുന്ന ഒരു കൂട്ടം ആളുകൾ ഇന്ന് സമൂഹത്തിലുണ്ട്. സ്ത്രീശക്തീകരണം, ഫെമിനിസം, എൽ.ജി.ബി.റ്റി. കമ്മ്യൂണിറ്റിയോടുള്ള സഹിഷ്ണുത എന്നിവയുടെ മേമ്പൊടിയോടെ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നതുകൊണ്ട് അതിലെ നശീകരണപരമായ വശങ്ങൾ മറയ്ക്കപ്പെടുന്നു.

ഇത്തരത്തിലുള്ള കപടപുരോഗമനചിന്തകളെ സഭയ്ക്കു പിന്തുണയ്ക്കാനാവില്ല. സഭ നയിക്കപ്പെടുന്നത് പരിശുദ്ധാത്മാവിനാലാണ്. അതിന്റെ ധാർമികമായ വേരുകൾ സുശക്തമാണ്. ആയതിനാൽ പിശാച് ഏക്കാലവും ഭയപ്പെടുന്നതു സഭയെയാണ്. അതുകൊണ്ടുതന്നെയാണ് തിരുസ്സഭയെ തെറ്റായി ചിത്രീകരിക്കുന്ന രംഗങ്ങൾ സിനിമകളിലും മറ്റുമായി വ്യാപകമായി തിരുകിക്കയറ്റുന്നത്. ക്രിസ്ത്യാനിയെന്നു സ്വയം വിളിക്കുമ്പോഴും ഈ കപടപുരോഗമനചിന്തകളുമായി കഴിയുന്നവർ നിരവധിയാണ്. തിരിച്ചറിയുക, സഭ ഈശോയുടെ ശരീരമാണ്. സഭയുടെ പഠനങ്ങൾ പരിശുദ്ധാത്മാവിനാൽ പ്രചോദിതമാണ്. പ്രാർത്ഥനയോടും വ്യക്തതയോടും കൂടി ധാർമികമൂല്യങ്ങളെ നമുക്കു മുറുകെപ്പിടിക്കാം. ■

# വൃദ്ധസദനം



കാത്തിരിപ്പിന്റെ ഇടവേളകളിലിന്നും
അവർ നിങ്ങളെ കാത്തിരിക്കുന്നു...
ഓർമകളുടെ സഞ്ചാരവേളയിൽ
അവ വിങ്ങലുകളാകുന്നു...
പേനരിക്കുമെന്നവർ തലയിൽ വച്ചാൽ..
ഉറുമ്പരിക്കുമെന്നവർ തറയിൽ വച്ചാൽ..
എന്നിട്ടും നിങ്ങൾ വെച്ചിന്നവരെ
വൃദ്ധസദനങ്ങളിൽ...!
ജനാലയുടെ ഇടനാഴികളിൽ
കാത്തിരുന്നു നനഞ്ഞ മിഴികൾക്കു പഞ്ഞമില്ല.
പള്ളിക്കുടത്തിന്നിടനാഴികളിൽ കാത്തിരുന്ന്
കരഞ്ഞനാളുകളിൽ കണ്ണീരൊപ്പിയ കൈകളിന്ന്
സദനങ്ങളുടെ ഇടനാഴികളിൽ വിറച്ചിരിക്കുന്നുവോ...?
വിത്തത്തിനായുള്ളോരോട്ടത്തിനിടയിൽ
രണ്ടതിയാപ്പറ്റുകളോ ഈ മാതാപിതാക്കൾ...?
ആയകാലമുള്ളോരോട്ടത്തിന്
ഊട്ടാൻ മറന്നുപോയ വിശപ്പിന്
ഉറക്കാൻ മറന്നുപോയ മയക്കത്തിന്
എന്തേ നന്ദിയില്ലേ മക്കളേ?
എന്തേ ഇന്നിങ്ങനൊരു കറുത്തകാലം
വിധിയുടെ വിളയാട്ടമോ
ഘടികാരമാറ്റത്തിനൊരടയാളമോ...?



അമീൻ നജീബ്
BA English
St. Thomas College
Pala

# എന്റെ വര



അപർണ കൃഷ്ണകുമാർ
Delhi Public School
Faridabad










# ഫോട്ടോ ഗാലറി

## സൂക്ഷ്മലോകത്തെ വിസ്മയക്കാഴ്ചകൾ
















ആദർശ് പി. ബിജു
BA English
St. Thomas College, Pala

# കോപം നാശത്തിലേക്കുള്ള വഴി





ഫിലിപ്പ് എസ്. വാളൂക്കാരൻ
BA English
St. Thomas College, Pala

ഒരു സന്ന്യാസിയോട് ഒരാൾ ചോദിച്ചു: സ്വാമീ, എന്തുകൊണ്ടാണ് ചില സജ്ജനങ്ങൾപോലും ചില സമയത്ത് ക്ഷിപ്രകോപികളും അക്രമകാരികളും ചീത്ത വാക്കുകൾ പറയുന്നവരുമായിത്തീരുന്നത്? സന്ന്യാസി അയാളെ സമീപത്തേക്കു വിളിച്ച് അയാളുടെ കൈയിലിരിക്കുന്ന ജലം നിറഞ്ഞ പാത്രത്തിൽ ചൂണ്ടി ചോദിച്ചു: ഒരാൾ വന്ന് ശരീരത്തിലിടിക്കുകയോ നിങ്ങളുടെ കൈയിൽ പിടിച്ചുലയ്ക്കുകയോ ചെയ്താൽ പാത്രത്തിലെ ജലം നിലത്തു വീഴില്ലേ എന്താ കാരണം?

അയാൾ നിഷ്കളങ്കമായി മറുപടി പറഞ്ഞു: അപരൻ എന്നെ വന്നിടിച്ചതിനാലും എന്റെ കൈയിൽ പിടിച്ചുകുലുക്കിയതിനാലുമാണ് പാത്രത്തിലെ ജലം താഴെ തൂവിപ്പോയത്.

സന്ന്യാസി പറഞ്ഞു: ഉത്തരം തെറ്റാണ്. നിങ്ങളുടെ കൈയിലെ പാത്രത്തിൽ ജലം ഉണ്ടായിരുന്നതിനാൽ മാത്രമാണ് അത് മണ്ണിൽ തൂവിപ്പോയത്. സന്ന്യാസി തുടർന്നു: ഒരുപക്ഷേ, നിങ്ങളുടെ പാത്രത്തിൽ പാലായിരുന്നെങ്കിൽ അതായിരിക്കും തൂവുക. അതായത്, എന്താണോ നിങ്ങളുടെ പാത്രത്തിനുള്ളിലുള്ളത് അതു മാത്രമേ തുളുമ്പി പുറത്തുപോവുകയുള്ളൂ. എത്ര ബാഹ്യസമ്മർദമുണ്ടായാലും നിങ്ങളുടെ കൈവശമുള്ള പാത്രത്തിലില്ലാത്തതൊന്നും തുളുമ്പി പുറത്തേക്കു പോവില്ല.

സന്ന്യാസി തുടർന്നു: ജീവിതം ഇതുപോലെയാണ്. ജീവിതത്തിൽ വലിയ സംഘർഷങ്ങളോ ഉലച്ചിലുകളോ സംഭവിക്കുമ്പോൾ എന്താണോ നിങ്ങൾക്കുള്ളിലുള്ളത് അത് സ്വാഭാവികമായും പുറത്തേക്കുവരും. എത്ര ബോധപൂർവം ശ്രമിച്ചാലും അപ്രകാരം സംഭവിച്ചേ പറ്റൂ.

അതിനാൽ, നാം സ്വയം ചോദിച്ചുനോക്കൂ, എന്റെ ജീവിതമാകുന്ന പാത്രത്തിൽ ഞാൻ എന്താണു സൂക്ഷിച്ചിട്ടുള്ളത്? എന്റെ ജീവിതത്തിലെ സമ്മർദങ്ങൾക്കിടയിലും പ്രയാസങ്ങൾക്കിടയിലും ഞാൻ എപ്രകാരമാണ് പ്രതികരിക്കുന്നത്, എന്താണ് എന്നിൽനിന്നു പുറത്തേക്കു വരുന്നത്? സന്തോഷം, സമാധാനം, കരുണ, മനുഷ്യത്വം, മഹത്തായ കാര്യങ്ങൾ. അതോ, ദേഷ്യം, ശത്രുത, പരുക്കൻ ഭാഷകൾ, മറ്റു കഠിനപ്രതികരണങ്ങൾ എന്നിവയാണോ? ■

ദളം നാല്






മോബിൻ മോഹൻ

# ഓമനപ്പേര്

**മു**റ്റത്തെ കിളിച്ചുണ്ടൻ മാവിന്റെ ചുവട്ടിൽ ഒറ്റയ്ക്കിരുന്ന് കുഞ്ഞുണ്ണി എന്തൊക്കെയോ കിണുങ്ങിപ്പറയുന്നത് ഉണ്ണീരിയമ്മ ഉമ്മറത്തിരുന്നു കണ്ടു.

"എന്താ കുട്ടി തനിച്ചിരിക്കുന്നത്, എവിടെ കൂട്ടുകാർ?"

ഉണ്ണീരിയമ്മയുടെ ചോദ്യം കേട്ടപാടെ കുഞ്ഞുണ്ണി അടുത്തേക്കു വന്നു.

"എന്നെ എല്ലാരും കുഞ്ഞുണ്ണീന്നാ ഉണ്ണിയമ്മേ വിളിക്കുന്നത്."

"അതിനെന്താ, അതല്ലേ നിന്റെ പേര്?"

"അല്ല, എന്റെ പേര് രോഹിത് എന്നല്ലേ?"

"അത് മോന്റെ സ്കൂളിലെ പേരല്ലേ."

"കുഞ്ഞുണ്ണീന്നുള്ള ആ ഓമനപ്പേര് എനിക്കിഷ്ടമല്ല ഉണ്ണിയമ്മേ."

"ഓ, അപ്പോ ഓമനപ്പേരാണു പ്രശ്നം."

ഉണ്ണീരിയമ്മ കുഞ്ഞുണ്ണിയെ അരികിലേക്കു വിളിച്ചു.

"കുഞ്ഞുണ്ണീ, നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്ക് കുട്ടിക്കാലത്ത് ഒരു ഓമനപ്പേര് ഉണ്ടായിരുന്നു. അറിയോ നിനക്ക്?"

കുഞ്ഞുണ്ണി തല ചൊറിഞ്ഞു. ഉണ്ണീരിയമ്മ തുടർന്നു:

"കരംചന്ദ് ഗാന്ധിയുടെയും പുത്‌ലിഭായിയുടെയും ആറു മക്കളിൽ ഇളയവനായ മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന നമ്മുടെ ഗാന്ധിജിയുടെ വിളിപ്പേര് മോനിയ എന്നായിരുന്നു."

കുഞ്ഞുണ്ണി അദ്ഭുതത്തോടെ കേട്ടിരുന്നു.

"നമ്മുടെ ദേശീയഗാനം എഴുതിയ രവീന്ദ്രനാഥ ടാഗോറിനെ അദ്ദേഹത്തിന്റെ വീട്ടുകാർ സ്നേഹത്തോടെ രവി എന്നാണു വിളിച്ചിരുന്നത്. സ്വാമി വിവേകാനന്ദന്റെ ബാല്യകാലത്തുള്ള പേര് നരേന്ദ്രൻ എന്നായിരുന്നു. അതു ചുരുക്കി നരേൻ എന്നാണു പ്രിയപ്പെട്ടവർ വിളിച്ചിരുന്നത്."

കൗതുകത്തോടെ കേട്ടുകൊണ്ടിരിക്കുന്ന കുഞ്ഞുണ്ണിയെ തലോടിക്കൊണ്ട് ഉണ്ണീരിയമ്മ തുടർന്നു:

"തീർന്നില്ല, ഝാൻസീറാണിയുടെ ഓമനപ്പേര് മനു എന്നായിരുന്നു. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ആരായിരുന്നുവെന്ന് നിനക്കറിയോ കുട്ടീ?"

"ഇ.എം.എസ്. നമ്പൂതിരിപ്പാട്."

ഉത്തരം പറഞ്ഞ് കുഞ്ഞുണ്ണി അല്പം ഞെളിഞ്ഞിരുന്നു.

'അതേ, ഏലംകുളം മനയിലെ ആ കൊച്ച് ഇ.എം.എസിന്റെ വിളിപ്പേര് കുഞ്ചു എന്നായിരുന്നു."

"ആണോ?"

"അതേ, നമ്മുടെ മഹാകവി കുമാരനാശാന്റെ ഓമനപ്പേരാകട്ടെ കുമാരു എന്നാണ്."

"ആഹാ, മഹാൻമാർക്കെല്ലാം ഓമനപ്പേരുണ്ടല്ലോ."

ഉണ്ണീരിയമ്മയെ നോക്കി ചിരിച്ചുകൊണ്ട് കുഞ്ഞുണ്ണി പറഞ്ഞു.

"മാത്രമല്ല, നവോത്ഥാനനായകൻ ചട്ടമ്പിസ്വാമികളെ ചെറുപ്പത്തിൽ കുഞ്ഞൻ എന്നാണു വിളിച്ചിരുന്നത്."

"സ്വാമികൾ കുഞ്ഞൻ, ഞാൻ കുഞ്ഞുണ്ണി."

കുഞ്ഞുണ്ണിക്കൊപ്പം ഉണ്ണീരിയമ്മയും കുലുങ്ങിച്ചിരിച്ചുകൊണ്ട് തുടർന്നു:

"മാതാപിതാക്കളുടെയും വീട്ടുകാരുടേയും വാത്സല്യവും കരുതലുമുണ്ട് ഒരോ ഓമനപ്പേരിനു പിന്നിലും. നാം മഹത്തായ കാര്യങ്ങൾ ചെയ്യുമ്പോൾ ലോകം നമ്മെ അറിയുന്നത് നമ്മുടെ ഔദ്യോഗികനാമത്തിലൂടെയാവും. ആ പേരിൽ ലോകം നമ്മെ അടയാളപ്പെടുത്തുമ്പോഴും നമ്മുടെ പ്രിയപ്പെട്ടവർക്ക് നാം പഴയ ഓമനപ്പേരുകാരനായിരിക്കും. കാരണം, ആ പേരിൽ വാത്സല്യത്തിന്റെ തലോടൽ ഉണ്ടാവും."

ഉണ്ണീരിയമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് കുഞ്ഞുണ്ണി പറഞ്ഞു: "ഞാൻ നിങ്ങളുടെയെല്ലാം പ്രിയപ്പെട്ട കുഞ്ഞുണ്ണിയല്ലേ ഉണ്ണിയമ്മേ. എനിക്ക് ആ പേര് ഇപ്പോൾ വലിയ ഇഷ്ടാ."

■

കഥ



കെ.ടി. മാത്യു

# കോമുവും കേശുവും

**കു**ഞ്ചനപ്പൂപ്പന്റെ പേരക്കിടാങ്ങളായിരുന്നു കോമുവും കേശുവും.

ഇളയവനായ കേശു പച്ചപ്പാവമായിരുന്നു! എന്നാൽ, മൂത്തവനായ കോമുവാകട്ടെ മഹാദുഷ്ടനും!

ഒരു ദിവസം കുഞ്ചനപ്പൂപ്പൻ കോമുവിനെയും കേശുവിനെയും അടുത്തു വിളിച്ചു പറഞ്ഞു: "അപ്പൂപ്പൻ കാശിക്കു പോവുകയാണു മക്കളേ... ചിലപ്പോൾ തിരിച്ചു വന്നില്ലെന്നും വരാം... അപ്പൂപ്പൻ പോയാൽ നിങ്ങൾ സ്നേഹത്തോടെ കഴിയണം."

കുഞ്ചനപ്പൂപ്പൻ രണ്ടുപേർക്കും ഓരോ സ്വർണമോതിരവും കൊടുത്തു. പിന്നെ ഓരോ മഷിപ്പേനയും!

കോമുവിനും കേശുവിനും സന്തോഷമായി.

കുഞ്ചനപ്പൂപ്പൻ പോയിക്കഴിഞ്ഞപ്പോൾ മൂത്തവനായ കോമു എന്തു ചെയ്തെന്നോ?

കേശു ഉറങ്ങുന്ന തക്കം നോക്കി അവന്റെ സ്വർണമോതിരം കട്ടെടുത്ത് നാടുവിട്ടോടി.

കേശു ഉറക്കമുണർന്നപ്പോൾ കോമുവിനെ കണ്ടില്ല. കേശുവിനു സങ്കടമായി.

കേശു വിഷമിച്ചിരിക്കുമ്പോൾ വീട്ടിലേക്ക് നല്ലവനായ ഒരു മന്ത്രവാദിയപ്പൂപ്പൻ കയറി വന്നു. കേശു നടന്നതെല്ലാം മന്ത്രവാദിയപ്പൂപ്പനോടു പറഞ്ഞു.

ഉടനെ മന്ത്രവാദിയപ്പൂപ്പൻ പൊക്കണത്തിൽനിന്ന് ഒരു മാന്ത്രികമോതിരമെടുത്ത് കേശുവിനു കൊടുത്തുകൊണ്ട് പറഞ്ഞു.

"മോനേ, കേശൂ, ഈ മാന്ത്രികമോതിരം വിരലിലിട്ടാൽ രാജകീയപദവികൾ നിന്നെത്തേടിയെത്തും. പിന്നെ കുഞ്ചനപ്പൂപ്പൻ തന്ന ആ മഷിപ്പേനയുണ്ടല്ലോ. ഒരു കാലത്തും അതിലെ മഷി വറ്റുകയുമില്ല." കേശുവിനെ അനുഗ്രഹിച്ച് മന്ത്രവാദിയപ്പൂപ്പൻ മറഞ്ഞു.

ഉടനെ കേശു മാന്ത്രികമോതിരം വിരലിലിട്ടു. എന്നിട്ട് മഷിപ്പേന കൈയിലെടുത്തു. പെട്ടെന്ന് മഷിപ്പേന കേശുവിനോട് സംസാരിക്കുവാൻ തുടങ്ങി. "മിടുമിടുക്കൻ കേശൂ, ദയവായി കുറെ വെള്ളക്കടലാസുകൾ കൊണ്ടുവരൂ. ഞാനതിൽ നിറയെ കഥകളെഴുതാം. ഇതുവരെ ആരും കേട്ടിട്ടില്ലാത്ത ചിരിപ്പിക്കുന്ന കഥകൾ!"

ഉടനെ കേശു ഒരു കെട്ട് വെള്ളക്കടലാസ് മേശപ്പുറത്ത് കൊണ്ടു വന്നു വച്ചു. അതിശയം! പെട്ടെന്ന് മഷിപ്പേന വെള്ളകടലാസിൽ കഥകളെഴുതുവാൻ തുടങ്ങി.



അങ്ങനെ കേശുവിന്റെ വീട്ടിൽ കഥകൾ നിറഞ്ഞു.

ഒരു ദിവസം കേശു ഒരു രാജകീയവിളംബരം കേട്ടു. "കൊട്ടാരത്തിൽ മഹാരാജാവിനെ കഥ പറഞ്ഞ് രസിപ്പിക്കുവാൻ ആളെ ആവശ്യമുണ്ട്."

ഉടനെ കേശു കൊട്ടാരത്തിൽ ചെന്ന് മഹാരാജാവിനെ മുഖം കാണിച്ചു. "നാം ഇതുവരെ കേൾക്കാത്ത രസകരമായ കഥകളാണു പറയേണ്ടത്. ഒരിക്കൽ പറഞ്ഞ കഥ വീണ്ടും പറഞ്ഞാൽ തല വെട്ടിക്കൊല്ലും." മഹാരാജാവിന്റെ അരുളപ്പാടു കേട്ടപ്പോൾ കേശുവിന് പേടിയായി.

എങ്കിലും അവൻ ധൈര്യം സംഭരിച്ച് കുഞ്ചനപ്പൂപ്പന്റെ മഷിപ്പേന എഴുതിയ പൊട്ടിച്ചിരിപ്പിക്കുന്ന കഥകൾ മഹാരാജാവിനോടു പറയുവാൻ തുടങ്ങി–

മഹാരാജാവിന് സന്തോഷമായി. അദ്ദേഹം കുലുങ്ങിച്ചിരിച്ചുകൊണ്ട് പറഞ്ഞു. "ഹായ്, ഇത്രയും രസകരമായ കഥകൾ എന്റെ ആയുസ്സിൽ കേട്ടിട്ടില്ലല്ലോ!" അദ്ദേഹം കേശുവിനെ കൊട്ടാരത്തിൽ പാർപ്പിക്കുവാൻ ഉത്തരവായി. മാത്രമല്ല, ദിവസവും കഥ പറഞ്ഞ് കഴിയുമ്പോൾ മഹാരാജാവ് കേശുവിന് ഓരോ സ്വർണമോതിരം സമ്മാനിക്കാനും തുടങ്ങി.

അങ്ങനെ കേശുവിന്റെ മുറിയിൽ സ്വർണമോതിരങ്ങൾ നിറഞ്ഞു. അപ്പോൾ അവൻ തന്റെ മോതിരം കട്ടെടുത്തോടിയ ജ്യേഷ്ഠൻ കോമുവിനെ ഓർമിച്ചു.

ഒരു ദിവസം കേശുവിന്റെ മുറിയിലതാ ഒരു പാമ്പ് പടമെടുത്തു നിൽക്കുന്നു! ഉടനെ കേശു പാമ്പിനെക്കൊല്ലാൻ വടിയെടുത്തു. അപ്പോൾ പാമ്പ് പറഞ്ഞു. "കേശൂ, ദയവായി എന്നെ കൊല്ലരുതേ... ഞാൻ നിന്റെ ജ്യേഷ്ഠൻ കോമുവാണ്. നാട്ടുവിട്ടോടിയ ഞാൻ ഒരിക്കലൊരു മന്ത്രവാദിയപ്പൂപ്പനെ അപമാനിച്ചു. അദ്ദേഹം എന്നെ ശപിച്ച് പാമ്പാക്കി മാറ്റി." അതു കേട്ടപ്പോൾ കേശുവിനു സങ്കടമായി.

അന്നു രാത്രി കേശു തനിക്ക് മാന്ത്രികമോതിരം സമ്മാനിച്ച മന്ത്രവാദിയൂപ്പപ്പനെ സ്വപ്നം കണ്ടു. മന്ത്രവാദിയപ്പൂപ്പൻ കേശുവിനോട് പറഞ്ഞു. "മോനേ കേശൂ, നിന്റെ വിരലിലെ മാന്ത്രികമോതിരംകൊണ്ട് ആ പാമ്പിന്റെ തലയിലൊന്നു തൊട്ടാൽ മതി. അപ്പോൾ നിന്റെ ജ്യേഷ്ഠന് പുനർജന്മം കിട്ടും!"

പിറ്റേന്ന് കേശു മന്ത്രവാദിയപ്പൂപ്പൻ പറഞ്ഞതുപോലെ ചെയ്തു. അതിശയം! മുന്നിലതാ കോമു!

കോമു പൊട്ടിക്കരഞ്ഞുകൊണ്ട് കേശുവിന്റെ കാൽക്കൽ വീണ് മാപ്പു ചോദിച്ചു. കേശു കോമുവിനു മാപ്പുകൊടുക്കുകയും മഹാരാജാവിന്റെ അനുവാദപ്രകാരം അവനെ കൊട്ടാരത്തിൽ താമസിപ്പിക്കുകയും ചെയ്തു.

പിന്നീട് കേശുവിനെ സ്നേഹിച്ചും സഹായിച്ചും കോമു നല്ലവനായി ജീവിച്ചു.

■



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# ഉറപ്പിച്ചുപറയൽ

ഉറയ്ക്കുക (ബലപ്പെടുക) എന്ന അകർമ്മകക്രിയയുടെ പ്രയോജകരൂപമാണ് ഉറപ്പിക്കുക എന്ന പദം. ഉറപ്പിക്കുന്നു (വർത്തമാനം), ഉറപ്പിച്ചു (ഭൂതം), ഉറപ്പിക്കും (ഭാവി) എന്നിങ്ങനെ കാലരൂപങ്ങളെ നിഷ്പാദിപ്പിക്കാം. ദൃഢപ്പെടുത്തുക, നിശ്ചയപ്പെടുത്തുക, തീർച്ചയാക്കുക, സ്ഥിരപ്പെടുത്തുക, തീരുമാനിക്കുക തുടങ്ങിയ വിവക്ഷിതങ്ങളിലാണ് ഉറപ്പിക്കുകയുടെ പ്രയോഗം. ഉറയ്ക്കുക, ക്ക് ചേർന്ന കാരിതക്രിയയാണ്. കാരിതക്രിയകളിൽ പ്പി ചേർക്കുമ്പോൾ കേവലമായ കാരിതക്രിയ പ്രയോജകക്രിയയാകുന്നു. "കാരിതത്തിൽ പ്പി' (കാരിക 22)* എന്നു കേരളപാണിനീയം. അങ്ങനെ ഉറയ്ക്കുക – ഉറപ്പിക്കുക എന്നായപ്പോൾ കാരിതം പ്രയോജകമായി എന്നു സാരം.

തറയുക (തുളഞ്ഞുകയറുക) എന്ന അകർമ്മകക്രിയയിൽനിന്ന് തറയ്ക്കുക എന്ന പ്രയോജകരൂപം ഉണ്ടാക്കാം. അടിച്ചുകയറ്റുക (ആണിയും മറ്റും) എന്ന അർത്ഥത്തിൽ സകർമ്മകക്രിയയായും മുള്ളു തറയ്ക്കുക മുതലായ പ്രയോഗങ്ങളിൽ അകർമ്മകക്രിയയായും തറയ്ക്കുക ഭാഷയിൽ ഉപയോഗിക്കുന്നു. തറപ്പിക്കുക എന്നൊരു പ്രയോജകശബ്ദവും നിലവിലുണ്ട്.

ഉറപ്പിക്കുക, തറപ്പിക്കുക (പ്രയോജകം) ഇവ തമ്മിലുള്ള ഈഷദ് വ്യത്യാസം മനസ്സിലാക്കാതെ രണ്ടും ഒന്നെന്ന മട്ടിൽ ഇപ്പോൾ പ്രയോഗിച്ചുവരുന്നു. ഇലക്ട്രീഷ്യനെക്കൊണ്ട് ഭിത്തിയിൽ ആണി തറപ്പിച്ചു എന്നു പറയാം. ഇവിടെ പ്രേരിപ്പിക്കാൻ ഒരാളും തറയ്ക്കാൻ മറ്റൊരാളും ഉണ്ട്. സ്വയം തറയ്ക്കുകയുമാകാം. അപ്പോൾ തറച്ചു എന്നു മതിയാകും. പറച്ചിലിനെ ഇവ്വിധം തറയ്ക്കാനോ തറപ്പിക്കാനോ ആവുമോ? പ്രസംഗകന് വാക്കും പൊരുളും ഉള്ളിൽ തറയുംവിധം അവതരിപ്പിക്കാൻ ഒരുപക്ഷേ, കഴിഞ്ഞേക്കാം. തറയ്ക്കാനും തറപ്പിക്കാനും പ്രസംഗകൻ തന്നെയല്ലേ ഉള്ളൂ! അതേസമയം, കേൾവിക്കാരന്റെ മനസ്സിൽ പതിയുംവിധം 'ഉറപ്പിച്ചു പറയുക' എന്നായാൽ ആശയം എളുപ്പം പിടികിട്ടും. ഉറപ്പിക്കലാണല്ലോ പ്രയോജകക്രിയയുടെ ഫലവും. "മുമ്പൊക്കെ 'ഉറപ്പിച്ചു പറയുക' ആയിരുന്നു. ഇപ്പോൾ 'തറപ്പിച്ചു പറയുന്നു'. ഏതു നേതാവിനും അനുയായികൾ ഉണ്ടല്ലോ. അപ്പോൾ സ്വയം തറയ്ക്കേണ്ട, തറപ്പിക്കാം. 'ഉള്ളിൽ തറയും വിധം' എന്നു പണ്ട് ആരോ പറഞ്ഞത് കഥയില്ലാത്തവരുടെ കൈയിൽതറപ്പിച്ചു പറയുക എന്ന് ആയതാണ്." ** കേൾവിക്കാരൻകൂടി അനുകൂലമായാലേ ആശയങ്ങൾ മനസ്സിൽ ഉറയ്ക്കൂ. അതിനു ശുദ്ധിയും ഭംഗിയുമുള്ള ഭാഷയാണ് സഹായകം.

*രാജരാജവർമ്മ, കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം – 230

** വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി.ബുക്സ്, കോട്ടയം, 1999, പുറം – 29, 30.

# ആരോഗ്യമുള്ള കുഞ്ഞിലുണ്ട് അമ്മയുടെ സ്നേഹമാധുര്യം



മേരി സെബാസ്റ്റ്യൻ

**മാ**തൃത്വത്തിലൂടെമാത്രം ലഭ്യമാകുന്ന മുലപ്പാൽ കുഞ്ഞുങ്ങൾക്കുള്ള സമ്പൂർണാഹാരമാണ്. എല്ലാ സസ്തനികൾക്കും പ്രകൃതി കനിഞ്ഞുനൽകുന്ന ഒരു വരദാനമാണിത്. അമ്മയുടെ ജീവരക്തമാണ് മുലപ്പാലായി പരിണമിക്കുന്നത്. ശിശു തന്റെ കുഞ്ഞിളം ചുണ്ടുകൾ പിളർത്തി അമ്മിഞ്ഞപ്പാൽ നുകരുമ്പോൾ അമ്മയ്ക്കും കുഞ്ഞിനും ലഭ്യമാകുന്ന ആനന്ദം അവാച്യംതന്നെ! സ്ത്രീ ഗർഭം ധരിക്കുകയും പ്രസവിക്കുകയും കുഞ്ഞിനെ പാലൂട്ടി വളർത്തുകയും ചെയ്യുമ്പോഴാണ് അവളുടെ ജീവിതം പൂവണിയുന്നതും ഫലദായകമാകുന്നതും.



വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം ആലേഖനം ചെയ്തിരിക്കുന്നു: "നിന്നെ അവൾ പാലൂട്ടുകയും എളിയിൽ എടുത്തുകൊണ്ടു നടക്കുകയും മടിയിലിരുത്തി ലാളിക്കുകയും ചെയ്യും'' (ഏശ. 66:12). ഒരുനാൾ യേശു ജനക്കൂട്ടത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" (ലൂക്കാ. 11:27).

മുലയൂട്ടുകയെന്നത് ദൈവം അമ്മമാരെ ഭരമേല്പിച്ചിരിക്കുന്ന ഒരു ദൗത്യമാണ്. അമ്മമാർ ദൈവത്തിന്റെ പകരക്കാരികളായി നിയോഗം ലഭിച്ചവരാണ്. അവർ ജീവനോട് ഏറ്റവും അടുത്തിരിക്കുന്നവരും ജീവന്റെ ഉറവിടമായ ദൈവത്തോടു സഹകരിക്കുന്നവരുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും അമ്മയും കുഞ്ഞും എന്ന യാഥാർത്ഥ്യത്തിൽ വിപ്ലവകരമായ മാറ്റത്തിന്റെ കാറ്റു വീശിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അമ്മയുടെ സാന്നിധ്യവും സാമീപ്യവും സംരക്ഷണവും കുഞ്ഞുങ്ങൾക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. നവജാതശിശുക്കളെപ്പോലും പെറ്റമ്മമാർ വധിക്കുന്ന എത്രയോ സംഭവങ്ങളാണ് മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത്! ആഗോളതലത്തിൽ അനുദിനം ലക്ഷക്കണക്കിനു കുഞ്ഞുങ്ങളാണ് അമ്മയുടെ ഉദരത്തിൽവച്ച് അതിക്രൂരമായി വധിക്കപ്പെടുന്നത്. മാതൃത്വത്തിന്റെ മഹനീയത മനഃപൂർവം മറന്നുകൊണ്ട് 'കുട്ടി വേണ്ടാ, പട്ടി മതി' എന്നു പറയുന്ന സ്ത്രീകളുടെയെണ്ണവും വർദ്ധിച്ചുവരുന്നു. ഇനി മറ്റുചില അമ്മമാർ തങ്ങളുടെ ആകാരഭംഗി കാത്തുസൂക്ഷിക്കാനും സ്വാർത്ഥതാത്പര്യങ്ങളെ സംരക്ഷിക്കാനുമായി പരിശുദ്ധവും പോഷകസമൃദ്ധവുമായ മുലപ്പാൽ തങ്ങളുടെ പൊന്നോമനകൾക്കു നിഷേധിക്കുന്ന പ്രവണതയും വിരളമല്ല.

വൈദ്യശാസ്ത്രം വിജയത്തിന്റെ നെറുകയിലെത്തിയിട്ടും മുലപ്പാലിനു തുല്യമായ മറ്റൊരു ശിശുഭക്ഷണവും നാളിതുവരെ കണ്ടെത്തിയിട്ടില്ല. മുലപ്പാലിൽ കുഞ്ഞിന്റെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും രോഗപ്രതിരോധശേഷിക്കും ബുദ്ധിവികാസത്തിനും ആവശ്യമായ പോഷകങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. സമീകൃതാഹാരത്തെ അവഗണിച്ചുകൊണ്ടാണ് മാതൃസ്നേഹം കുപ്പിപ്പാലിലൂടെ പകരുവാൻ തത്രപ്പെടുന്നത്.

ഉപഭോഗസംസ്കാരത്തിന്റെ പിറകേ പായുന്ന ആധുനിക 'മമ്മി'മാരുടെ മനഃശാസ്ത്രമറിയാവുന്ന കുത്തകക്കമ്പനികൾ തങ്ങളുടെ കീശ വീർപ്പിക്കാൻ പലതരം ബ്രാൻഡുകളുമായി വിപണികളിൽ സജീവമാണ്.

എന്നാൽ, ഈ ടിൻഫുഡിന്റെ ഉത്പാദനംമുതൽ ഉപയോഗംവരെയുള്ള വിവിധ ഘട്ടങ്ങളെക്കുറിച്ചു മനസ്സിലാക്കിയാൽ മനഃസാക്ഷിയുള്ള ഒരമ്മപോലും കുഞ്ഞിനു മുലപ്പാൽ നിഷേധിക്കുകയില്ല. മണവും നിറവും രുചിയും നിലനിർത്തി നാളുകളോളം കേടുകൂടാതിരിക്കുവാൻ രാസവസ്തുക്കളും ബേബിഫുഡുകളിൽ ചേർക്കുന്നുവെന്ന് ആരോഗ്യവിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. ഇത് കുഞ്ഞുങ്ങളുടെ മസ്തിഷ്കം, ദഹനേന്ദ്രിയങ്ങൾ തുടങ്ങിയ ആന്തരികാവയവങ്ങളെ മാരകമായി ബാധിക്കുന്നുവെന്നും ശിശുരോഗവിദഗ്ധർ വെളിപ്പെടുത്തിയിരിക്കുന്നു.

ആഗോളതലത്തിൽ ശിശുമരണനിരക്കും ശാരീരികമാനസിക വൈകല്യങ്ങളും വർദ്ധിച്ചുവരുന്നതായി ലോകാരോഗ്യസംഘടനയ്ക്ക് ബോധ്യപ്പെട്ടത് ഈ രംഗത്ത് ചില വഴിത്തിരിവുകൾക്കു കാരണമായി. അങ്ങനെയാണ് 1992 മുതൽ എല്ലാ വർഷവും ഓഗസ്റ്റ് ഒന്ന് മുലയൂട്ടൽദിനമായും ഒന്നുമുതൽ ഏഴുവരെ മുലയൂട്ടൽ വാരമായും ആചരിക്കാൻ ലോകാരോഗ്യസംഘടന തീരുമാനിച്ചത്.

കുഞ്ഞ് ജനിച്ചുകഴിഞ്ഞാലുടൻ, അതായത്, ഒരു മണിക്കൂറിനുള്ളിൽത്തന്നെ മുലയൂട്ടണമെന്നത് ലോകാരോഗ്യസംഘടന ശക്തമായി ശിപാർശ ചെയ്യുന്നു. ആറു മാസം മുലപ്പാൽ മാത്രമേ നൽകാവൂവെന്നും കുപ്പിപ്പാൽ ഒഴിവാക്കണമെന്നും ആറു മാസത്തിനുശേഷം പ്രകൃതിദത്തമായ ആഹാരത്തോടൊപ്പം രണ്ടു വയസ്സുവരെ മുലപ്പാൽ നൽകുന്നത് അത്യുത്തമമെന്നുമാണ് ശിശുരോഗവിദഗ്ധരുടെ നിർദേശങ്ങൾ. കുഞ്ഞും അമ്മയും തമ്മിലുള്ള ആത്മബന്ധം മുലയൂട്ടൽവഴി ദൃഢമായിത്തീരുന്നു.

കുഞ്ഞിന്റെ മാത്രമല്ല, അമ്മയുടെ ആരോഗ്യസംരക്ഷണവും മുലയൂട്ടൽ സാധ്യമാക്കുന്നു. സ്തനാർബുദം, ഗർഭാശയാർബുദം തുടങ്ങിയവ വരാനുള്ള സാധ്യത കുറയ്ക്കുന്നു. പ്രസവാനന്തരമുള്ള രക്തസ്രാവം നിയന്ത്രിക്കാനും ഗർഭാശയം പൂർവസ്ഥിതിയെ പ്രാപിക്കാനും അമ്മയ്ക്കുണ്ടാകുന്ന അമിതഭാരം കുറയ്ക്കാനും മുലയൂട്ടൽ സഹായകമാകുന്നു. അമ്മയുടെ ആരോഗ്യവും മുലപ്പാലിന്റെ ഉത്പാദനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ടുതന്നെയാണ് പണ്ടത്തെ ആളുകൾ ഗർഭകാലസംരക്ഷണവും പ്രസവാനന്തരശുശ്രൂഷയും നൽകി അമ്മയെയും കുഞ്ഞിനെയും പരിപാലിച്ചിരുന്നത്. ആയുർവേദവിധിപ്രകാരമുള്ള എണ്ണ, കുഴമ്പ്, കഷായം, അരിഷ്ടം, ലേഹ്യം തുടങ്ങിയവ പ്രസവരക്ഷയുടെ ഭാഗമായിരുന്നു. ഇന്നത്തെ സ്ത്രീകൾക്ക് ഇവയെല്ലാം അരോചകമായി മാറിയിരിക്കുന്നു. വനിതാശിശുക്ഷേമമന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇന്ത്യയിൽ ഒരുദിവസം ഇരുപതിനായിരത്തിലധികം നവജാതശിശുക്കളാണു മരിക്കുന്നത്. അമ്മയുടെ അനാരോഗ്യം കുഞ്ഞിന്റെ ജീവനു കനത്ത ഭീഷണിയാണ്.

ആരോഗ്യമുള്ള മാതാക്കളും കുഞ്ഞുങ്ങളും ഇന്നു ലോകം നേരിടുന്ന സമസ്തപ്രശ്നങ്ങൾക്കും ഒരുപരിധിവരെ പരിഹാരമാകും. ■

# അധഃകൃതർക്കായി ജീവൻ വെടിഞ്ഞ ധീരരക്തസാക്ഷി

■ ഡാലിയ

ആദിവാസിക്ഷേമത്തിനും അധഃകൃതരുടെ ഉന്നമനത്തിനുമായി സ്വജീവിതം മാറ്റിവച്ച ഒരു മിഷനറിവൈദികനായിരുന്നു ഫാ. ജയിംസ് കോട്ടായിൽ എസ്.ജെ. അമ്പത്തിനാലുവർഷംമുമ്പ് ജൂലായ് 16 ന് കർമലമാതാവിന്റെ തിരുനാൾ ദിനത്തിൽ ക്രൈസ്തവവിശ്വാസസംരക്ഷണത്തിനുവേണ്ടി ഫാ. ജെയിംസ് കോട്ടായിൽ രക്തസാക്ഷിയായി.

പാലാ രൂപതയിലെ കടുത്തുരുത്തിക്കടുത്തുള്ള തുരുത്തിപ്പള്ളി ഇടവകയിൽ കോട്ടായിൽ വീട്ടിൽ ചാക്കോ-മറിയം ദമ്പതികളുടെ മകനായി 1915 നവംബർ 15 ന് ഫാദർ ജയിംസ് കോട്ടായിൽ ജനി



ഫാ. ജയിംസ് കോട്ടായിൽ എസ്. ജെ.

ച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 21-ാംവയസ്സിൽ ജസ്യൂട്ട് സന്ന്യാസസഭയിൽ വൈദികാർത്ഥിയായി ചേർന്നു. 1948 നവംബർ 11 ന് പൗരോഹിത്യം സ്വീകരിച്ച ജയിംസച്ചൻ ആദിവാസികളുടെയും അധഃകൃതരുടെയുമിടയിലുള്ള സേവനത്തിനാണ് നിയോഗിക്കപ്പെട്ടത്. ഇന്നത്തെ ഝാർഖണ്ഡിലെ റാഞ്ചിയിൽനിന്ന് 25 കി.മീ. അകലെയുള്ള, വികസനം തൊട്ടുതീണ്ടാത്ത നവാടാൺ എന്ന ഗ്രാമമായിരുന്നു ജയിംസച്ചന്റെ കർമമണ്ഡലം.

ഒരു പ്രൈമറിസ്കൂൾ മാത്രമായിരുന്നു ആധുനികതയുടെയും വികസനത്തിന്റെയും സൂചികയായി അവിടെയുണ്ടായിരുന്നത്. അതാകട്ടെ, ഉയർന്ന ജാതിക്കാർക്കു മാത്രമുള്ളതും. ജാതിയുടെ അടിസ്ഥാനത്തിൽ വിഭജിതമായ തൊഴിലുകൾ ഒരിക്കലും ജനങ്ങളെ പട്ടിണിയിൽനിന്നു മോചിപ്പിച്ചില്ല. കൊള്ളപ്പലിശയ്ക്കു പണം കടംകൊടുക്കുന്ന ജന്മിമാർ സാധുജനങ്ങളെ നിരന്തരം ചൂഷണം ചെയ്തുപോന്നു. അരക്ഷിതരും ദരിദ്രരും നിസ്സഹായരുമായിരുന്ന ഒരു ജനതയുടെ ഇടയിലേക്കാണ് ജയിംസച്ചൻ ക്രിസ്തുനാഥന്റെ സ്നേഹസന്ദേശവുമായി ഇറങ്ങിച്ചെന്നത്.

ജനങ്ങളുടെ സാമ്പത്തികോന്നതിക്കായി ജയിംസച്ചൻ സഹകരണപ്രസ്ഥാനങ്ങൾ ആരംഭിച്ചു. പാവപ്പെട്ടവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി അച്ചൻ സ്കൂളുകൾ തുടങ്ങി. ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു. ഈ പ്രവർത്തനങ്ങളെല്ലാം ജയിംസച്ചനെ ജന്മിമാരുടെ കണ്ണിലെ കരടാക്കി മാറ്റി.

ജയിംസച്ചന്റെ ദീനാനുകമ്പ നന്നായി അറിയാമായിരുന്ന ജന്മിമാർ അതുതന്നെ അച്ചനെതിരേയുള്ള ആയുധമാക്കി. അവർ രണ്ടു വാടകക്കൊലയാളികളെ ഏർപ്പാടാക്കി. അച്ചന്റെയടുത്ത് സഹായം അഭ്യർത്ഥിച്ചുവന്നവരെന്ന വ്യാജേന ആ കൊലയാളികൾ അദ്ദേഹത്തിന്റെ ജീവനെടുത്തു. പാതിരാത്രിയിൽ മുറിയിൽനിന്നു വിളിച്ചിറക്കി കുത്തിമുറിവേല്പിക്കുകയായിരുന്നു. മൂന്നുദിവസത്തെ വേദനകൾക്കൊടുവിൽ ജയിംസച്ചൻ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു.

കേരളത്തിൽനിന്നുള്ള ആദ്യത്തെ മിഷനറിരക്തസാക്ഷിയാണ് ജയിംസച്ചൻ. അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലത്ത് റാഞ്ചി ബീഹാറിന്റെ ഭാഗമായിരുന്നു. ക്രൈസ്തവവിശ്വാസികളുടെ എണ്ണം തീരെ കുറവ്. ജയിംസച്ചന്റെ ചുടുനിണം വീണ റാഞ്ചി ഇന്ന് ക്രൈസ്തവവിശ്വാസത്തിന്റെ വേരുറപ്പുള്ള മണ്ണായി മാറി. അവിടെ അനുദിനം അനേകർ സത്യദൈവവിശ്വാസത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

ജയിംസച്ചന്റെ മാതൃ ഇടവകയായ തുരുത്തിപ്പള്ളി സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദേവാലയത്തിന്റെ ശതാബ്ദിയാഘോഷാവസരത്തിൽ പള്ളിയങ്കണത്തിൽ അച്ചന്റെ ഓർമയ്ക്കായി ഒരു കൽക്കുരിശ് സ്ഥാപിച്ചു. നിരാലംബർക്കും നിസ്സഹായർക്കുമായി ജീവിതം ഹോമിച്ച ഫാ. ജയിംസ് കോട്ടായിലിന്റെ സ്മരണ എന്നെന്നും നിലനിൽക്കും. ■



വിനായക് നിർമ്മലിന്റെ
പുതിയ നോവൽ ആരംഭിക്കുന്നു

# ഒരു കാറ്റുപോലെ

**കൃ**ത്യമായി ഓർമിച്ചെടുക്കാൻ കഴിയാത്തവിധത്തിലുള്ള ഒരു സ്വപ്നത്തിൽനിന്ന്, ആരോ വിളിച്ചുണർത്തിയതുപോലെയാണ് സ്മിത കണ്ണുകൾ തുറന്നത്. ഒരു നിമിഷം അവൾ അങ്ങനെതന്നെ കിടന്നു. താൻ എവിടെയാണെന്നും എന്താണെന്നും വേർതിരിച്ചെടുക്കാൻവേണ്ടിയുള്ള സമയമായിരുന്നു അത്.

തൊട്ടടുത്ത നിമിഷം ജനാലയുടെ ചില്ലുപാളികൾക്കപ്പുറം സൂര്യവെളിച്ചത്തിന്റെ സമൃദ്ധി അവൾ കണ്ടു. മുറിയിൽ പകൽപോലെ വെട്ടം. 'അയ്യോ' എന്നൊരു അടക്കിനിർത്തിയ വിളിയോടെ അവൾ കട്ടിലിൽനിന്നു ചാടിയെണീറ്റു. സ്മിത ജാലകപ്പടിയിൽ വച്ചിരുന്ന മൊബൈൽ കൈനീട്ടിയെടുത്തു. അഞ്ചു മണിക്കു വച്ചിരുന്ന അലാറം മുഴങ്ങിയിട്ടില്ലേ. സമയം ആറു മണി... എന്റെ ഈശോയേ... ഒരു മണിക്കൂർ ലേറ്റായിരിക്കുന്നു. അലാറം അടിച്ചത് താനെന്തേ അറിഞ്ഞില്ല? അവൾ പരിതപിച്ചു.

ഇരുവശങ്ങളിലേക്കായി അവൾ നോക്കി. ഭിത്തിയുടെ അരികിലായി കിടത്തിയിരുന്ന ഇളയകുട്ടി കട്ടിലിന്റെ ചുവട്ടിൽ വന്നു കിടക്കുന്നു. ഏഴു വയസുണ്ട് ബെഞ്ചമിന്. രണ്ടാം ക്ലാസ് വിദ്യാർത്ഥി. പക്ഷേ, അത്രയും വലിപ്പമൊന്നുമില്ല. മെല്ലിച്ച ശരീരപ്രകൃതിയാണ്. ഭക്ഷണം കഴിക്കുന്നതാണ് അവന്റെ ജീവിതത്തിലെ ഏറ്റവും ഇഷ്ടമില്ലാത്ത പ്രവൃത്തി. തൊട്ടടുത്തുതന്നെയാണ് പത്തുവയസുകാരി ദയയുടെ കിടപ്പും. അഞ്ചാം ക്ലാസുകാരി. പക്ഷേ, പ്രായത്തെക്കാൾ വളർച്ചയുണ്ട്. ഇഷ്ടമുള്ളതു കഴിക്കുമ്പോൾ വയർ അറിയാത്ത പ്രകൃതം. ഇഷ്ടമില്ലാത്തതിനോടാകട്ടെ ശത്രുവിനോടെന്നപോലെയും.

ഉറക്കത്തിൽ സ്ഥാനം തെറ്റിക്കിടന്ന അവളുടെ ഫ്രോക്ക് സ്മിത നേരേ വലിച്ചിട്ടു. സ്മിത മറ്റേവശത്തേക്കു മുഖംതിരിച്ചു നോക്കി. കമിഴ്ന്നുകിടന്നുറങ്ങുന്ന സനൽ. ഉറങ്ങട്ടെ. എല്ലാവരും സുഖമായി ഉറങ്ങട്ടെ. ഒരു വീട്ടമ്മയെ സംബന്ധിച്ച് മതിവരുവോളമുള്ള ഉറക്കം എല്ലായ്പ്പോഴും അസാധ്യമാണ്. പ്രത്യേകിച്ച് തന്നെപ്പോലെയുള്ള ഒരാൾക്ക്. ദീർഘനിശ്വാസത്തോടെ സ്മിത പുതപ്പു വലിച്ചുനീക്കി. കട്ടിലിലിരുന്നുതന്നെ മുടി വാരിക്കെട്ടി. ധൃതിയിൽ നെറ്റിയിലൊരു കുരിശുവരച്ചു. ഇന്ന് കാര്യം മുഴുവൻ കുഴഞ്ഞതുതന്നെ. സ്മിതയ്ക്ക് തീർച്ചയുണ്ടായിരുന്നു.

അവൾ അടുക്കളയിലേക്കോടി. ചോറിനുള്ള വെള്ളം വച്ചിട്ട് ബാത്ത് റൂമിൽ പോകാം. സാധാരണ ബാത്ത് റൂമിൽ പോയതിനു ശേഷമാണ് അടുക്കളയിലേക്കോടുന്നത്. ഇന്ന് ആ പതിവ് തെറ്റിക്കാം. സ്മിത തീരുമാനിച്ചു.

അല്ലെങ്കിലും സാഹചര്യത്തിനനുസരിച്ച് സ്വാഭാവികമായ കളും ഇങ്ങനെതന്നെയാണെന്നു തോന്നുന്നു. അപ്പോഴേക്കും കലത്തിൽനിന്ന് വെള്ളം നിറഞ്ഞ് പുറത്തേക്കൊഴുകിയിരുന്നു. സ്മിത ഓടിച്ചെന്ന് ടാപ്പ് പൂട്ടി. കലമെടുത്ത് സ്റ്റൗവിനു മീതേ വച്ചു. ലൈറ്റർ കത്തിച്ചു. സ്റ്റൗ കത്തിയില്ല.



ശാരീരികചോദനകൾ അടക്കിനിർത്താൻ പെണ്ണുങ്ങൾക്ക് ഒരു പ്രത്യേക കഴിവുണ്ടല്ലോ. ഒരു സ്വകാര്യഹോസ്പിറ്റലിലെ ഫാർമസിസ്റ്റാണ് സ്മിത. രാവിലെ എട്ടരയ്ക്കാണ് ഷിഫ്റ്റ് ആരംഭിക്കുന്നത്. അതിനുമുമ്പേ ആശുപത്രിയിലെത്തണം. ഈ ചുരുങ്ങിയ സമയംകൊണ്ട് എന്തെല്ലാം ചെയ്താലാണ്? ചോറു വയ്ക്കാനുള്ള പാത്രം ടാപ്പ് തുറന്ന് അതിന്റെ കീഴിലേക്കു വച്ചു. വെള്ളം നിറയാനുള്ള സമയംകൊണ്ട് ഫ്രിഡ്ജ് തുറന്നു.

കഴിഞ്ഞ ദിവസം ബാക്കിവന്ന കറികളെന്തെങ്കിലും ഫ്രിഡ്ജിൽ ഉണ്ടായിരുന്നെങ്കിൽ.. സ്മിത ആത്മാർത്ഥമായി ആഗ്രഹിച്ചു. മോരുകറി ഒരു പാത്രത്തിൽ അടച്ചുവച്ചിരിക്കുന്നത് അവൾ കണ്ടു. സ്മിതയ്ക്കു സന്തോഷമായി. വെജിറ്റബിൾസ് ട്രേയിൽനിന്ന് പ്ലാസ്റ്റിക്കവറിലാക്കി വച്ചിരുന്ന ചുവന്ന ചീര പുറത്തേക്കെടുത്തു. ചീരയും മോരുകറിയും. ഉച്ചയ്ക്ക് അതുമതി. കുട്ടികൾക്ക് മുട്ട പൊരിച്ചു കൊടുക്കാം. രണ്ടാളും പച്ചക്കറി കൈകൊണ്ടു തൊടില്ല. ഇറച്ചിയും മീനും മുട്ടയും മാത്രം. പുതിയ തലമുറയിലെ എല്ലാ കുട്ടികളും ഇങ്ങനെതന്നെയാണെന്നു തോന്നുന്നു.

സിലിണ്ടർ ഓഫാക്കിയിട്ടാണോ ഇന്നലെ കിടന്നത്? സ്മിത സംശയം തീർക്കാനായി കബോർഡ് തുറന്ന് ഉള്ളിലേക്കു നോക്കി. ഇല്ല, നോബ് തിരിച്ചു വച്ചിട്ടില്ല. വീണ്ടും ലൈറ്റർ കത്തിച്ചു, ഇല്ല ഇപ്പോഴും സ്റ്റൗ കത്തിയില്ല. ഈശോയേ, ഗ്യാസ് തീർന്നെന്നു തോന്നുന്നു. ആത്മഗതം കണക്കെ അതു പറഞ്ഞിട്ട് സ്മിത വീണ്ടും കബോർഡിനു നേർക്കു കുനിഞ്ഞു. അവൾ സിലിണ്ടർ കുലുക്കിനോക്കി. ഗ്യാസ് തീർന്നെന്ന് അവൾക്കു മനസ്സിലായി. സ്മിതയ്ക്ക് ശരിക്കും കരച്ചിൽ വന്നു. അവൾ തൊട്ടടുത്തുള്ള ഇൻഡക്ഷൻ കുക്കർ ഓൺ ചെയ്തു. ചോറുകലം അതിലേക്ക് എടുത്തുവച്ചിട്ട് തിടുക്കത്തിൽ ബെഡ്റൂമിലേക്കു ചെന്നു.

"സനൂ..." അവൾ സനലിനെ കുലുക്കിവിളിച്ചു. സനൽ അനങ്ങിയില്ല.

''എന്റെ സനൂ ഒന്നെണീക്കാൻ.'' സ്മിതയുടെ ശബ്ദം ഉയർന്നു.

"ആ സിലിണ്ടറൊന്ന് എടുത്തുതാ.. ഗ്യാസ് തീർന്നു. ഞാനിന്ന് ഉറങ്ങിപ്പോയി. നേരം ഒരുപാടായി." ഒറ്റവാക്കിൽ സ്മിത പലതും വിളിച്ചുപറഞ്ഞു.

"ഉറങ്ങാനും സമ്മതിക്കുകേലേ?" സനൽ കണ്ണുതുറക്കാതെ തിരിഞ്ഞുകിടന്ന് പിറുപിറുത്തു.

''മതിയുറങ്ങിയത്'' സ്മിതയുടെ ശബ്ദം ഉയർന്നു. "അല്ലെങ്കിൽ സിലിണ്ടർ എടുത്തുവച്ചിട്ട് വന്നുകിടന്ന് ഉറങ്ങിക്കോ."

"അവധിദിവസമായിട്ടും..." കണ്ണുപുളിച്ചിട്ടെന്നോണം സനൽ കട്ടിലിൽ എണീറ്റിരുന്നു. ഒരു കൈകൊണ്ട് ദീക്ഷ ചൊറിഞ്ഞു. മെല്ലിച്ച ശരീരപ്രകൃതിയാണ് സനലിന്റേത്. നല്ല ഉയരം. നല്ല നിറം. മുഖത്ത് ഒരു സാധുഭാവമുണ്ട്. ഒരു സ്വകാര്യസ്കൂളിൽ മലയാളം അധ്യാപകനാണ് അയാൾ.

നാല്പതുവയസ് കഴിഞ്ഞതുകൊണ്ട് ഗവൺമെന്റ് ജോലി എന്ന സ്വപ്നം സാക്ഷാത്കരിക്കാതെപോയ അനേകം നിർഭാഗ്യവാന്മാരിലൊരാൾ. അപ്പോഴാണ് ഇന്ന് അവധിദിവസമാണല്ലോയെന്ന് സ്മിതയ്ക്ക് ഓർമവന്നത്. അവൾക്കാശ്വാസം തോന്നി. ഇല്ലായിരുന്നെങ്കിൽ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ കുട്ടികളെ വിളിച്ചെണീപ്പിച്ചും റെഡിയാക്കിയും സ്കൂളിലേക്ക് അയയ്ക്കേണ്ടിവരുമായിരുന്നു.

"നേരം പോകുന്നു." സ്മിത വീണ്ടും അസ്വസ്ഥയായി. സനൽ മുണ്ടുമടക്കിയെണീറ്റു.

കബോർഡിൽനിന്നു ഫിൽ ചെയ്തു വച്ച സിലിണ്ടർ സനൽ പുറത്തേക്കെടുത്തുവച്ചു. സ്മിത പുതിയ സിലിണ്ടറിന്റെ സീൽ ചെയ്തുവച്ച ഭാഗം നീക്കി പഴയ സിലിണ്ടറിൽനിന്ന് റഗുലേറ്റർ വലിച്ചൂരി പുതിയ സിലിണ്ടറിലേക്കു ഘടിപ്പിച്ചു. സനൽ അത് നോക്കിനിന്നു. പതിനൊന്നു വർഷം പിന്നിട്ട ദാമ്പത്യജീവിതത്തിൽ ഇന്നുവരെ ഗ്യാസ് സിലിണ്ടർ മാറ്റുന്നതും ഘടിപ്പിക്കുന്നതും സ്മിതയുടെ ഡ്യൂട്ടിയാണ്. സനലിന് ഇന്നുവരെ അതിനുള്ള ധൈര്യം കിട്ടിയിട്ടില്ല. അയാൾക്ക് അത് അറിയുകയുമില്ല. താൻ സിലിണ്ടർ ഘടിപ്പിച്ചത് ശരിയാകാതെ വല്ല അപകടവും സംഭവിച്ചാലോ? അതാണ് അയാളുടെ ഭയം.

"എന്റെ സനൂ, ഇതൊക്കെ എല്ലാ വീട്ടിലും ആണുങ്ങളുടെ ജോലിയാ.. ഇവിടെ മാത്രം..." സ്മിത സിലിണ്ടർ മാറ്റുന്നതിനിടയിൽ പതിവുപോലെ തെല്ലു നീരസത്തോടെ പറഞ്ഞു.

"ഇനിയെങ്കിലും ഇതൊന്ന് ചെയ്തു പഠിക്ക്. ഒരു നേരം ഞാനിവിടെ ഇല്ലാതെ പോകുമ്പോഴേ ഇതിന്റെയൊക്കെ ബുദ്ധിമുട്ട് മനസ്സിലാകൂ. അപ്പോ അയൽക്കാരെ വിളിക്കേണ്ടിവരും. നാണക്കേടാ."

"അതിന് നീയെവിടെ പോകാൻ." സനൽ ചിരിച്ചുകൊണ്ട് പുതിയ സിലിണ്ടറിനു പുറമേ കുരിശുവരച്ചു അത് അവന്റെ വിശ്വാസമാണ്. ഇനി ദൈവം സിലിണ്ടറിനെ രക്ഷിച്ചോളും. അതു ശരിയാ. സ്മിത ലൈറ്റർ തെളിച്ചു.

"ഭാര്യയും അമ്മയുമായിക്കഴിഞ്ഞാൽ പെണ്ണുങ്ങൾക്ക് പിന്നെ കെട്ട്യോന്റെ വീട്ടിൽനിന്ന് രക്ഷയില്ലല്ലോ."

"കണ്ടോ കെട്ട്യോന്റെ വീട്.. അപ്പോ ഇതു നിന്റെ വീടല്ലേ? സനലിന് ദേഷ്യം വന്നു. കല്യാണം കഴിഞ്ഞുവന്നിട്ട് പത്തുപതിനൊന്നു വർഷമായിട്ടും പറയുന്നത് കേട്ടില്ലേ?"

"ഞാനത് വിട്ടു."

സ്മിത വാഗ്വാദത്തിൽനിന്ന് ഒഴിവായി. അപ്പോഴാണ് അതിനുമുമ്പ് സ്മിത പറഞ്ഞ പരാമർശം സനലിന്റെ ഓർമയിലെത്തിയത്.

"അല്ലെങ്കിൽ ഇപ്പോ എന്നാത്തിനാ നാണക്കേട്. ഈ ലോകത്ത് എല്ലാ മനുഷ്യർക്കും എല്ലാ കാര്യങ്ങളും അറിയാമോ? ഇല്ല. ല്ലോ മറ്റുള്ളവർക്ക് അറിഞ്ഞുകൂടാത്ത എന്തെല്ലാം കാര്യങ്ങൾ എനിക്കറിയാം. ശാർദൂലവിക്രീഡിതം? അതെന്താണെന്ന് നിനക്കറിയാമോ? മഞ്ജരിവൃത്തം ഏതാണെന്നു പറയാമോ.. ആഗമനസന്ധിയും ദ്വിതീയാക്ഷരപ്രാസവും അറിയാമോ?"

*ശേഷം 17-ാംപേജിൽ*




**ഓഗസ്റ്റ് 8**
**കൈത്താക്കാലം**
**അഞ്ചാം ഞായർ**



ലേവ്യ. 23:33 – 44
ഏശ. 28:14 – 22
2 കോറി. 12:14 – 21
ലൂക്കാ. 16:19 – 31

ഡോ. ജോസഫ് കരികുളം



# അകൽച്ചയുടെ ഗർത്തങ്ങളിൽ വീഴാതിരിക്കാൻ

**വ**ത്തിക്കാനിൽ സിസ്റ്റൈൻ കപ്പേളയുടെ മേൽത്തട്ടിലെ അർത്ഥസമ്പുഷ്ടങ്ങളായ അനേകം ചിത്രങ്ങളിലൊന്നാണ് മൈക്കലാഞ്ചലോയുടെ 'ആദത്തിന്റെ സൃഷ്ടി'. സ്രഷ്ടാവായ ദൈവത്തിന്റെയും സൃഷ്ടിക്കപ്പെടുന്ന ആദത്തിന്റെയും കൈകൾ തമ്മിൽ സ്പർശിച്ചിരിക്കുന്നുവെന്നു തോന്നാമെങ്കിലും, അങ്ങനെയല്ലെന്നു സൂക്ഷ്മനിരീക്ഷണത്തിൽ മനസ്സിലാകും. ദൈവത്തിന്റെയും മനുഷ്യന്റെയും വിരൽത്തുമ്പുകൾ തമ്മിലുള്ള ചെറിയ വിടവ് ദൈവം നൽകുന്ന ആത്മാവിന്റെ സാന്നിധ്യമായും മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്റെ അടയാളമായും മനസ്സിലാക്കാം. ഫലദായകമായ കൈത്താക്കാലത്തിന്റെ അഞ്ചാം ഞായറാഴ്ചത്തെ വായന ദൈവത്തോടും മനുഷ്യനോടുമുള്ള ബന്ധങ്ങളിലെ വിടവുകൾ നികത്താൻ നമ്മെ സഹായിക്കുന്നവയാണ്. അകൽച്ചകളുടെ ഗർത്തങ്ങളെ ഇല്ലാതാക്കി കരുണയും എളിമയും പരസ്പരസാഹോദര്യവും നിറഞ്ഞ ക്രൈസ്തവ ജീവിതം നയിക്കാൻ സഭാമാതാവു നമ്മെ ക്ഷണിക്കുന്നു.

ഗർത്തങ്ങൾ മുന്നോട്ടുള്ള പ്രയാണത്തിലെ തടസ്സങ്ങളാണ്. ആത്മീയജീവിതത്തിലും ഇത് യാഥാർത്ഥ്യംതന്നെയാണ്. ധനവാനും അബ്രാഹത്തിന്റെ മടിയിലിരിക്കുന്ന ലാസറിനും ഇടയിലുള്ള ഗർത്തത്തെക്കുറിച്ചാണ് സുവിശേഷം സൂചന നൽകുന്നത്. ആ ഗർത്തം സൃഷ്ടിക്കപ്പെടുന്നത് എങ്ങനെയെന്ന് വി. പൗലോസും അതിനെ എങ്ങനെ മറികടക്കാമെന്ന് ലേവ്യരുടെ പുസ്തകവും ഏശയ്യാപ്രവാചകനും നമ്മെ പഠിപ്പിക്കുന്നു.

'ആദത്തിന്റെ സൃഷ്ടി'യിൽ ദൈവത്തിന്റെയും ആദത്തിന്റെയും വിരലുകൾ തമ്മിലുള്ള അകൽച്ച സൂചിപ്പിക്കുന്നത് ജീവകൈമാറ്റം നടക്കുന്ന ദൈവാത്മാവ് നിറഞ്ഞ ഇടത്തെയാണ്. ദൈവത്തിന്റെ സൃഷ്ടിപരമായ ആത്മാവ്, മണ്ണിൽനിന്നു സൃഷ്ടിക്കപ്പെട്ട മനുഷ്യനിലേക്കു പ്രവഹിക്കുന്ന ചാലകമാണ് ആ ഇടം. എന്നാൽ, ദൈവാത്മാവിന്റെ പ്രവർത്തനം നടക്കുന്ന ഇടമല്ല ധനവാന്റെയും ലാസറിന്റെയും മധ്യത്തിൽ ഈ ലോകത്തിലുള്ള അകലം. ദൈവത്തോടും സഹജീവികളോടും തുറവുള്ള, ആത്മാവു നിറഞ്ഞ ഇടങ്ങളെ സൃഷ്ടിക്കാൻ ഈ ലോകത്തിൽ പരാജയപ്പെട്ടു എന്നതാണ് പരലോകത്തിൽ വലിയ ഗർത്തത്തിന്റെ നരകഭാഗത്തു ധനവാൻ ഇരിക്കാൻ കാരണം. വേദനയനുഭവിക്കുന്നവരെയും അവരുടെ സഹനത്തെയും ചേർത്തുനിർത്താൻ പരാജയപ്പെടുന്ന മനുഷ്യരാണ് ധനവാനിലൂടെ ചിത്രീകരിക്കപ്പെടുന്നത്.

ക്രൈസ്തവജീവിതം നയിക്കുന്നവർ വീഴാൻ സാധ്യതയുള്ള ഗർത്തങ്ങളെക്കുറിച്ച് പൗലോസ് ശ്ലീഹാ വ്യക്തമായ സൂചന നൽകുന്നുണ്ട് (2 കോറി. 12:20–21). ഇവിടെ രണ്ടു തരത്തിലുള്ള കുഴികളെക്കുറിച്ചാണ് ശ്ലീഹാ സൂചിപ്പിക്കുന്നത്. ഇരുപതാം വാക്യത്തിൽ മനുഷ്യർ തമ്മിലുള്ള ശരിയായ ബന്ധത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള അകൽച്ചകളെക്കുറിച്ചാണു കാണുന്നത്. കലഹം, അസൂയ, കോപം, മാത്സര്യം, അപവാദം, പരദൂഷണം, അഹന്ത, അസ്വസ്ഥത എന്നിവ മനുഷ്യർ തമ്മിലുള്ള ബന്ധം നഷ്ടപ്പെടുന്ന തരത്തിലുള്ള അഗാധമായ ഗർത്തം സൃഷ്ടിക്കുന്നു. അസൂയയും അഹന്തയുമൊക്കെ സഹോദരനെ നശിപ്പിക്കുന്ന പദ്ധതികൾ ഒരുക്കുന്നു. ഇത്തരം തിന്മകളാകുന്ന കുഴിയിൽ ചാടിയാൽ പരിഹരിക്കാനാവാത്തവിധം ബന്ധങ്ങൾ തകർന്നുപോകാം.

ഇരുപത്തൊന്നാം വാക്യത്തിൽ പൗലോസ് സൂചിപ്പിക്കുന്ന തിന്മകൾ സ്വശരീരത്തിനും ദൈവത്തിനുമെതിരായി മനുഷ്യർ ചെയ്യുന്നവയാണ്. അതിൽത്തന്നെ രണ്ടു തരമുണ്ട്: ഒന്ന്, അശുദ്ധിയിലും വ്യഭിചാരത്തിലും വിഷയാസക്തിയിലും ജീവിക്കുന്നവർ. അവർ ദൈവത്തോടുള്ള നല്ല ബന്ധം മുറിച്ച് അഗാധമായ ഗർത്തത്തിൽ വീണിരിക്കുന്നു. രണ്ടാമത്തെ കൂട്ടർ ഇപ്പറഞ്ഞ പാപങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുണ്ടായിട്ടും അതിനെക്കുറിച്ചു പശ്ചാത്തപിക്കാത്തവരാണ്. അവർക്കു പശ്ചാത്തപിക്കാൻ മറ്റൊരവസരം ഉണ്ടാകില്ലെന്നാണ് ഉപമയിലെ ധനവാന്റെ നരകത്തിൽനിന്നുള്ള ചോദ്യത്തിന് അബ്രാഹം നല്കുന്ന മറുപടിയിൽനിന്നു നാം മനസ്സിലാക്കേണ്ടത് (ലൂക്കാ. 16:16). ഇപ്രകാരം ചിന്തിക്കുമ്പോൾ ക്രിസ്തീയജീവിതത്തിന്റെ സൗന്ദര്യമായ സ്നേഹത്തിന്റെ, ദൈവമനുഷ്യബന്ധങ്ങൾ മുറിച്ച്, കരുതലില്ലായ്മയുടെ, അഹന്തയുടെ സ്വയം സൃഷ്ടിച്ച ഗർത്തത്തിലാണ് ധനവാൻ വീണുപോയതെന്നു മനസ്സിലാക്കാം.

വീണുപോയ ഗർത്തത്തിൽനിന്നു കരകയറാനുള്ള, പശ്ചാത്തപിക്കാനുള്ള അവസരം ഈ ലോകത്തിൽ മാത്രമേയുള്ളൂ എന്നു സൂചിപ്പിച്ചുകൊണ്ടാണ് ഈശോ ഉപമ അവസാനിപ്പിക്കുന്നത്. ദൈവം നമുക്കു നൽകിയിരിക്കുന്ന ആത്മീയായുധങ്ങളുടെ ശരിയായ ഉപയോഗമാണ് അകൽച്ചയുടെ ഗർത്തത്തിൽ വീഴാതിരിക്കാനും വീണുപോയാൽ ഉയിർത്തെഴുന്നേൽക്കാനുമുള്ള ഏക മാർഗം. ഈ മാർഗത്തിന്റെ ഏറ്റവും മനോഹരമായ ഉപയോഗമാണ് ലേവ്യരുടെ പുസ്തകത്തിൽ നാം കാണുന്നത്: "വർഷംതോറും ഏഴു ദിവസം കർത്താവിന്റെ തിരുനാളായി ആഘോഷിക്കണം... ഏഴു ദിവസത്തേക്കു നിങ്ങൾ കൂടാരങ്ങളിൽ വസിക്കണം" (ലേവ്യർ 23:41,42). എളിമയുടെയും ദൈവപരിപാലനയുടെയും പരസ്പരസാഹോദര്യത്തിന്റെയും മൂലക്കല്ലിൽ അടിസ്ഥാനമിട്ട് അകൽച്ചയുടെ ഗർത്തങ്ങളെ അതിജീവിക്കാനുള്ള കരുത്തു പകരുന്നതാണ് ദൈവം ഉദ്ദേശിച്ച കൂടാരവാസം. ഇസ്രായേൽജനം കാനാൻദേശത്തേക്കുള്ള യാത്രയിൽ കൂടാരങ്ങളിൽ വസിച്ചപ്പോൾ ദൈവപരിപാലന തിരിച്ചറിഞ്ഞു പരസ്പരസാഹോദര്യത്തോടെയാണു ജീവിച്ചത്. എന്നാൽ, അവർക്ക് അതിർത്തികൾ നിർണയിക്കപ്പെട്ട രാജ്യവും നല്ല വീടുകളും ലഭിച്ച് അഭിവൃദ്ധി ഉണ്ടാകുമ്പോൾ കലഹവും അസൂയയും അഹന്തയും ഉണ്ടാകുമെന്ന് ദൈവം മുൻകൂട്ടിക്കണ്ടു. ആ ഗർത്തത്തിൽ അവർ വീഴാതിരിക്കാനും വീണാൽ കരുണയുടെയും ദൈവതിരുമുമ്പിലുള്ള എളിമയുടെയും കൂടാരങ്ങളിൽ താമസിച്ചു തങ്ങളെത്തന്നെ വീണ്ടെടുക്കാനുമുള്ള അവസരമായിരുന്നു കൂടാരത്തിരുനാൾ.

ഗർത്തങ്ങളെ അതിജീവിക്കാനുള്ള രണ്ടാമത്തെ വഴി ഗർത്തത്തെ നികത്തുക എന്നതാണ്. ഒരു കുഴി നികത്താനുള്ള ഏറ്റവും നല്ല മാർഗം നല്ല കല്ലുകൾ നിക്ഷേപിക്കുന്നതാണ്. സൂക്ഷിച്ചില്ലെങ്കിൽ ആ കല്ലുകളുടെ ആകൃതിയില്ലായ്മ വീണ്ടും തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. അതിനാൽ, ചെത്തിമിനുക്കിയ ആകൃതിയൊത്ത കല്ലുകൾകൊണ്ടുവേണം കുഴികൾ നികത്താൻ.

**ദൈവവും സഹോദരരും തമ്മിലുള്ള ബന്ധത്തിലെ ഗർത്തങ്ങൾ നികത്തുന്ന ചെത്തിമിനുക്കിയതും അടിസ്ഥാനമുറപ്പിക്കുന്നതുമായ മൂലക്കല്ല് ഈശോമിശിഹായാണ്. പിതാവുമായുള്ള മനുഷ്യന്റെ അകൽച്ച ഇല്ലാതാക്കുന്നതും സഹോദരങ്ങളോടുള്ള കരുണയ്ക്ക് അടിസ്ഥാനമാകുന്നതും ഈ മൂലക്കല്ലാണ്.**

കെട്ടിടത്തിന്റെ അടിസ്ഥാനവും ഭൂമിയും തമ്മിലുള്ള ബന്ധമാണ് മൂലക്കല്ല്. മൂലക്കല്ല് കെട്ടിടത്തിന്റെ അടിസ്ഥാനത്തിനോ ഭൂമിയുടെ കിടപ്പിനോ തടസ്സമുണ്ടാക്കുന്നില്ല, കെട്ടിടത്തിനു ഭൂമിയോടുള്ള ബന്ധം ഉറപ്പിച്ചു നിർത്തുന്നു. അതുകൊണ്ടാണ് ഏശയ്യാ പറയുന്നത്, "അതിനാൽ, ദൈവമായ കർത്താവ് അരുൾ ചെയ്യുന്നു: "ഇതാ, ഞാൻ സീയോനിൽ ഒരു കല്ല്, അടിസ്ഥാനമായി ഇടുന്നു, വിലയുടെ മൂലക്കല്ല് ഉറപ്പുള്ള അടിസ്ഥാനമായി ഇട്ടിരിക്കുന്നു. വിശ്വസിക്കുന്നവൻ ചഞ്ചലചിത്തനാകുകയില്ല"(ഏശയ്യാ 28:16). ദൈവവും സഹോദരരും തമ്മിലുള്ള ബന്ധത്തിലെ ഗർത്തങ്ങൾ നികത്തുന്ന ചെത്തിമിനുക്കിയതും അടിസ്ഥാനമുറപ്പിക്കുന്നതുമായ മൂലക്കല്ല് ഈശോമിശിഹായാണ് (മത്താ. 21:42, റോമ. 9:32, 1 പത്രോ. 2:6). പിതാവുമായുള്ള മനുഷ്യന്റെ അകൽച്ച ഇല്ലാതാക്കുന്നതും സഹോദരങ്ങളോടുള്ള കരുണയ്ക്ക് അടിസ്ഥാനമാകുന്നതും ഈശോയാകുന്ന മൂലക്കല്ലാണ്. ഈ മൂലക്കല്ലിനെ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമാക്കി മാറ്റുമ്പോൾ ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ പരസ്പരവുമുള്ള അകൽച്ചകൾ അവന്റെ സഹനത്തിലും മരണത്തിലും ഇല്ലാതാകുന്നു. അകൽച്ചകളില്ലാത്ത സ്നേഹത്തിന്റെ സ്വർഗത്തിലേക്ക് അവന്റെ ഉത്ഥാനം നമ്മെ ക്ഷണിക്കുന്നു.

അകൽച്ചകൾ സൃഷ്ടിക്കപ്പെടുമ്പോൾ, തിന്മയുടെയും അസൂയയുടെയും ഗർത്തങ്ങളിൽ വീണുകഴിയുമ്പോൾ ഉണ്ടാകുന്ന വിടവുകളിൽ ആത്മാവിന്റെ നിറവില്ല എന്നത് വ്യക്തമാണല്ലോ. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൽ ജീവൻ നിറയ്ക്കുന്ന ആത്മാവിനെയാണ് മൈക്കലാഞ്ചലോ കണ്ടത്. ദൈവവുമായുള്ള ബന്ധത്തിൽ നിരന്തരം ഈശോയുടെ ആത്മാവ് നൽകുന്ന ജീവന്റെ നിറവ് സ്വീകരിക്കണം. അങ്ങനെ ക്രിസ്തീയജീവിതത്തെ ഇല്ലാതാക്കുന്ന തിന്മകളാകുന്ന സകല ഗർത്തങ്ങളെയും അതിജീവിച്ച് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ മനോഹരമായ കൂടാരങ്ങളിൽ വസിക്കാം.

# വൈകാരികതയുടെ അർത്ഥതലങ്ങൾ


**പ്രണയപാഠാവലി**



88

ഡോ. ആന്റണി ജോസ്

മഞ്ഞനീലാഞ്ചിതങ്ങളായ കല്പനകളിൽ അടയിരിക്കാൻ കൊതിക്കുന്ന ആൺകൂട്ടങ്ങൾക്കു തീർത്തും നിരാശ സമ്മാനിക്കുന്ന നിരീക്ഷണങ്ങളായിരുന്നു റോസ്മേരി ബാസൺ പുറത്തുവിട്ടത്. എന്താണ് സെക്സിന് സ്ത്രീയെ പ്രേരിപ്പിക്കുന്നത്? നീണ്ട പട്ടികതന്നെ അവതരിപ്പിക്കുന്നു. വൈകാരികമായ അടുപ്പം (emotional intimacy) സ്ഥാപിക്കുക, സ്നേഹവും പരിപാലനകളും പ്രകടിപ്പിക്കുക, പങ്കുവയ്ക്കൽ എന്ന ലക്ഷ്യത്തിനു വേണ്ടി ശാരീരികസന്തോഷം കൈമാറുക, പരസ്പരാകർഷണത്തെ ശക്തിപ്പെടുത്തുക, ഉത്തരവാദിത്വമുള്ളവരായിരിക്കാനുള്ള അഭിലാഷം നിറവേറ്റുക എന്നിങ്ങനെ നീളുന്ന ലിസ്റ്റിന്റെ അവസാനമാണ് 'ശാരീരികാവശ്യം' എന്ന വിഷയം പരാമർശിക്കപ്പെടുന്നത്! ഇക്കൂട്ടത്തിൽ പറയപ്പെട്ട വൈകാരിക അടുപ്പം, ഒരേ പങ്കാളിയുമൊത്ത് ദീർഘനാൾ ദാമ്പത്യ ജീവിതം നയിക്കുന്നതിന് അവളെ പ്രാപ്തയാക്കുന്ന ശക്തിസ്രോതസ്സാണത്രേ!




പരമ്പരാഗത ലൈംഗികപ്രതികരണ ചക്രം (മാസ്റ്റേഴ്സ്, ജോൺസൺ, കപ്ലാൻ) വിശദീകരിക്കുന്ന ക്രമം രതിമോഹത്തിൽനിന്നു തുടങ്ങുന്നു. പിന്നീടത് ഉദ്ദീപനം, ഉദ്ദീപനവൃദ്ധി, രതിമൂർച്ഛ എന്നീ ഘട്ടങ്ങളും കടന്ന്, ഒടുവിൽ റിസൊല്യൂഷനിൽ അവസാനിക്കുന്നു. ഇതിൽനിന്നു ഭിന്നമായി അവതരിക്കപ്പെട്ടത് 'വൈകാരിക അടുപ്പത്തെ, കേന്ദ്രമാക്കിയുള്ള ബദൽ മോഡലാണ്. സ്ത്രീ ലൈംഗികപ്രതികരണചക്രമെന്ന നിലയിൽ ഇതാണ് ഒന്നുകൂടി പ്രസക്തമെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. അതായത്, ഇന്ദ്രിയാനുഭൂതിക്കുമേൽ, വൈകാരിക അടുപ്പമെന്ന ലക്ഷ്യം കടന്നുവരുന്നു.

ഈ മോഡൽ അനുസരിച്ച് സ്ത്രീയുടെ ലൈംഗികാനുഭവം ഒരു നിർവികാരാവസ്ഥയിൽനിന്നാണ് (sexual nutrality) തുടങ്ങുന്നത്. അപ്പോൾ ലൈംഗികോത്തേജകങ്ങളായ ചോദകങ്ങളെ എങ്ങനെയാണ് ഉൾക്കൊള്ളാനാകുക? അതിനവൾക്കു വേണ്ടത്, സെക്സിന്റെ അന്തിമമായ ലക്ഷ്യം, 'വൈകാരികാടുപ്പം' ആയിരിക്കുമെന്നുള്ള ഉറപ്പാണ്. തന്റെ പങ്കാളിയിൽനിന്ന് ആ ഉറപ്പ് കിട്ടുമ്പോൾ ഉത്തേജകങ്ങളെ സഹർഷം സ്വീകരിക്കുകയോ ബോധപൂർവം കണ്ടെത്തുകയോ ചെയ്യുന്നു. അങ്ങനെ നിർവികാരാവസ്ഥ ഉദ്ദീപനത്തിനു വഴിമാറുന്നു (arousal). തുടർന്നാണ് രത്യാനുഭൂതി ലഭിക്കുവാനുള്ള താത്പര്യം (desire) ഉണ്ടാകുക.

പരമ്പരാഗത പുരുഷകേന്ദ്രീകൃതമോഡലുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് അവിശ്വസനീയമായി തോന്നാം. ആൺമനസ്സിന്റെ മാത്രം വിസ്മയമായി ഇതു മാറുന്നു എന്നതിൽ വാസ്തവവും ഫലിതവും ഒരുപോലെ അടങ്ങിയിരിക്കുന്നു.



റോസ്മേരി ബാസൺ

ഈ മോഡൽ വ്യക്തമായി മുന്നോട്ടു വയ്ക്കുന്ന കാര്യമിതാണ്: സ്ത്രീയിൽ രതികേന്ദ്രീകൃത ചിന്തകൾപോലും ആരംഭിക്കുന്നത് പ്രണയത്തിൽനിന്നാണ്. നിർവീര്യാവസ്ഥയ്ക്കും ഉദ്ദീപനത്തിനുംശേഷം താത്പര്യം ഉണ്ടാകുന്നു എന്നത് അവളുടെ ലൈംഗികതയുടെ അനന്യതയും ജീവശാസ്ത്രപരമായ അടിവരയിടലുമാണ്. പുരുഷൻ വിഭക്തപ്രണയത്തിന്റെയുംകൂടി വക്താവാകുമ്പോൾ, സ്ത്രീ അവിഭക്തപ്രണയത്തിന്റെ സ്ഥാനപതിയായിത്തന്നെ തുടരുന്നു! അവൾക്ക് പ്രണയവും സെക്സും രണ്ടല്ലതന്നെ.

ബദൽമോഡലിലേക്കു വീണ്ടും നോക്കാം. താത്പര്യത്തിന്റെ ഘട്ടം എത്തിച്ചേരേണ്ടത്, വൈകാരിക അടുപ്പത്തിലേക്കാണ്. ഇതിന് രണ്ടുവശങ്ങളുണ്ട് വൈകാരികസംതൃപ്തിയും ശാരീരികസംതൃപ്തിയും. വൈകാരികത നിറവണിയുന്നത് പ്രണയത്തിന്റെ പഞ്ചദളങ്ങളിലൂടെയാണ്. ശാരീരികസംതൃപ്തിയാകട്ടെ ശാരീരികബന്ധത്തിൽ ഉളവാകുന്ന അനുഭൂതിയിലൂടെയും. പുരുഷൻ ഇതേക്കുറിച്ചു വ്യക്തമായ ധാരണയുള്ളവനായിരിക്കണം. പൗരുഷമായ കാഴ്ചപ്പാടിൽ, വൈകാരികതയെ മാനിക്കാതെ പോകരുത്.

വൈകാരിക അടുപ്പം നേടുന്നതിൽ, ശാരീരിക വൈകാരിക തലങ്ങളിലെ പരാജയങ്ങൾ വിപരീതഫലമാണുണ്ടാക്കുക. രണ്ടും അവളെ സംബന്ധിച്ചിടത്തോളം, ഒഴിവാക്കാനാവാത്തതുതന്നെയാണ്. പങ്കാളിയുമായുള്ള ഏകീഭാവത്തിന് വേറിട്ടൊരു മാർഗവുമില്ല. കുടുംബജീവിതത്തിന്റെ സുസ്ഥിരതയ്ക്കും ഭദ്രതയ്ക്കും സെക്സ് അങ്ങനെ ദിശാനക്ഷത്രമാകുന്നു.

*(തുടരും)*

# ഒരു കാറ്റുപോലെ

*15-ാംപേജ് തുടർച്ച*

"പിന്നേ, ശാർദ്ദൂലവിക്രീഡിതം അറിഞ്ഞില്ലെങ്കിലും ശ്ലഥകാകളി വൃത്തത്തിൻ രണ്ടാംപാദത്തിൻ രണ്ടക്ഷരം കുറഞ്ഞീടിലത് മഞ്ജരിയായിടും എന്ന് അറിഞ്ഞില്ലെങ്കിലും ഈ ലോകത്തിൽ ഒരു ചുക്കും സംഭവിക്കുകേലാ. പക്ഷേ, അടുക്കളയിൽ കയറി ഒന്നും ചെയ്യാൻ അറിയില്ലെങ്കിൽ ദ്വിതീയാക്ഷരപ്രാസം പറയാൻ ജീവനുണ്ടാവില്ല."

"നീ ആളു കൊള്ളാമല്ലോ." തന്റെ ജാള്യം മറയ്ക്കാനായി സനൽ വേഗം കാലിയായ കുറ്റി കബോർഡിലേക്ക് തിരികെ വച്ചു. അപ്പോഴാണ് ഇൻഡക്ഷൻ കുക്കറിൽ വച്ചിരുന്ന പാത്രത്തിലെ വെള്ളം തിളച്ചുമറിയുന്നത് സനൽ കണ്ടത്.

"ഈ സാധനം ഉപയോഗിക്കണ്ടാ എന്ന് പല തവണ നിന്നോടു പറഞ്ഞിട്ടുള്ളതല്ലേ. കറന്റ് ബില്ല് എത്രയാ വരുന്നതെന്ന് വല്ല നിശ്ചയോം ഉണ്ടോ?" സനലിന് ദേഷ്യം വന്നു.

"ഓ, എന്നും ഇല്ലല്ലോ. ഗ്യാസ് തീർന്നിട്ടല്ലേ." സ്മിതയ്ക്ക് അത് ഇഷ്ടമായില്ല.

"പുകയില്ലാത്ത അടുപ്പ് ഉണ്ടാക്കിയിട്ടും ഒരു കാര്യവുമില്ല. അത് വെറുതെ കിടക്കുവാ. അമ്മച്ചി ആരോഗ്യത്തോടെ നടന്നിരുന്ന കാലത്ത് വിറകടുപ്പല്ലാതെ ഇവിടെ തീ പുകഞ്ഞിട്ടില്ല. നിനക്കു പറമ്പിലോട്ട് ചെന്ന് രണ്ടു ചുള്ളിക്കമ്പ് പെറുക്കാനൊന്നും സമയോം ഇല്ല. മനസ്സും ഇല്ല."

"ഇല്ല." അരി കഴുകുന്നതിനിടയിൽ സ്മിത സമ്മതിച്ചു.

"എനിക്ക് അമ്മച്ചിയെപ്പോലെ അടുപ്പിലൂതിയും കരിക്കലം കഴുകിയും ജീവിക്കാനൊന്നും മനസ്സില്ല. അല്ല, സാർ ഇന്ന് വീട്ടിലിരിക്കുന്ന ദിവസമല്ലേ പറമ്പീന്ന് കുറച്ചു വിറകും ചൂട്ടുമൊക്കെ പെറുക്കിവച്ചോ... എനിക്കു സമയം കിട്ടുന്ന ദിവസം തോന്നുവാണെങ്കിൽ വിറകടുപ്പിൽ പാചകം ചെയ്യാം."

"നിനക്കല്ലെങ്കിൽ എവിടെയാ സമയമുള്ളത്? നിന്റെയത്ര തിരക്ക് ചീഫ് മിനിസ്റ്റർക്കുപോലും കാണില്ല." സനൽ മുള്ളുവാക്കുപോലെ പറഞ്ഞു.

"രാവിലെ ഒന്നും രണ്ടും പറഞ്ഞ് എന്റെ മൂഡ് കളയാൻ തന്നെയാണോ സാറിന്റെ പ്ലാൻ?" എളിക്കു കൈകൾ കുത്തി സ്മിത ചോദിച്ചു. "പോയിക്കിടന്നോളാൻ ഞാൻ പറഞ്ഞതല്ലേ. അല്ലെങ്കിലും നിങ്ങൾ ആണുങ്ങൾക്ക് പെണ്ണുങ്ങൾ ചെയ്യുന്ന അടുക്കളപ്പണിക്ക് ഒരു വിലയും ഇല്ലല്ലോ. രാവും പകലും നോക്കാതെ അടുക്കളപ്പണിയും ചെയ്ത് ഓഫീസ് ജോലിയും ചെയ്ത് നടുവൊടിഞ്ഞു ജീവിക്കുന്നവരാ ഈ നാട്ടിലെ ഭൂരിപക്ഷം പെണ്ണുങ്ങളും. വീട്ടിലേക്കു സാധനം വാങ്ങിത്തരുന്നതല്ലാതെ അത് പാകം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടോ കഷ്ടപ്പാടോ നാലുനേരം കൈകഴുകി മേശയ്ക്കൽ വന്നിരിക്കുമ്പോ ഒരിക്കലെങ്കിലും നിങ്ങൾ ഓർക്കാറുണ്ടോ? ഒരു നേരമെങ്കിലും അടുക്കളയിൽ കയറി പണി ചെയ്യുമ്പോഴും രണ്ടുനേരം ഭക്ഷണം കിട്ടാതെ വരുമ്പോഴുമേ സനുവിനെപ്പോലെയുള്ള ഭർത്താക്കന്മാർക്ക് അതു മനസ്സിലാവൂ."

"ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ." സനൽ ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞാനുമൊരു ചുവരാ.. കിട്ടുന്ന ശമ്പളം നയാപ്പൈസ എടുക്കാതെ ഞാൻ സനുവിന്റെ കയ്യിലോട്ടു തന്നെയല്ലേ വച്ചു തരുന്നെ. എന്റെകൂടെ വർക്ക് ചെയ്യുന്നവരു പറയുന്നതു കേൾക്കണം. അവര് അവർക്കു വേണ്ടുന്നത് ചെലവാക്കിയിട്ട് ബാക്കിയുള്ളതേ ഹസ്ബന്റിനു കൊടുക്കൂ എന്ന്... അവരുടെയൊക്കെ ഭർത്താക്കന്മാര് അടുക്കളയിലും സഹായിക്കും. അല്ലാതെ സനുവിനെപ്പോലെ ഗ്യാസ് സിലിണ്ടർ മാറ്റാനും ഫ്യൂസ് കെട്ടാനുമൊന്നും അവര് ഭാര്യമാരെ വിളിക്കാറില്ല."

"എടീ മോളേ, അവരൊക്കെ ഫെമിനിസ്റ്റുകളാ..ആയിക്കോട്ടെ.. അയൽക്കാരന്റെ ഭാര്യ ഫെമിനിസ്റ്റാകുന്നത് എനിക്കിഷ്ടമാ. പക്ഷേ, എന്റെ ഭാര്യ എന്റെ ചൊല്പടിക്കു നില്ക്കുന്നതാ എനിക്കിഷ്ടം. കാരണം, എന്റെ അമ്മച്ചി അങ്ങനെയാ. ചാച്ചനോട് ഇന്നുവരെ കമാന്നൊരക്ഷരം എതിർത്തു സംസാരിച്ചിട്ടില്ല." സനൽ സ്നേഹപൂർവം പിന്നിൽനിന്ന് സ്മിതയെ തന്നോടു ചേർത്തണച്ചുപിടിച്ചു.

"ഈ അമ്മച്ചീം ചാച്ചനും കൂടിയാ സനുവിനെ ഇങ്ങനെ ഒന്നിനും കൊള്ളാത്തവനാക്കിയത്."

സ്മിത അവന്റെ കൈകൾക്കുള്ളിൽനിന്ന് അടക്കം പറഞ്ഞു. സനലിന്റെ മാതാപിതാക്കളായ ജോസഫിനും അന്നാമ്മയ്ക്കും വിവാഹം കഴിഞ്ഞ് ഏറെ വർഷങ്ങൾ കഴിഞ്ഞുണ്ടായ കുട്ടിയാണ് സനൽ. അവനു ശേഷം വേറേ കുഞ്ഞുങ്ങളുമുണ്ടായില്ല. അതുകൊണ്ട് പരിധിയിൽ കൂടുതൽ പരിഗണനയും അർഹിക്കുന്നതിലേറെ സ്നേഹവും നല്കിയാണ് അവർ അവനെ വളർത്തിയത്. ഒരു പണിയും അവനെക്കൊണ്ട് അവർ ചെയ്യിച്ചിട്ടുമില്ല. സൈക്കിൾ ചവിട്ടി നടക്കേണ്ട പ്രായത്തിൽ സൈക്കിൾ ചവിട്ടാൻ അവർ അവനെ അനുവദിച്ചിട്ടില്ല. അതുകൊണ്ടെന്താ, ഇന്നും സൈക്കിൾ ചവിട്ടാനോ സ്കൂട്ടറോടിക്കാനോ സനലിന് അറിയില്ല. പക്ഷേ സ്മിത ആക്ടീവ ഓടിച്ചാണ് ജോലിക്കു പോകുന്നത്. സനലിന് അത്യാവശ്യമുള്ള യാത്രകളിൽ അവളാണ് അവനെ സ്കൂട്ടറിനു പിന്നിലിരുത്തി സ്ഥലത്തെത്തിക്കുന്നതും. തന്റെ പിന്നിലിരുന്ന് സനൽ യാത്ര ചെയ്യുമ്പോഴെല്ലാം സ്മിത പറയാറുണ്ട്:

"എന്റെ സനൂ, എനിക്കു നാണക്കേട് തോന്നുന്നുണ്ട്. ഞാൻ സനുവിനെയും ബായ്ക്കിലിരുത്തി ഇങ്ങനെ സ്കൂട്ടറോടിച്ചു പോകുമ്പോൾ. മാത്രോല്ല, എനിക്ക് ആഗ്രഹം സനുവിന്റെ പിന്നിലിരുന്ന് യാത്രചെയ്യാനാ. അല്ലാതെ സനുവിനെ പിന്നിലിരുത്തി എനിക്ക് സ്കൂട്ടറോടിക്കാനല്ല. നാട്ടുകാരെന്തുവിചാരിക്കും?"

"നാട്ടുകാരെന്തു വിചാരിക്കാൻ?" സനൽ ചിരിക്കും. "നമ്മെ രണ്ടുകൂട്ടരെയും അറിഞ്ഞുകൂടാത്തവര് വിചാരിക്കും നിന്നെ സ്കൂട്ടറോടിക്കാൻ ഞാൻ പഠിപ്പിക്കുവാന്ന്. നമ്മളെ അറിയാവുന്നവർക്ക് പിന്നെ കാരണവും അറിയാമല്ലോ."

"എന്നാലും ഡ്രൈവിങ് പഠിക്കില്ലെന്നു വാശിയാ അല്ലേ. ഇതൊക്കെ ദയയ്ക്കുപോലും ചെയ്യാൻ പറ്റുന്ന കാര്യങ്ങളാ.. സനു മടിപിടിച്ചിരുന്നിട്ടാ..." സ്മിത അങ്ങനെ പലതും പറയും.

സനലിനെ വാശികയറ്റി ഡ്രൈവിങ് പഠിപ്പിക്കാൻ നോക്കിയിട്ടും സ്മിത തോറ്റതല്ലാതെ മറ്റൊരു ഫലവും ഉണ്ടായില്ല.

"നീ വല്ലതും പറഞ്ഞോ..." സനൽ അവളുടെ മുഖത്തേക്കു തന്റെ മുഖം അടുപ്പിച്ചു. "എന്നെ കൊള്ളിച്ച് എന്തെങ്കിലും പറഞ്ഞോ?"

അപ്പോഴേക്കും അടുത്ത മുറിയിൽനിന്ന് അന്നാമ്മയുടെ ശബ്ദം അടുക്കളയിലെത്തി.

"മോളേ സ്മിതേ, ചാച്ചന് കാപ്പി കിട്ടിയില്ലല്ലോ."

"കണ്ടോ, ഞാൻ എണീക്കാൻ ഇത്തിരി വൈകി. എല്ലാം താളം തെറ്റാനും തുടങ്ങി. എല്ലാറ്റിനും ഞാൻ വേണം." സനലിന്റെ കരം തട്ടിമാറ്റിക്കൊണ്ട് സ്മിത ചെന്ന് കാപ്പിപ്പാത്രമെടുത്തു.

അവൾ ഗ്യാസ് സ്റ്റൗവിലേക്കു പാത്രം വച്ചു.

"നീയല്ലാതെ പിന്നെ ഇവിടെ യാരാ ഉള്ളത്. വയ്യാതിരിക്കുന്ന അമ്മച്ചിക്കു വന്ന് കാപ്പിയിടാൻ പറ്റുമോ? ആവുന്ന കാലത്ത് നല്ലതുപോലെ കഷ്ടപ്പെട്ട ആളാ എന്റെ അമ്മച്ചി."

"സനുവിന് സനുവിന്റെ അമ്മച്ചീടെയെങ്കിലും കഷ്ടപ്പാടിനെക്കുറിച്ച് നല്ല ബോധ്യമുണ്ടല്ലോ. ഭാഗ്യം! എങ്കിൽ സാറൊരു കാര്യം ചെയ്യ്. ഇത് നമുക്കെല്ലാവർക്കുമുള്ള കട്ടൻകാപ്പിയാ. വെള്ളം തിളച്ചുകഴിയുമ്പോ പൊടിയിട്ട് വാങ്ങി പഞ്ചസാരയിട്ട് ചാച്ചനും അമ്മച്ചിക്കും കൊണ്ടുപോയി കൊടുക്കണം. ഞാനൊന്ന് ടോയ്ലറ്റിൽ പോയിട്ടുവരട്ടെ. എനിക്കുള്ളത് പാത്രത്തിൽതന്നെയിരുന്നോട്ടെ. ഇനി ഭാര്യയ്ക്ക് കാപ്പി ഊറ്റിക്കൊടുത്തതിന്റെ പേരിൽ എന്റെ കെട്ട്യോൻ പെങ്കോന്തനായിപ്പോകണ്ടാ."

"ഏയ്, എനിക്കറിയില്ല. അത് ശരിയാവില്ല. ഞാൻ വെറുതേ അടുക്കളയിൽ. അമ്മച്ചിയെങ്ങാനും അറിഞ്ഞാൽ നാണക്കേടാ." സനൽ പെട്ടെന്നുതന്നെ അടുക്കളയിൽനിന്നു രക്ഷപ്പെട്ടു. സ്മിത പല്ലിറുമ്മിക്കൊണ്ട് സ്വന്തം നെറ്റിക്കടിച്ചു.

"എങ്കിൽ പത്തുമിനിറ്റ് കഴിഞ്ഞ് അമ്മേം അപ്പനും മോനും കാപ്പി കുടിച്ചാൽ മതി. ഇങ്ങനെയുമുണ്ടോ ആണുങ്ങള്.."

സ്മിത വാശിയോടെ സ്റ്റൗ ഓഫാക്കി പാത്രം ഇറക്കിവച്ചതിനുശേഷം ടോയ്ലറ്റിലേക്കു പോയി. വരുന്നത് വരുന്നിടത്തു വച്ചു കാണാം. അവൾ തീരുമാനിച്ചു.

*(തുടരും)*

# ചതിയുടെ നേർക്കാഴ്ചകൾ



സിനിമ

ബിജോ രാജു ഗ്രേഷ്യസ്

**വ**ർത്തമാനകാലസിനിമാക്കാഴ്ചകളിൽ അവതരണംകൊണ്ടും പ്രമേയംകൊണ്ടും പ്രകടനംകൊണ്ടും വേറിട്ടുനിൽക്കുന്ന മികച്ച ഒരു കലാസൃഷ്ടിയാണ് ആന്റോ ജോസഫ് നിർമിച്ച് മഹേഷ് നാരായണൻ സംവിധാനം ചെയ്ത് ഒ.ടി.ടി. യിൽ മികച്ച റേറ്റിങ്ങിൽ മുന്നേറുന്ന മാലിക് എന്ന സിനിമ. അഭിനയകലയുടെ മികവുറ്റ ഭാവരസങ്ങൾ ഇമയാട്ടത്തിലൂടെ പോലും പകർന്നുനൽകുന്ന യുവനടൻ ഫഹദ് ഫാസിലാണ് ടൈറ്റിൽ കഥാപാത്രമായ മാലിക്കായി വരുന്നത്. മാലിക് എന്ന വാക്കിന്റെ അർത്ഥം ഒരു പ്രദേശത്തിന്റെ നായകൻ, ഒരു കമ്യൂണിറ്റിയുടെ നേതാവ്, ഉടമസ്ഥൻ എന്നൊക്കെയാണ്. ആ പേരിനെ അന്വർത്ഥമാക്കുന്ന കഥാപാത്രമാണ് ഫഹദിന്റേത്.

ആഭ്യന്തരവകുപ്പിന്റെ ഒരുവിധ ഇടപെടലുകളും അംഗീകരിക്കാത്ത ഒരു പ്രവിശ്യയും അവരെ സംരക്ഷിക്കാൻ ജീവിതാനുഭവങ്ങളുടെ മൂശയിൽനിന്നു കരുത്താർജിച്ച ഒരു നേതാവും അവരുടെ അത്തരം സ്വയംഭരണത്തിൽ അസ്വസ്ഥമാകുന്ന ഭരണസംവിധാനങ്ങളും ഇരുപക്ഷത്തിന്റെയും ന്യായാന്യായങ്ങളുമൊക്കെ ച്ചേരുന്ന ഒരു പൊളിറ്റിക്കൽ ക്രൈം ത്രില്ലർ സിനിമയാണ് മാലിക്. അടുത്തടുത്തു കിടക്കുന്ന രണ്ടു പ്രദേശങ്ങളുടെയും അവിടുത്തെ ഇസ്ലാം, ക്രിസ്തീയ ജനവിഭാഗങ്ങളുടെയും അവർക്കു പൊതുസമൂഹത്തോടും മറിച്ചുമുള്ള പ്രതികരണങ്ങളുമാണ് മാലിക്കിലെ പ്രധാനപ്രമേയം. കഥയിലെ നായകൻ അലിക്കാ എന്നു വിളിപ്പേരുള്ള സുലൈമാൻ മാലിക്കിനെ ചുറ്റിപ്പറ്റിയാണ് കഥ വികാസം കൊള്ളുന്നത്. 2009 കാലഘട്ടത്തിൽ കേരളത്തിൽ നടന്ന ഒരു പ്രധാന ദാരുണസംഭവവുമായി ഈ കഥയ്ക്കു ബന്ധമുള്ളതുകൊണ്ട് വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട ഒരു തീം തന്നെയായിരുന്നു ഇത്. അതിൽ തിരക്കഥാകൃത്ത് ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

സ്നേഹത്തോടും സാഹോദര്യത്തോടും സന്തോഷത്തോടുംകൂടി കഴിഞ്ഞിരുന്ന ആ രണ്ടു മതവിഭാഗങ്ങളിലെ നായകനടക്കമുള്ള ചെറുപ്പക്കാർ ജീവിതപ്രാരബ്ധങ്ങളിൽനിന്നു കരകയറാൻ മത്സ്യബന്ധനത്തോടൊപ്പം പല ജോലികളും ചെയ്തുപോരുന്നു, അന്യായമായ ചില ജോലികൾ വരെ. അവരുടെ സ്നേഹവും സാഹോദര്യവും മതപാരമ്പര്യങ്ങളുടെ ചിന്തകളെപ്പോലും കടപുഴക്കിയെറിയാൻ പോന്നതായിരുന്നു. അതിന് ഉത്തമദൃഷ്ടാന്തമാണ് സഹോദരിയെ വിവാഹം ചെയ്തയയ്ക്കാൻ നിവൃത്തിയില്ലാത്ത ഉറ്റചങ്ങാതി ഡേവിഡിനെ ആശ്വസിപ്പിച്ചുകൊണ്ട്, ആ പെൺകുട്ടിയെ സുലൈമാൻ മാലിക് വിവാഹം ചെയ്യുന്നതും മതസംഹിതകളുടെ മാമൂലുകളെ തകർത്തുകൊണ്ട് അവർ സന്തോഷമായി ജീവിക്കുന്നതും.

രാഷ്ട്രീയം പലപ്പോഴും നെറികേടുകളുടെയും ചതികളുടെയും ഒറ്റിക്കൊടുക്കലുകളുടെതുമാണെന്നു പറയാറുണ്ട്. രാഷ്ട്രീയജീവിതത്തിൽ വിജയിച്ചവരുടെ നിഗൂഢമായ വഴിത്താരകളിൽ ഇത്തരം ചില കഥകൾ അവർക്കു മറച്ചുപിടിക്കാനും കാണും. അത്തരം ചില നെറികേടുകളും ചതിക്കഥകളുമാണ് മഹേഷ് നാരായണൻ മാലിക്കിലൂടെ അനാവരണം ചെയ്യുന്നത്. ഭിന്നിപ്പിച്ചു ഭരിക്കുകയെന്നത് ഭരണക്കാരുടെ പൊതുവായ കുത്സിതതന്ത്രമാണ്. സാമ്പത്തികമായി വലിയ മേന്മകളൊന്നുമില്ലെങ്കിലും ഐക്യബോധത്തിന്റെ സംഘപ്രയാണം തുടരുന്ന വിവിധ മതസ്ഥരെ തമ്മിൽത്തല്ലിച്ചെങ്കിൽ മാത്രമേ രാഷ്ട്രീയമായ നേട്ടങ്ങൾക്ക് കളമൊരുങ്ങുകയുള്ളൂ. ഈ യാഥാർത്ഥ്യം പല രാഷ്ട്രീയനേതാക്കന്മാരും കാലാകാലങ്ങളായി ഇവിടെ പരീക്ഷിച്ചു വിജയിച്ചിരിക്കുന്ന ഒന്നാണ്.

ഒരു കാലത്ത് സുലൈമാൻ മാലിക്കിനൊപ്പം കടലിൽ മീൻ പിടിച്ച് ഉപജീവനമാർഗം കണ്ടെത്തിയ അബു പിൽക്കാലത്ത് എം.എൽ.എ. ആയി മാറുന്നു. ജാതിമതഭേദമെന്യേ തന്റെ നാടിന്റെ സമഗ്രവളർച്ചയ്ക്ക് അബുവിന്റെ പൂർണപിന്തുണ ആഗ്രഹിച്ച മാലിക്കിനെയും ഉറ്റചങ്ങാതിയും ഭാര്യാസഹോദരനുമായ ഡേവിഡിനെയും തമ്മിൽത്തെറ്റിച്ച്, മാലിക്കിന്റെ മകന്റെ ജീവനെടുത്തും, ആ തെറ്റിദ്ധാരണയും പകയും അവരുടെ കുടുംബങ്ങളിലേക്കും തലമുറകളിലേക്കും പകർന്നുകൊടുത്തും അബു പ്രേക്ഷകരിലേക്ക് പ്രതിനായകവേഷത്തിന്റെ തീവ്രഭാവങ്ങൾ പകരുന്നു. ജയിലിൽ വച്ച് മാലിക്കിനെ കൊല്ലാൻ പൊലീസിന്റെ സഹായത്തോടെ ഡേവിഡിന്റെ മകൻ ഫ്രെഡിയെ അബു ഏർപ്പാടാക്കുന്നു. എന്നാൽ, സത്യം തിരിച്ചറിഞ്ഞ ഫ്രെഡി ആ പാതകത്തിൽനിന്നു കുറ്റബോധത്തോടെ പിന്മാറുന്നു. എന്നാൽ, ഫ്രെഡിയെപ്പോലെ തീവ്രമായി തെറ്റിദ്ധരിപ്പിക്കപ്പെട്ട മറ്റൊരാൾ മാലിക്കിനെ



കൊല്ലുന്നു. തൊട്ടടുത്ത ദിവസം മതവിദ്വേഷം വിതറുമാറ് റമദാപ്പള്ളിയുടെ മുറ്റത്ത് അബു പ്രസംഗിക്കുമ്പോൾ ധാർമികരോഷം പൂണ്ട ഫ്രെഡി അബുവിന്റെ നെറ്റിയിലേക്ക് ഒരു കല്ല് വലിച്ചെറിയുന്നുണ്ട്. അത് അബുവിന്റെ നെറ്റിത്തടം കടന്ന് കക്ഷിരാഷ്ട്രീയത്തിന്റെ കപടതകളെ ഖദർകൊണ്ടു മറച്ച്, മതവെറി വിളമ്പി നേട്ടം കൊയ്ത്, കൂടുതൽ പേരെ വിഡ്ഢികളാക്കി, കൂടുതൽ പേരുടെ നേതാവായി കൗശലത്തോടെ ചിരിക്കുന്ന ഒരു പാട് രാഷ്ട്രീയനേതാക്കന്മാരുടെ നെഞ്ചിലും ഊക്കോടെ ചെന്നു പതിക്കുന്നുണ്ട്...! ആ കല്ലേറ് കലക്കി എന്നു പറയാതെ തരമില്ല.

വിനയ് ഫോർട്ട്, ദിലീഷ് പോത്തൻ, നിമിഷ സജയൻ, ജലജ എന്നിവർ ഉജ്ജ്വലമായ അഭിനയമാണ് ഇതിൽ കാഴ്ചവച്ചിരിക്കുന്നത്. ജോജു ജോർജ്, ഇന്ദ്രൻസ്, സലിംകുമാർ, ദിനേശ് പ്രഭാകർ, മാലാ പാർവ്വതി, സുധി കോപ്പ തുടങ്ങി വലിയ താരനിര മാലിക്കിൽ അണിനിരന്നിരിക്കുന്നു. സംവിധാനത്തിനു പുറമേ തിരക്കഥയും എഡിറ്റിങ്ങും നിർവഹിച്ചിരിക്കുന്നത് മഹേഷ് നാരായണനാണ്. സനു ജോൺ വർഗീസിന്റെ ഛായാഗ്രഹണവും സന്തോഷ് രാമന്റെ കലാസംവിധാനവും മികച്ചതുതന്നെ. അൻവർ അലി-സുനിൽ ശ്യാം ടീമിന്റേതാണ് ഗാനങ്ങൾ.

■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

■ മാത്യൂസ് ആർപ്പൂക്കര

## കാട്ടുപൂച്ച


**നാ**ടൻപൂച്ചകളുടെ കുടുംബക്കാരാണ് കാട്ടുപൂച്ചകൾ. കാട്ടുമാക്കാൻ എന്നും ഇതിനു വിളിപ്പേരുണ്ട്. ജങ്കിൾക്യാറ്റ് എന്ന് ഇംഗ്ലീഷിൽ പറയുന്നു. വളർത്തുപൂച്ചയ്ക്കു ശൗര്യവും അക്രമവാസനയും തീരെ കുറവായിരിക്കും. പക്ഷേ, കാട്ടുപൂച്ചകളുടെ കാര്യം തീർത്തും വ്യത്യസ്തം തന്നെ. നാടൻപൂച്ചയെക്കാൾ വലിപ്പവും ശൗര്യവും ഗാംഭീര്യവും കൂടുതലായിരിക്കും.

വനത്തിലെ കുറ്റിക്കാടുകളിലും പാറക്കൂട്ടത്തിലും കഴിയുന്ന കാട്ടുപൂച്ചയെ കേരളത്തിലെ ഒട്ടുമിക്ക കാടുകളിലും കാണാനാകും. മഞ്ഞ കലർന്ന ചാരനിറമാണ്. ശരീരത്തിൽ വരകളോ പുള്ളികളോ കണ്ടെന്നുവരും. മിക്കവാറും രാത്രിയിലാണ് സഞ്ചാരം. പകലും വേട്ടയ്ക്കിറങ്ങും. ഒറ്റയ്ക്കാണു സഞ്ചാരം.

കാട്ടുപൂച്ചയ്ക്ക് 60 സെ. മീറ്റർ വരെ നീളമുണ്ടാകും. 30 സെ. മീ. വരും വാലിന്റെ നീളം. അഞ്ചോ ആറോ കിലോഗ്രാം ഭാരമുണ്ടാകും. നീളമുള്ള കാലുകളാണ്. ഇവറ്റയുടെ പാദങ്ങൾ മൃദുവാണ്. ശബ്ദമില്ലാതെ നടക്കാൻ ഇത്തരം പാദങ്ങൾ സഹായകമാകുന്നു. വിരൽത്തുമ്പിലെ അറകളിലേക്ക് ഉൾവലിഞ്ഞിരിക്കുന്ന കൂർത്ത നഖങ്ങളും പല്ലുമുപയോഗിച്ച് ഇരയെ കടിച്ചുകീറുന്നു.

വേഗത്തിൽ ഓടാനും മരങ്ങളിൽ നിഷ്പ്രയാസം കയറാനും നിശ്ശബ്ദം ഇരയെ പിന്തുടർന്നു പിടികൂടാനും കാട്ടുപൂച്ചയ്ക്കു കഴിയുന്നു. പതിയിരുന്ന് ഇരയെ ആക്രമിക്കാനും ഓടിച്ചുപിടികൂടാനും സാമർത്ഥ്യമുണ്ട്. നേരിയ പ്രകാശത്തിൽപ്പോലും വ്യക്തമായി കാണാനാവുന്ന തീക്ഷ്ണമാർന്ന കണ്ണുകളാണ്. അതുപോലെതന്നെ ചെറുശബ്ദംപോലും കേൾക്കാനും മണം പിടിക്കാനുമുള്ള കഴിവ് കാട്ടുപൂച്ചകളെ കാട്ടിലെ വലിപ്പംകുറഞ്ഞ വേട്ടക്കാരിൽ മുൻനിരക്കാരാക്കുന്നു. പക്ഷികളും ചെറിയ സസ്തനികളും കാട്ടരുവികളിലെ മീനും മറ്റുമാണ് ആഹാരം.

ഒരു പ്രസവത്തിൽ അഞ്ചുവരെ കുഞ്ഞുങ്ങളുണ്ടായി ക്കാണുന്നു. കുഞ്ഞുങ്ങളുടെ കണ്ണുകൾ തുറക്കാൻ രണ്ടാഴ്ചയോളമെടുക്കും. കാട്ടുപൂച്ചകൾ ഹിമാലയൻ കാടുകളിൽവരെ കാണാറുണ്ട്. മ്യാൻമറിലും ശ്രീലങ്കയിലും ചൈനയുടെ ചില ഭാഗങ്ങളിലും ഇവ കാണപ്പെടുന്നുണ്ട്. കാട്ടുപൂച്ചയുടെ ശാസ്ത്രനാമം ഫെലിസ് ചായുസ് എന്നാണ്.



# ST. THOMAS COLLEGE, PALAI

ESTD: 1950

*(A College with Potential for Excellence, CPE-UGC)*

Arunapuram P.O. Kottayam (Dt), Kerala - Pin 686574

Ph: **04822-212316, 212317, 9447140859, Fax:04822-216313**

Email: principal.stc@gmail.com Web: www. stcp.ac.in

Affiliated to MG University, Kottayam

***NAAC Re-accredited with A++ grade with CGPA 3.56 in 2021***

**COURSES OFFERED ( 2021 - 2022 )** Admission as per M.G.University Guidelines

**DOCTORAL RESEARCH:** ***English, Hindi, Malayalam, Politics, Commerce, Mathematics, Statistics, Physics, Chemistry, Botany and Bio-Chemistry***

**POST GRADUATE STUDIES:** **M.A.-** *History, Economics, English, Hindi, Malayalam & Politics*
**M.Sc.-** *Botany, Chemistry, Mathematics, Physics, Statistics and* **M.Com** *Regular*

**SELF-FINANCING STREAM:** **M.Sc.-***Biotechnology, M.Sc. Applied Microbiology*
**M.Sc.-** *Biostatistics (Eligibilty: Any B.Sc. with 55%)*

**UNDER GRADUATE STUDIES:** ***B.A.-*** *Economics, English Language & Literature, Malayalam, Politics, History with Archaeology & Museology,*
**B.Sc.-** *Botany, Chemistry, Mathematics, Physics, Zoology.*
**B.Com.-** *(Finance & Taxation)*
**B.S.M.-** *Batchelor of Sports Management*

**SELF-FINANCING STREAM:** *(For Boys and Girls)* **B.A.-** *English Literature, Communication & Journalism Model III (Triple Main)*
**B.C.A., B.Com.** *(Computer Applications)*
**B.Voc.** *(1) Sustainable Agriculture (2) Food Processing Technology (3) Printing Technology*

**EXCELLENT LIBRARY** (150 Journals & 100000 books) **and Labs** ● **Computer Labs with Internet Facility** ● **INFLIBNET with 4000 E-Journals** ● **Sports Facilities with Indoor Stadium, Gymnasium and Swimming Pool** ● **First-rate Hostels For Boys & Girls.**

**Career Prospectus:** *Campus Interviews, Placement Cell, Field Surveys, On the Job Training, UGC Sponsored Add-on Certificate Courses, Special Training in Computer Applications, Personality and Skill Development Programmes.*

Principal



# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും








**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

**907 264 7007**
**907 264 7008**

Deepanalam Weekly

RNI No : 16998/68
Vol. 54 No. 18 Date of Publication 29 July 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

Established in 1995

# CHERPUNKAL B V M HOLY CROSS COLLEGE

Cherpunkal P.O, Pala, Kottayam Dt., Kerala - 686 584
Ph: 04822 268343 (Principal) 04822 267520 (Office)
Email : bvmhcc@gmail.com | website: www.bvmcollege.com

## B.Sc Mathematics with Computer Science & Statistics

Silver Jubilee scholarship for 10 lakhs
₹ 18000 to each Student
Course fee ₹ 1000 per month
Campus placement with basic salary ₹ 25000

Admission Helpline
944-777-6741
944-664-0157

BSc Mathematics Placement



Irene Elezabeth Biju, WIPRO
Aleena Jojo, Infosys,CSB Bank
Mehna Susan Chacko, C T S, Infosys
Aparna P Shibu, Infosys
Rosin Jimmy, Infosys
Jobin Philip, Infosys

### U G Programmes

- B A Multimedia
- B A Visual Communication
- B S W
- B Com Computer Application
- B Com Finance & Taxation
- B C A

### P G Programmes

- M Sc Computer Science
- M Sc Mathematics
- M Com Finance & Taxation
- MSW

Consistent academic track record with university ranks, Hostel for Girls & Boys, Excellent Placement records

Training Tie up with IPSR Solutions, The Walnut, etc



# അഡ്മിഷൻ തുടരുന്നു

+2 SCIENCE COMMERCE HUMANITIES

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Hindi TTC - U.P. School, High School
Regular, Postal & Holiday Classes

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

- +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം
- എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട്
- തുടർന്നു പഠിക്കാം
- ലളിതമായ സിലബസ്
- 5 വിഷയങ്ങൾ പഠിച്ചാൽ മതി
- 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

32 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി.ഒ., പാലാ
Ph: 9495195739, 9495021259

+ 2 പരാജിതർക്ക് 3 വിഷയം മാത്രം

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org